കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-6) വകുപ്പ്

# സാമൂഹ്യനീതി വകുപ്പ്



## പ്രവൃത്തിപഠന റിപ്പോർട്ട്

2024

കേരള സർക്കാർ

# പ്രവൃത്തി പഠന റിപ്പോർട്ട്

# സാമൂഹ്യനീതി വകുപ്പ്

## 2024

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ.ആർ-6) വകുപ്പ്

# സാമൂഹ്യനീതി വകുപ്പ് - പ്രവൃത്തി പഠന റിപ്പോർട്ട്

| | |
|---|---|
| തയ്യാറാക്കിയത് | ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ.ആർ-6)വകുപ്പ് |
| പഠന സംഘം | ശ്രീ. കൃഷ്ണകുമാർ.എസ്, സെക്ഷൻ ഓഫീസർ<br>ശ്രീ. ഷിനോസ്. എസ്, അസി.സെക്ഷൻ ഓഫീസർ<br>ശ്രീ. ബാലചന്ദ്രൻ.ജി, അസി.സെക്ഷൻ ഓഫീസർ |
| മാർഗനിർദ്ദേശം നല്കിയത് | ശ്രീ . ഹരിലാൽ.ടി.എൻ, അണ്ടർ സെക്രട്ടറി<br>ശ്രീമതി. ഷൈനു.വി, അണ്ടർ സെക്രട്ടറി<br>ശ്രീ. അനിൽകുമാർ.സി, അഡീഷണൽ സെക്രട്ടറി |
| റിപ്പോർട്ട് അംഗീകരിച്ചത് | ശ്രീ.പുനീത് കുമാർ ഐ.എ.എസ്<br>അഡീഷണൽ ചീഫ് സെക്രട്ടറി,<br>ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് |

# ഉള്ളടക്കം


| അധ്യായം നമ്പർ | ശീർഷകം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1 - 5 |
| 2 | രീതിശാസ്ത്രം | 6 - 7 |
| 3 | സംഘടനാ അപഗ്രഥനം | 8 - 24 |
| 4 | വസ്തുതകളും അപഗ്രഥനവും | 25 - 59 |
| 5 | പൊതുശിപാർശകൾ | 60 - 62 |
| 6 | അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യത | 63 - 64 |
| 7 | ശിപാർശകളുടെ സംഗ്രഹം | 65 - 71 |
| | കൃതജ്ഞത | |
| | അനുബന്ധ സൂചിക | 73 |

# അധ്യായം - 1
# ആമുഖം

**1.1** ക്ഷേമരാഷ്ട്ര സങ്കല്പത്തെ അടിസ്ഥാനമാക്കി സമൂഹത്തിലെ അവശതയനുഭവിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും നീതി ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് രൂപീകൃതമായത്. 1975 സെപ്റ്റംബർ 9 മുതലാണ് വകുപ്പ് പ്രവർത്തനമാരംഭിച്ചത്. ജയിൽ ഐ.ജിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന പ്രൊബേഷൻ സംവിധാനം, അനാഥാലയങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്ന പദ്ധതികൾ, അഗതി പരിപാലന പദ്ധതി (Programme for the care of the Destitute), ക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പ്, വനിതാക്ഷേമം, ശിശുക്ഷേമം, ഭിന്നശേഷിയുള്ളവരുടെ ക്ഷേമം, പ്രത്യേക പോഷകാഹാര പരിപാടി (Special Nutrition Programme) എന്നിവ ഒന്നിച്ചു ചേർത്താണ് പുതിയ വകുപ്പിന് സർക്കാർ രൂപം നൽകിയത്.

**1.2** മഹിളാ മന്ദിരങ്ങൾ, റസ്ക്യൂ ഹോമുകൾ, തുടർ ശ്രദ്ധാ കേന്ദ്രങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികളുടെ സംരക്ഷണ പുനരധിവാസ ഭവനങ്ങൾ, വനിതാ ഹോസ്റ്റലുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വൃദ്ധ സദനങ്ങൾ, ജയിൽ മോചിതരായവർക്കുള്ള തുടർ ശ്രദ്ധാ ഹോസ്റ്റലുകൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള വൃദ്ധസദനങ്ങൾ എന്നീ പ്രധാന സംവിധാനങ്ങളും സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭാഗമാവുകയുണ്ടായി. 1987-ൽ ബാലനീതി നിയമപ്രകാരമുള്ള സ്ഥാപനങ്ങൾ കൂടി സാമൂഹ്യക്ഷേമ വകുപ്പിന് കൈമാറ്റം ചെയ്യപ്പെട്ടു. 1975-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സംയോജിത ശിശുവികസന പദ്ധതിയാണ് (Integrated Child Development Scheme (ICDS)) വകുപ്പിനെ ജനകീയമാക്കുന്നതിനും ജനങ്ങളുമായി നേരിൽ ബന്ധിപ്പിക്കുന്നതിനും ഏറെ സഹായിച്ചത്.

**1.3** അന്തർദേശീയ ഉടമ്പടികളുടെ ഭാഗമായും അല്ലാതെയും രൂപം കൊണ്ട ഇന്ത്യൻ നിയമങ്ങളും സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. പ്രൊബേഷൻ നിയമം (1958), അനാഥാലയ നിയമം (1960), സ്ത്രീധന നിരോധന നിയമം (1961), അസാന്മാർഗ്ഗിക വ്യാപാര തടയൽ നിയമം (1986), ഭിന്നശേഷിയുള്ളവർക്കായുള്ള തുല്യാവകാശ നിയമം (1995), നാഷണൽ ട്രസ്റ്റ് നിയമം (1999), ഗാർഹിക പീഡനങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം (2005), ശൈശവ വിവാഹ നിരോധന നിയമം (2006), മാതാപിതാക്കളുടെയും മുതിർന്നവരുടെയും സംരക്ഷണവും ക്ഷേമവും നിയമം

(2007), കുട്ടികളെ ലൈംഗികാതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്ന നിയമം (2012), സ്ത്രീകളെ തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന നിയമം (2013), ബാലനീതി നിയമം (2015) മുതലായ ഓരോ നിയമങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിൽ ക്ലേശം അനുഭവിക്കുന്ന വിഭാഗക്കാരായ കുട്ടികൾ, കൗമാരപ്രായക്കാർ, സ്ത്രീകൾ, ട്രാൻസ്ജെൻഡേഴ്സ്, മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, മാനസികാരോഗ്യമില്ലാ-ത്തവർ, അഗതികൾ, നല്ലനടപ്പുകാർ, ജയിൽവിമുക്തരായവർ തുടങ്ങി വിവിധ വിഭാഗങ്ങളുടെ ക്ഷേമം, പരിരക്ഷ, വികസനം, അവകാശസംരക്ഷണം, പുനരധിവാസം എന്നിവക്കായി വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരികയുണ്ടായി.

**1.4** അവകാശാധിഷ്ഠിത (Right based) സമീപനം അംഗീകരിച്ചു കൊണ്ട് സാമൂഹ്യക്ഷേമ വകുപ്പിനെ സാമൂഹ്യനീതി വകുപ്പ് എന്ന് 2012-ൽ പുനർനാമകരണം ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുന്നതാണെന്ന് പതിനാലാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ബഹു.കേരള ഗവർണർ പ്രഖ്യാപിക്കുകയും തുടർന്ന് സർക്കാർ ഈ വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ.വി.എൻ.ജിതേന്ദ്രനെ നിയോഗിച്ച് ഉത്തരവാകുകയും ചെയ്തു. ശ്രീ.വി.എൻ.ജിതേന്ദ്രൻ 18.01.2017-ൽ റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചു കൊണ്ട് 30.06.2017-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**1.5** സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ചു കൊണ്ടാണ് വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചത്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം എന്നീ വിഷയങ്ങൾ വനിത-ശിശു വികസന വകുപ്പിന് കൈമാറുകയും മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, പ്രൊബേഷണേഴ്സ്, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർ, ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണവും കരുതലും ക്ഷേമവും പരിചരണവും പുനരധിവാസവും കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ്, സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (State Initiative on Disabilities), നോൺ-ഗവൺമെന്റൽ ഓർഗനൈസേഷൻസ് അക്രഡിറ്റേഷൻ പോളിസി തുടങ്ങിയ വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തുകയും ചെയ്തു.

**1.6** സാമൂഹ്യനീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികകളിൽ നിന്നും 535 തസ്തികകൾ വകുപ്പിൽ നിലനിർത്തുകയും ബാക്കി 3260 തസ്തികകളും പുതുതായി സൃഷ്ടിച്ച 24

തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത-ശിശു വികസന വകുപ്പിലേക്ക് വിന്യസിച്ചു കൊണ്ടും ഇരുവകുപ്പിലെയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ നിലവിലെ കേഡർ സ്ട്രെങ്ത് 535 ആണ്. ഇരുവകുപ്പുകളിലേയും പൊതുതസ്തികകളിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ അന്തിമമായി ജീവനക്കാരെ പുനർവിന്യസിച്ചു കൊണ്ട് ഉത്തരവാകുകയും പൂർണ്ണമായും രണ്ട് വകുപ്പുകളായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**1.7** ഭിന്നശേഷിയുള്ളവർ, വൃദ്ധജനങ്ങൾ, ട്രാൻസ്ജെൻഡേഴ്സ്, മറ്റ് പാർശ്വ-വൽക്കരിക്കപ്പെട്ട ദുർബലജനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് സുരക്ഷയും സംരക്ഷണവും നൽകുകയും സാമൂഹ്യനീതി ഉറപ്പു വരുത്തുകയുമാണ് സാമൂഹ്യനീതി വകുപ്പിന്റെ ലക്ഷ്യങ്ങൾ. അതിന്റെ ഭാഗമായി ഈ ജനവിഭാഗങ്ങൾക്കുവേണ്ടി വിവിധ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ഈ വകുപ്പിന്റെ ചുമതലയാണ്.

**1.8** ഡയറക്ടറാണ് സാമൂഹ്യനീതി വകുപ്പിന്റെ മേധാവി. തിരുവനന്തപുരത്ത് വികാസ് ഭവനിലാണ് ആസ്ഥാന കാര്യാലയം പ്രവർത്തിക്കുന്നത്. വകുപ്പിന്റെ ജില്ലാതല ഭരണ സംവിധാനമായി നിലവിൽ ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ മാത്രമാണുള്ളത്. എല്ലാ ജില്ലകളിലും കൂടാതെ ആറ്റിങ്ങൽ, മൂവാറ്റുപുഴ എന്നിവിടങ്ങളിലുമായി 16 പ്രൊബേഷൻ ഓഫീസുകളും വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നു. മുതിർന്ന പൗരൻമാർ, ഭിന്നശേഷിക്കാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ പരിപാലനത്തിനും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിവിധ തരത്തിലുള്ള ക്ഷേമ സ്ഥാപനങ്ങൾ നടത്തിവരുന്നു. സംരക്ഷിക്കാൻ ആളില്ലാത്ത വൃദ്ധജനങ്ങൾക്ക് സംരക്ഷണവും പരിചരണവും നൽകുന്നതിനായി എല്ലാ ജില്ലകളിലും വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. ഇത് കൂടാതെ ഭിന്നശേഷിയുള്ള മുതിർന്നവർക്കും ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും വകുപ്പ് വിവിധ സ്ഥാപനങ്ങൾ നടത്തി വരുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിലായി 28 ക്ഷേമ സ്ഥാപനങ്ങളും 2 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

## പ്രവൃത്തി പഠനത്തിന്റെ ഉത്ഭവം

**1.9** സാമൂഹ്യനീതി വകുപ്പിന്റെ വിഭജനത്തിനു മുൻപ് ബ്ലോക്ക് പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലുമായി സ്ഥിതി ചെയ്തിരുന്ന 258 ശിശു വികസന പദ്ധതി ഓഫീസുകളിലായി (ICDS പ്രോജക്ട് ഓഫീസ്) സേവനമനുഷ്ഠിച്ചിരുന്ന മൂവായിരത്തിലധികം

ജീവനക്കാരെയും അറുപത്തിനാലായിരത്തിലധികം അങ്കണവാടി ജീവനക്കാരെയും ഉപയോഗിച്ചാണ് മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർമാർ, പാർശ്വവൽക്കരിയ്ക്കപ്പെട്ടവർ, ദുർബല ജനവിഭാഗം എന്നിവർക്കു വേണ്ടി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുതലം മുതലുള്ള സേവനമുൾപ്പെടെ സാമൂഹ്യനീതി വകുപ്പ് നൽകി വന്നിരുന്നത്. വനിത-ശിശു വികസന വകുപ്പിന്റെ രൂപീകരണത്തോടെ ഓരോ വാർഡിലും സാന്നിധ്യമറിയിച്ചിരുന്ന അംഗൻവാടി ജീവനക്കാർ വനിത-ശിശു വികസന വകുപ്പിലേയ്ക്ക് മാറ്റപ്പെടുകയുണ്ടായി. സാമൂഹ്യനീതി വകുപ്പിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ഓഫീസായി പ്രവർത്തിയ്ക്കുന്നത് നിലവിൽ ജില്ലാ സാമൂഹ്യനീതി ഓഫീസുകളാണ്. ജില്ലാതലത്തിനു കീഴിലായി ഭരണ നിർവഹണ സംവിധാനം നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് തലം മുതലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്ന അവസ്ഥ സംജാതമായിട്ടുണ്ട്.

**1.10** സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേകം വകുപ്പ് രൂപീകരിച്ച സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന് ജില്ലാതലത്തിന് താഴെയായി ഭരണ സംവിധാനം സൃഷ്ടിക്കുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാരിൽ വിവിധ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ ഭരണ വകുപ്പ് പരിശോധിച്ച് പ്രവൃത്തി പഠനം നടത്തുന്നതിന് ശിപാർശ ചെയ്തു. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ജീവനക്കാരെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പിനെ കുറിച്ച് പ്രവൃത്തി പഠനം നടത്തുന്നതിനായി ബഹു.മുഖ്യമന്ത്രിയും ഉത്തരവ് നൽകിയിരുന്നു. പ്രവൃത്തി പഠനം നടത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-6) വകുപ്പിന് ചുമതല നൽകുകയുണ്ടായി.

**1.11** ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അണ്ടർ സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രവൃത്തി പഠന സംഘം 02.09.2022-ൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് സന്ദർശിക്കുകയും ഡയറക്ടറും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ നിന്നും വകുപ്പിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഒരു പ്രാഥമിക ധാരണ ലഭിക്കുകയുണ്ടായി.

**1.12** സാമൂഹ്യനീതി വകുപ്പിന്റെ നിലവിലെ കേഡർ സ്ട്രെങ്ങ്ത് 535 ആണ്. വനിത-ശിശു

വികസന വകുപ്പ് രൂപീകരണത്തോടെ സാമൂഹ്യനീതി വകുപ്പിന് ജില്ലാതലത്തിന് താഴെ ഭരണ സംവിധാനം ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. വകുപ്പിന്റെ സേവനം ലഭ്യമാകേണ്ട ജനവിഭാഗങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആകെയുള്ള ജില്ലാ ഓഫീസിനെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. താഴെത്തട്ടിൽ ഭരണനിർവഹണ സംവിധാനത്തിന്റെ അപര്യാപ്തത മൂലം വിവിധ ജനവിഭാഗങ്ങൾക്ക് അർഹമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് കഴിയാത്ത അവസ്ഥ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും സേവനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി താഴേത്തട്ടിൽ ഭരണ സംവിധാനം സൃഷ്ടിക്കുന്ന കാര്യത്തിലും പ്രവൃത്തി പഠനം നടത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെടുകയുണ്ടായി.

**1.13** സാമൂഹ്യനീതി വകുപ്പിന്റെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭരണ നിർവഹണത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തുകയും വകുപ്പിന്റെ സേവനങ്ങൾ അർഹതപ്പെട്ടവരിലേയ്ക്ക് എത്തിക്കുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമാണ് ഈ പ്രവൃത്തി പഠനത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ പഠനത്തിലെ കണ്ടെത്തലുകൾ തുടർന്നുള്ള അധ്യായങ്ങളിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

**1.14** പ്രവൃത്തി പഠനം നടത്തുന്നതിനായി അവലംബിച്ചിട്ടുള്ള രീതിശാസ്ത്രം (Methodology) അധ്യായം 2-ൽ വിവരിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഘടനയും പ്രവർത്തന രീതിയും സംബന്ധിച്ച് അധ്യായം 3-ൽ സംഘടനാ അപഗ്രഥനം (Organization Analysis)-ൽ വിവരണം നൽകിയിട്ടുണ്ട്. പഠനത്തിലൂടെ മനസിലാക്കിയ വസ്തുതകളും അവയുടെ അപഗ്രഥനവും (Facts & Analysis) പഠന സംഘത്തിന്റെ നിരീക്ഷണങ്ങളും അധ്യായം 4-ൽ പ്രതിപാദിച്ചിട്ടുണ്ട്. പൊതുവായ ശിപാർശകൾ അധ്യായം 5-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. തസ്തിക സൃഷ്ടിക്കലിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച് അധ്യായം 6-ൽ വിശദമാക്കിയിട്ടുണ്ട്. ശിപാർശകളുടെ സംഗ്രഹം അധ്യായം 7-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# അധ്യായം - 2
# രീതിശാസ്ത്രം (Methodology)

**2.1** സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ ചർച്ചയിൽ നിന്നും മനസിലാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ഒരു പ്രവൃത്തി പഠനം നടത്തുവാൻ തീരുമാനിച്ചു. പ്രവൃത്തി പഠനത്തിന്റെ അടിസ്ഥാന തത്വങ്ങളായ സംഘടനാ അപഗ്രഥനം (Organization Analysis), മാർഗ്ഗ പഠനം (Method study), ജോലിഭാര നിർണയം (Work Measurement) എന്നീ മാർഗങ്ങൾ അവലംബിച്ചു കൊണ്ടാണ് പ്രവൃത്തി പഠനം നടത്തിയത്.

**2.2** പ്രവൃത്തി പഠനത്തോടനുബന്ധിച്ചുള്ള വിവര ശേഖരണത്തിനായി തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന സാമൂഹ്യനീതി വകുപ്പിന്റെ ഡയറക്ടറേറ്റ് സന്ദർശിച്ചു. വകുപ്പിന്റെ പ്രവർത്തനം, ചുമതലകളും ഉത്തരവാദിത്തങ്ങളും, വിവിധ ഓഫീസുകൾ, ക്ഷേമസ്ഥാപനങ്ങൾ, ജീവനക്കാരുടെ എണ്ണം എന്നിവ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഡയറക്ടറേറ്റിൽ നിന്നും ശേഖരിച്ചു. മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർമാർ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർ, ദുർബല ജനവിഭാഗങ്ങൾ, പ്രൊബേഷണേഴ്സ് എന്നിവരുടെ ക്ഷേമവും പരിചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. പ്രാഥമിക വിവരങ്ങൾ വിശകലനം ചെയ്തതിനു ശേഷം ജില്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട വിവിധ പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനായി, പ്രവർത്തന വ്യാപ്തി അടിസ്ഥാനപ്പെടുത്തി വിവിധ ജില്ലാ ഓഫീസുകളും അവയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങളും ഓഫീസുകളും സന്ദർശിച്ചു.

**2.3** 2021 കലണ്ടർ വർഷമാണ് വിവര ശേഖരണത്തിന് അടിസ്ഥാനമായി തിരഞ്ഞെടുത്തത്. ഈ പഠനത്തിനായി പ്രാഥമിക സ്ഥിതി വിവരങ്ങളും (Primary Data) ദ്വിതീയ സ്ഥിതി വിവരങ്ങളും (Secondary Data) ഉപയോഗിക്കുകയുണ്ടായി. വിവര ശേഖരണത്തിനായി ഒബ്സർവേഷൻ, Listening & Questioning, അഭിമുഖം, കേസ് സ്റ്റഡി എന്നീ സങ്കേതങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

**2.4** പ്രാഥമിക സ്ഥിതി വിവരങ്ങൾ ഓഫീസുകളുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തി തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി അവിടുത്തെ ജീവനക്കാരുമായി വിശദമായി ചർച്ച നടത്തുകയുണ്ടായി. വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, വിവിധ ക്ഷേമ

പദ്ധതികൾ, എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു. കൂടാതെ വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് ജീവനക്കാർ എഴുതി നല്കിയ വിവരങ്ങളേയും ആശ്രയിച്ചിട്ടുണ്ട്.

**2.5** ദ്വിതീയ വിവരങ്ങൾക്കായി വകുപ്പിന്റെ വാർഷിക ഭരണ റിപ്പോർട്ട്, വെബ്സൈറ്റ്, വിവിധ ജില്ലാ സാമൂഹ്യനീതി ഓഫീസുകളുടെ പദ്ധതികൾ/സേവനങ്ങൾ സംബന്ധിച്ച ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, റിപ്പോർട്ടുകൾ, പൗരാവകാശ രേഖ, വാർഷിക വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

**2.6** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലിഭാരവും നിർണയിച്ചിട്ടുണ്ട്. ഓരോ ജോലിയും ചെയ്യുന്നതിനാവശ്യമായ സമയം നിർണ്ണയിച്ചുകൊണ്ട് അത് ആകെ ജോലിയുമായി ബന്ധപ്പെടുത്തി ജീവനക്കാരുടെ ജോലിഭാരം ശാസ്ത്രീയമായി നിർണയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഫയൽ ജോലികൾക്കും സാധാരണ ജോലികൾക്കും (Routine Works) ഒപ്പം Personal & Fatigue Allowance ആയി 15% അധിക സമയം കൂടി അനുവദിച്ച് ഒരു സർക്കാർ ജീവനക്കാരൻ ഒരു വർഷം 1700 മണിക്കൂർ ജോലി ചെയ്യണമെന്ന തത്വം അടിസ്ഥാനമാക്കി മനുഷ്യപ്രയത്ന സൂചിക (Man Power Index) കണ്ടെത്തുകയും ആവശ്യമായ മനുഷ്യ വിഭവശേഷി നിർണയിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചത്. മനുഷ്യപ്രയത്ന സൂചികയിൽ (Man Power Index) '0.3' മുതൽ മുകളിലേക്കുള്ള അംശങ്ങളെ തൊട്ടുമുകളിലുള്ള പൂർണസംഖ്യയായി നിർണയിക്കുകയും '0.3'നേക്കാൾ കുറഞ്ഞ അംശങ്ങളെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

**2.7** ഓരോ തസ്തികയുടെയും സ്ഥാനപരമായ സാംഗത്യവും (Positional Significance) പരിശോധിക്കുകയുണ്ടായി. ഓഫീസുകളുടെ നിലവിലെ ഘടനയും ഓരോ ഓഫീസിലും നിർവഹിക്കപ്പെടുന്ന ചുമതലകളും സാമൂഹ്യനീതി വകുപ്പിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അനുയോജ്യമാണോയെന്ന കാര്യത്തിൽ വിമർശനാത്മക വിശകലനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചില തസ്തികകളുടെ ചുമതലകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള മനുഷ്യ വിഭവശേഷി ഏറ്റവും ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് വകുപ്പിന്റെ സേവനം അർഹതപ്പെട്ട ജനവിഭാഗങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഉതകുന്ന ശിപാർശകൾ സമർപ്പിക്കുന്നതിനാണ് പഠനസംഘം ഊന്നൽ നൽകിയിട്ടുള്ളത്. എന്നാൽ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമെന്ന് ബോധ്യപ്പെട്ട സാഹചര്യങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളും നൽകിയിട്ടുണ്ട്.

# അധ്യായം -3
# സംഘടനാ അപഗ്രഥനം (Organization Analysis)

**3.1** 1975 സെപ്റ്റംബർ ഒൻപതിനാണ് കേരള സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് പ്രവർത്തനമാരംഭിച്ചത്. 2012-ൽ ഈ വകുപ്പിനെ 'സാമൂഹ്യനീതി വകുപ്പ്' എന്ന് പുനർനാമകരണം ചെയ്തു. 30.06.2017-ലെ സ.ഉ(കൈ)നം.24/2017/സാനീവ നമ്പർ ഉത്തരവ് പ്രകാരം സ്ത്രീകളുടേയും കുട്ടികളുടേയും വികാസത്തിനായി വനിത-ശിശുവികസന വകുപ്പ് രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സാമൂഹ്യനീതി വകുപ്പിൽ നിന്നും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം എന്നീ വിഷയങ്ങൾ വനിത-ശിശു വികസന വകുപ്പിന് കൈമാറുകയും മുതിർന്നപൗരന്മാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, പ്രൊബേഷണേഴ്സ്, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർ, ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണവും കരുതലും ക്ഷേമവും പരിചരണവും പുനരധിവാസവും കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ്, സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (State Initiative on Disabilities), നോൺ-ഗവൺമെന്റൽ ഓർഗനൈസേഷൻസ് അക്രഡിറ്റേഷൻ പോളിസി തുടങ്ങിയ വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തുകയും ചെയ്തു.

**3.2** സാമൂഹ്യനീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികകളിൽ നിന്നും 535 തസ്തികകൾ വകുപ്പിൽ നിലനിർത്തുകയും ബാക്കി 3260 തസ്തികകളും പുതുതായി സൃഷ്ടിച്ച 24 തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത-ശിശു വികസന വകുപ്പിലേക്ക് അനുവദിച്ചു കൊണ്ടും ഇരു വകുപ്പിലെയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ചു. ഇരു വകുപ്പിലെയും പൊതുതസ്തികകളിലെ ജീവനക്കാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജീവനക്കാരെ പുനർവിന്യസിക്കുകയും പൂർണ്ണമായും രണ്ട് വകുപ്പുകളായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

## സാമൂഹ്യനീതി വകുപ്പിന്റെ ഘടന

### സാമൂഹ്യനീതി ഡയറക്ടറേറ്റ്

**3.3** സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത് സാമൂഹ്യനീതി ഡയറക്ടറേറ്റാണ്. ഡയറക്ടറാണ് വകുപ്പിന്റെ മേധാവി. തിരുവനന്തപുരത്ത് വികാസ് ഭവനിലാണ് വകുപ്പിന്റെ ആസ്ഥാനം പ്രവർത്തിക്കുന്നത്.

ജില്ലാ സാമൂഹ്യനീതി ഓഫീസ്

**3.4** ജില്ലാതല ഭരണ സംവിധാനമായി നിലവിൽ ജില്ലാ സാമൂഹ്യനീതി ഓഫീസുകളാണ് നിലവിലുള്ളത്. ജില്ലാതലത്തിലുള്ള വിവിധ ക്ഷേമ പദ്ധതികളുടെ നടത്തിപ്പ്, മേൽനോട്ടം, ഏകോപന ചുമതല, നിയന്ത്രണം എന്നിവ ജില്ലാ സാമൂഹ്യനീതി ഓഫീസുകൾക്കാണ്. ക്ഷേമ പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ നേതൃത്വം നൽകുന്നതും ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും ജില്ലാ സാമൂഹ്യനീതി ഓഫീസുകളാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ നിയന്ത്രണത്തിലാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്.

പ്രൊബേഷൻ ഓഫീസ്

**3.5** ജില്ലാതലത്തിൽ നല്ലനടപ്പ നിയമ പ്രകാരം വിട്ടുതൽ ചെയ്യപ്പെട്ട പ്രൊബേഷനർമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, പുനരധിവാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കേരള പ്രിസണേഴ്സ് റൂൾസ് പ്രകാരം തടവുകാരുടെ അവധി അപേക്ഷകളിന്മേൽ അന്വേഷണം നടത്തുക, പുനരധിവാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവഹിക്കുക തുടങ്ങിയവയാണ് പ്രൊബേഷൻ ഓഫീസുകളിലെ പ്രധാന പ്രവർത്തനങ്ങൾ. എല്ലാ ജില്ലകളിലും കൂടാതെ ആറ്റിങ്ങൽ, മൂവാറ്റുപുഴ എന്നിവിടങ്ങളിലുമായി ആകെ 16 പ്രൊബേഷൻ ഓഫീസുകൾ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നു.

ക്ഷേമ സ്ഥാപനങ്ങൾ

**3.6** മുതിർന്ന പൗരൻമാർ, ഭിന്നശേഷിക്കാർ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ പരിപാലനത്തിനും സംരക്ഷണത്തിനും, പുനരധിവാസത്തിനുമായി വിവിധ തരത്തിലുള്ള ക്ഷേമ സ്ഥാപനങ്ങളും 2 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

I.മാനസികരോഗ വിമുക്തരായവരെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ

ആശാഭവൻ:- മനോരോഗ വിമുക്തരും, ബന്ധുക്കൾ സംരക്ഷിക്കാനില്ലാത്തവരുമായ സ്ത്രീകളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ആശാഭവനുകളും ഇത്തരത്തിലുള്ള പുരുഷൻമാരെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ആശാഭവനുകളും പ്രവർത്തിച്ചു വരുന്നു.

II. വികലാംഗർക്കുവേണ്ടി പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ

വികലാംഗ സദനം:- വികലാംഗരായ വനിതകളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലും, വികലാംഗരായ പുരുഷൻമാരെ സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിലും ഓരോ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

ബാല വികലാംഗ സദനം:- 4-നും 16-നും മദ്ധ്യേ പ്രായമുള്ള വികലാംഗരായ കുട്ടികളുടെ സംരക്ഷണത്തിനായി ആലപ്പുഴ ജില്ലയിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നു.

III. ബുദ്ധിമാന്ദ്യം സംഭവിച്ചവരെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ

ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ:- മാനസികമായി വികാസം പ്രാപിക്കാത്ത കുട്ടികളുടെ വിദ്യാഭ്യാസം, സംരക്ഷണം, ക്ഷേമം എന്നിവ ലക്ഷ്യമാക്കി കോഴിക്കോട് ജില്ലയിൽ ഒരു സ്ഥാപനം പ്രവർത്തിച്ചു വരുന്നു.

പ്രതീക്ഷാഭവൻ:- ചികിത്സകൊണ്ട് ഭേദപ്പെടുത്തുവാൻ കഴിയാത്ത വിധത്തിലുള്ള മാനസിക വൈകല്യമുള്ള 16 വയസ്സിനുമേൽ പ്രായമുള്ള പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി മലപ്പുറം ജില്ലയിൽ ഒരു സ്ഥാപനവും ഇത്തരത്തിലുള്ള സ്ത്രീകളെ സംരക്ഷിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ ഒരു സ്ഥാപനവും (പ്രത്യാശ ഭവൻ) പ്രവർത്തിച്ചു വരുന്നു.

IV. വൃദ്ധമന്ദിരങ്ങൾ

55 വയസ്സിനുമുകളിൽ പ്രായമുള്ളവരും, നിരാലംബരുമായ വൃദ്ധജനങ്ങളെ പാർപ്പിച്ച് സംരക്ഷിക്കുന്നതിനായി കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 9 വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നു. ഇതു കൂടാതെ മുഴുവൻ സമയ ഡിമെൻഷ്യ കെയർ സെന്ററും എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

കെയർ ഹോം, തിരുവനന്തപുരം- ജയിൽ വിമുക്തരായതിനുശേഷം നിരാശ്രയരായി കഴിയേണ്ടിവരുന്നവർക്ക് സംരക്ഷണം നൽകുകയാണ് കെയർ ഹോമിന്റെ മുഖ്യ ഉദ്ദേശ്യം.

വൃദ്ധ വികലാംഗ മന്ദിരങ്ങൾ- വികലാംഗരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി ഇടുക്കി, ആലപ്പുഴ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ വൃദ്ധ വികലാംഗ മന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു.

വയോജന പകൽ പരിപാലന കേന്ദ്രത്തോടു കൂടിയ സ്ത്രീകളുടെ വൃദ്ധമന്ദിരം- വൃദ്ധജനങ്ങൾക്കുള്ള പകൽ പരിപാലന കേന്ദ്രം ആരംഭിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച വയോജന പകൽ പരിപാലന കേന്ദ്രത്തോടുകൂടിയ സ്ത്രീകളുടെ വൃദ്ധമന്ദിരം- തിരുവനന്തപുരം

ജില്ലയിൽ പ്രവർത്തിക്കുന്നു.

V.വികലാംഗർക്കായി പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ

വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു.

ഓർഫനേജ് കൺട്രോൾ ബോർഡ്

**3.7** സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥലയങ്ങളുടേയും മറ്റ് ചാരിറ്റബിൾ ഹോമുകളുടേയും മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി ഓർഫനേജ് കൺട്രോൾ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കും മറ്റ് ധർമ്മസ്ഥാപനങ്ങൾക്കും അംഗീകാരം നൽകുന്നതും അവയെ നിയന്ത്രിക്കുന്നതും ഓർഫനേജ് കൺട്രോൾ ബോർഡാണ്. സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുക, ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുക, ക്ഷേമസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്വേഷണം നടത്തുക, പരാതികൾ അന്വേഷിക്കുകയും നടപടി എടുക്കുകയും ചെയ്യുക, നിയമം പാലിക്കാത്ത സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുക തുടങ്ങിയവയാണ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ.

**3.8** സാമൂഹ്യനീതി വകുപ്പിന്റെ നിലവിലുള്ള ഓർഗനൈസേഷൻ ചാർട്ട് **അനുബന്ധം-I**-ൽ കാണാവുന്നതാണ്.വകുപ്പിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം-II** ആയി ചേർത്തിട്ടുണ്ട്. വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച പട്ടിക **അനുബന്ധം-III**-ൽ കാണാവുന്നതാണ്.

**സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമ പദ്ധതികളും പ്രോഗ്രാമുകളും മറ്റ് പ്രവർത്തനങ്ങളും**

I.ഭിന്നശേഷി വിഭാഗം

**3.9** ഭിന്നശേഷി വിഭാഗത്തിനായി ചുവടെ പറയുന്ന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത്.

1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി - ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ/പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.
2. വിദ്യാകിരണം പദ്ധതി - ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി (സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾക്ക്)

സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

3. വിദ്യാജ്യോതി പദ്ധതി - ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.
4. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി - എസ്.എസ്.എൽ.സി, പ്ലസ് ടു തുല്യതാ പരീക്ഷ എഴുതുന്നതിനായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/പരീക്ഷാ ഫീസ് നൽകുന്ന പദ്ധതിയാണിത്.
5. മാതൃജ്യോതി പദ്ധതി - കാഴ്ചവൈകല്യമുള്ള മാതാവിന് പ്രസവാനന്തരം കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതു വരെ ധനസഹായം നൽകുന്ന പദ്ധതി.
6. പരിണയം പദ്ധതി - വികലാംഗത്വം മൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കളെയും/വികലാംഗരായ പെൺകുട്ടികളെയും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് "പരിണയം".
7. ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി - സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതി.
8. ശാരീരിക വെല്ലുവിളികൾ/കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്ക് എക്സ്ഗ്രേഷ്യ, റീഡേഴ്സ് അലവൻസ് എന്നിവ നൽകുന്ന പദ്ധതി - സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന അന്ധരും അസ്ഥി വൈകല്യം ബാധിച്ചവരുമായ അഭിഭാഷകരുടെ വായനാസഹായിക്കുള്ള റീഡേഴ്സ് അലവൻസ് ആയി പ്രതിമാസം 4000/- രൂപ നൽകുന്ന പദ്ധതിയാണിത്.
9. സ്വാശ്രയ പദ്ധതി - തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി.

10. ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി - ഭിന്നശേഷിയുള്ളവർക്ക് ഓപ്പൺ യൂണിവേഴ്സ്റ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി
11. വിജയാമൃതം പദ്ധതി - വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി/പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതി.
12. സഹചാരി പദ്ധതി - പരസഹായം ആവശ്യമായ 40%-ന് മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിലും മറ്റ് കാര്യനിർവ്വഹണങ്ങളിലും സഹായിക്കുന്ന/ പ്രോത്സാഹിപ്പിക്കുന്ന എൻ.എസ്.എസ്/എൻ.സി.സി/എസ്.പി.സി യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി.
13. പരിരക്ഷ പദ്ധതി - അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിങ്ങനെ അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടി വരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി.
14. സഹായ ഉപകരണ വിതരണ പദ്ധതി - അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.
15. വ്യക്തിഗത പരിപാലന പദ്ധതി - ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിന് വിവര ശേഖരണം നടത്തുന്ന പദ്ധതി.
16. ബാരിയർ ഫ്രീ കേരള - സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.
17. നിരാമയ പദ്ധതി - സംസ്ഥാനത്തെ അംഗപരിമിതർക്ക് (സെറിബ്രൽ പാൾസി, ഓട്ടിസം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്, മെന്റൽ റിട്ടാർഡേഷൻ) ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനുള്ള പദ്ധതി.
18. അതിജീവനം- സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാർക്കായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പദ്ധതിയാണ് അതിജീവനം.
19. പുനർജ്ജനി പദ്ധതി - അട്ടപ്പാടി ബ്ലോക്കിലെ മാനസികരോഗ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

20. നാഷണൽ ട്രസ്റ്റ് ലീഗൽ ഗാർഡിയൻഷിപ്പ് - ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികളുടെ ക്ഷേമത്തിനായുള്ള നിയമം.
21. അംഗപരിമിത നിയമനം - The Rights of Persons with Disabilities (RPwD) Act 2016-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ സർവ്വീസിൽ 4% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.
22. ശ്രേഷ്ഠം പദ്ധതി - കലാകായിക രംഗങ്ങളിൽ അഭിരുചിയും പ്രാവീണ്യവും ഉള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ്/കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/ രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം'.
23. അംഗപരിമിതർക്കുള്ള ദിനാചരണവും സംസ്ഥാന അവാർഡ് വിതരണവും - എല്ലാ വർഷവും ഡിസംബർ 3-ന് അംഗപരിമിത ദിനമായി ആചരിച്ചു വരുന്നു. ജില്ലാതലത്തിൽ അംഗപരിമിതർക്കായി കായിക മേളയും, കലാപരിപാടികളും സംഘടിപ്പിക്കുന്നു. കൂടാതെ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ലയിൽ സംസ്ഥാനതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു.
24. സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ - സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോട്ടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
25. സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ പദ്ധതി - കേരള സൈക്കോ സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകി വരുന്നത്.
26. വൈകല്യമുള്ളവർക്കായുള്ള സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ - ആശാഭവൻ (6 എണ്ണം) - മാനസികരോഗ മുക്തരും സംരക്ഷിക്കുവാൻ ആരുമില്ലാത്തവർക്കും വേണ്ടിയുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കുമായി വെവ്വേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പ്രത്യാശാ ഭവൻ (1 എണ്ണം) - ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നു. പ്രതീക്ഷാ ഭവൻ (1 എണ്ണം) - ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാരെ സംരക്ഷിക്കുന്നു. ഹോം ഫോർ മെന്റലി ചലഞ്ച്ഡ് ചിൽഡ്രൻ (1 എണ്ണം) - ബുദ്ധിമാന്ദ്യമുള്ള 4-നും 16-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം. ഭിന്നശേഷി സദനങ്ങൾ (3 എണ്ണം) - ഭിന്നശേഷിയുള്ളവരെ സംരക്ഷിക്കുന്നതിനായിട്ടുള്ള സ്ഥാപനം. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനം. ഭിന്നശേഷിക്കാരായ കുട്ടികളുടെ സദനം (1 എണ്ണം) - ഭിന്നശേഷിയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും, ഇവർക്ക് വിദ്യാഭ്യാസം, വൈദ്യസഹായം എന്നിവ നൽകുന്നതിനുമായി പ്രവർത്തിക്കുന്ന സ്ഥാപനം.

27. അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ - ഭിന്നശേഷിക്കാർക്ക് സാർവ്വത്രിക പ്രവേശന സാധ്യത കൈവരിക്കുന്നതിനായി ആരംഭിച്ച പരിപാടിയാണ് ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ.
28. ഭിന്നശേഷിക്കാർക്ക് ചികിത്സ, പുനരധിവാസം, തൊഴിൽ പരിശീലനം, ബോധവൽക്കരണം തുടങ്ങിയ വിവിധ മേഖലകളിൽ സേവനങ്ങൾ നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി എൻ.ജി.ഒ.കൾ/മറ്റു ഏജൻസികൾ മുഖേന സർക്കാർ സഹായം നൽകുന്നു.

## II.വയോജന വിഭാഗം

**3.10** വയോജന വിഭാഗത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സായംപ്രഭാ ഹോം പദ്ധതി - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ് ഗ്രേഡ് ചെയ്യുന്ന പദ്ധതി.
2. മന്ദഹാസം പദ്ധതി - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചു കൊടുക്കുന്ന പദ്ധതി.
3. വയോഅമൃതം പദ്ധതി - സംസ്ഥാനത്തെ സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതി.
4. മ്യൂസിക് തെറാപ്പി - സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്നതിന് മ്യൂസിക് തെറാപ്പി നടത്തുന്നു.
5. വയോമധുരം പദ്ധതി - ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരൻമാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.
6. മാതൃകാ സായംപ്രഭാ ഹോം പദ്ധതി - വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചിലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള മാതൃകാ സായംപ്രഭാ ഹോം പദ്ധതി (Multi Service Day care Centre).

7. യോഗാ തെറാപ്പി - വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കുന്ന യോഗാ തെറാപ്പി.
8. സെക്കൻഡ് ഇന്നിംഗ്സ് പ്രോജക്റ്റ് - സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തി മെച്ചപ്പെട്ട സൗകര്യങ്ങളും കൂടുതൽ സേവനങ്ങളും താമസക്കാർക്ക് ഒരുക്കുന്നതാണ് ഈ പദ്ധതി.
9. Psycho Social Care for Elderly in Old Age Homes in Kerala Project - സംസ്ഥാനത്തെ സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാർക്കും ജീവനക്കാർക്കും ക്രിയാത്മകമായ മാനസിക സ്ഥിതി നിലനിർത്തി ഉത്സാഹവും ഉണർവും പ്രദാനം ചെയ്യുന്നതിന് National Institute of Mental Health and Neurosciences (NIMHANS)-മായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതി.
10. ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി - മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി.
11. ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്കുള്ള പദ്ധതി - ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി എത്തുന്ന വയോജനങ്ങൾക്കായി ഇരിപ്പിട സൗകര്യം, ചായ, ലഘുഭക്ഷണം, വെള്ളം എന്നിവ നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതി.
12. എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന ഡേ കെയർ സെന്റർ എന്നിവ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു.
13. മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007, മുതിർന്ന പൗരൻമാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2013 എന്നിവ നിലവിലുണ്ട്. പ്രസ്തുത നിയമങ്ങൾക്ക് വിധേയമായുള്ള വിവിധ പദ്ധതി പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നു.
14. മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും

സംബന്ധിച്ച നിയമം 2007 പ്രകാരം വയോജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി ഓരോ സബ്ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും റവന്യൂ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റേയും പ്രിസൈഡിങ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും വയോജനങ്ങളുടെ പരാതികൾ സ്വീകരിക്കുകയും അതിന്മേൽ നടപടികൾ എടുക്കുകയും ചെയ്യുന്നു. കൂടാതെ ഓരോ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലാ കളക്ടർമാരെ അതിന്റെ പ്രിസൈഡിങ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

15. സംസ്ഥാന കൗൺസിൽ, ജില്ലാ കമ്മിറ്റി രൂപീകരണം - മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## III.ട്രാൻസ്ജെൻഡർ വിഭാഗം

**3.11** ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തിരിച്ചറിയൽ കാർഡ് വിതരണം - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകി വരുന്നു.
2. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി - പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു.
3. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് - നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നു.
4. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി - ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും, ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽ നിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ

വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിക്കുന്നു.

5. സംരംഭകത്വ വികസന പരിശീലന പരിപാടി - സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിന് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അതിജീവനത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
6. എച്ച്.ഐ.വി സീറോ സർവൈലൻസ് സെന്റർ - എച്ച്.ഐ.വി വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യക്ഷേമ ബോർഡ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.
7. 24×7 ട്രാൻസ്ജെൻഡർ ഹെൽപ്പ്ലൈൻ - സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24×7 ട്രാൻസ്ജെൻഡർ ഹെൽപ്പ്ലൈൻ (നമ്പർ 1800 425 2147) ആരംഭിച്ചിട്ടുണ്ട്.
8. ബ്യൂട്ടീഷൻ പരിശീലന പദ്ധതി - കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയും (എറണാകുളം) സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തുന്നതാണ് ബ്യൂട്ടീഷൻ പരിശീലന പദ്ധതി.
9. തയ്യൽ മെഷീൻ വിതരണ പദ്ധതി - തയ്യൽ പഠിച്ച് പ്രവൃത്തി പരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി.
10. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം - ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ടു ലക്ഷം രൂപ വീതം ധനസഹായം നൽകിവരുന്നു.
11. എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി -എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റു അനുബന്ധ ചിലവുകൾക്കുമായി പ്രതിമാസം 3000/- രൂപ വകുപ്പ് നൽകി വരുന്നു.
12. സ്വയംതൊഴിൽ ധനസഹായം - സ്വന്തമായി തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഒരു വ്യക്തിക്ക് 50,000/- രൂപ എന്ന രീതിയിൽ ധനസഹായം നൽകിവരുന്നു.

13. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയംതൊഴിലിനുള്ള വായ്പാ പദ്ധതി - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായുള്ള പദ്ധതിയാണിത്. വനിതാ വികസന കോർപ്പറേഷൻ മുഖേനയായിരിക്കും തുക നൽകുന്നത്.
14. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി.
15. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി - നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000/- രൂപ ധനസഹായമായി ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.
16. കെയർ ഹോം/ ഷോർട്ട് സ്റ്റേ ഹോമുകൾ - കെയർ ഹോം /ഷോർട്ട് സ്റ്റേ ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ കീഴിൽ പ്രവർത്തിക്കുന്നു.
17. നൈപുണ്യ വികസന പരിശീലന പരിപാടി - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

## IV.സാമൂഹ്യ പ്രതിരോധം

**3.12** സാമൂഹ്യ പ്രതിരോധ രംഗത്തെ വകുപ്പിന്റെ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. നേർവഴി - പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിന് ആരംഭിച്ചതാണ് നേർവഴി എന്ന പദ്ധതി. കുറ്റം ചെയ്തവരെ പ്രൊബേഷൻ സംവിധാനം വഴി മാനസികവും സാമൂഹികവുമായി പരിവർത്തനം ചെയ്ത് സമൂഹത്തിന് പ്രയോജനപ്പെടുന്ന പൗരൻമാരാക്കുകയാണ് ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യം.
2. തണലിടം പ്രൊബേഷൻ ഹോം - കുടുംബമോ ബന്ധുമിത്രാദികളോ ഏറ്റെടുക്കാൻ തയ്യാറാകാത്ത പ്രൊബേഷണർമാർ, മുൻതടവുകാർ, കേസിൽ പെട്ട് താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കാൻ

സാധിക്കുന്നത് വരെ (താൽക്കാലികമോ - സ്ഥിരമോ ആയ താമസസൗകര്യം ഉണ്ടാകുന്നതുവരെ) താമസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഇടക്കാല സംരക്ഷണ കേന്ദ്രമാണ് തണലിടം പ്രൊബേഷൻ ഹോം.

3. ജയിൽ തടവുകാരുടെ ആശ്രിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതി - ജയിൽ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.
4. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി - ദീർഘകാലമായി ശിക്ഷ അനുഭവിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീ/പുരുഷ തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.
5. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി - ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയാണിത്.
6. മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി - ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുള്ള മുൻകുറ്റവാളികൾ, മേൽനോട്ടത്തിനു വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ, തിരുത്തലിന് വേണ്ടിയോ അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ മുൻ അന്തേവാസികൾ (എക്സ് പ്യൂപ്പിൾസ്) എന്നിവരുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 15,000/- രൂപ നൽകി വരുന്നതാണ് ഈ പദ്ധതി.
7. അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി - അതിക്രമത്തിന് ഇരയായി കൊല്ലപ്പെട്ടവരുടേയും, കിടപ്പിലായവരുടേയും/ ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന പദ്ധതി.
8. ദീർഘകാലമായി മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരേയും കോടതി വിടുതൽ ചെയ്തിട്ടും മാനസികാരോഗ്യകേന്ദ്രത്തിൽ കഴിയുന്നവരേയും പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സൈക്കോസോഷ്യൽ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതി.

9. അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.
10. ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോം അംഗീകാരമുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം.
11. Probation of Offenders Act 1958, Kerala Probation of Offenders Rule 1960 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

<u>മറ്റുള്ള പദ്ധതികളും പ്രവർത്തനങ്ങളും</u>

**3.13** മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ സാമൂഹ്യനീതി വകുപ്പിന്റെ മറ്റുള്ള പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മിശ്രവിവാഹ ധനസഹായ പദ്ധതി - പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ മിശ്രവിവാഹം ചെയ്തത് മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്ന പദ്ധതി.
2. ദേശീയ ദിന/വാരാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക, ഐ.ഇ.സി (Information, Education & Communication) പ്രവർത്തനങ്ങൾ നടത്തുക.
3. മയക്കുമരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മപദ്ധതി - മയക്കു മരുന്നിനടിമപ്പെട്ട വ്യക്തികളെയും കുടുംബങ്ങളെയും വിദ്യാഭ്യാസം, കൂട്ടിച്ചേർക്കൽ, പുനരധിവാസം എന്നിവയിലൂടെ മയക്കുമരുന്ന് ഉപയോഗത്തിന്റെ പ്രതികൂല അനന്തരഫലങ്ങൾ കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതിയാണിത്.
4. സന്നദ്ധ സംഘടനകൾക്ക് ധനസഹായം - ലഹരി വിമുക്ത കേന്ദ്രം, വൃദ്ധ സദനം, വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രം, ജനറൽ ഗ്രാന്റ് ഇൻ എയ്ഡ്, ഷോർട്ട് സ്റ്റേ ഹോം, വികലാംഗർക്ക് കൃത്രിമ ഉപകരണങ്ങൾ നൽകുന്ന പദ്ധതി, വർക്കിങ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനുള്ള കേന്ദ്ര സഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകി വരുന്നു.

## ആഭ്യന്തര പരിശോധനാ വിഭാഗം (Internal Audit Wing)

**3.14** സീനിയർ ഫിനാൻസ് ഓഫീസർ, ജൂനിയർ സൂപ്രണ്ട്, രണ്ട് ക്ലർക്കുമാർ എന്നിവരുൾപ്പെട്ട ഒരു ആഭ്യന്തര പരിശോധനാ വിഭാഗം സാമൂഹ്യനീതി വകുപ്പിൽ ആസ്ഥാന കാര്യാലയം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന് കീഴിലുള്ള ഉപകാര്യാലയങ്ങളിൽ പരിശോധന നടത്തുകയാണ് ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെ ചുമതല.

## സുനീതി പോർട്ടൽ

**3.15** 'സർക്കാർ സേവനങ്ങൾ വീട്ടുപടിക്കൽ' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി 'സുനീതി' എന്ന പേരിൽ ഒരു പോർട്ടൽ പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വകുപ്പിന്റെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അറിയുവാനും അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുവാനും പ്രസ്തുത പോർട്ടൽ മുഖേന സാധ്യമാകും. നിലവിൽ 31 സേവനങ്ങൾക്ക് ഓൺലൈനായി ഈ പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## 3.16 അവാർഡുകൾ

<u>വയോശ്രേഷ്ഠസമ്മാൻ</u> - വയോജനക്ഷേമ രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള വയോജനങ്ങളായ വ്യക്തികൾക്കും വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടന, പഞ്ചായത്ത് എന്നിവർക്കാണ് ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്.

<u>ദേശീയ ഭിന്നശേഷി അവാർഡ്</u> - ജീവനക്കാർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കുമായി 10 ദേശീയ അവാർഡുകൾ നൽകി വരുന്നു. കാഴ്ചക്കുറവ്, കേൾവിക്കുറവ്, അസ്ഥിസംബന്ധമായ വൈകല്യം, സെറിബ്രൽ പൾസി, ബുദ്ധിമാന്ദ്യം, അന്ധത, മെന്റൽ ഇൽനസ്, ഓട്ടിസം, മൾട്ടിപ്പിൾ ഡിസെബിലിറ്റി, ലപ്രസി ക്യൂവേർഡ് എന്നീ വൈകല്യങ്ങളുള്ള സർക്കാർ/സ്വകാര്യ/പൊതുമേഖലയിൽ ജോലി ചെയ്യുന്നവർക്കും സ്വയംതൊഴിൽ കണ്ടെത്തുന്നവർക്കുമായിട്ടാണ് ഈ അവാർഡ് നൽകുന്നത്. വൈകല്യമുള്ളവർക്ക് ജോലി നൽകുന്ന സ്ഥാപനങ്ങൾക്കും ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന മികച്ച വ്യക്തികൾക്കും മികച്ച സ്ഥാപനങ്ങൾക്കും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് പ്രവർത്തിക്കുന്ന മികച്ച ജില്ലകൾക്കും ലോക്കൽ ലെവൽ കമ്മിറ്റികൾക്കും മികച്ച നേട്ടങ്ങൾ

കൈവരിച്ച ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും അവാർഡുകൾ നൽകി വരുന്നു.

സംസ്ഥാന ഭിന്നശേഷി അവാർഡ് - ജീവനക്കാർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കുമായി 18 അവാർഡുകൾ നൽകി വരുന്നു. 2 അവാർഡ് വീതം കേൾവിക്കുറവ്, അസ്ഥിസംബന്ധമായ വൈകല്യം, അന്ധത എന്നീ വൈകല്യങ്ങളുള്ള സർക്കാർ/സ്വകാര്യ/പൊതുമേഖലയിൽ ജോലി ചെയ്യുന്നവർക്കും ഒരു അവാർഡ് വൈകല്യമുള്ളവർക്ക് ജോലി നൽകുന്ന സ്ഥാപനങ്ങൾക്കും ഒരു അവാർഡ് വികലാംഗരുടെ ഉന്നമനത്തിന് പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്കും നൽകി വരുന്നു.

## സാമൂഹ്യനീതി വകുപ്പിന്റെ ആധുനികവൽക്കരണം

**3.17** ഭിന്നശേഷിക്കാർക്കായി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും പ്രോഗ്രാമുകളും നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോം, വകുപ്പിന്റെ വിവിധ ഓഫീസുകളിലും ക്ഷേമസ്ഥാപനങ്ങളിലും ഇ-ഗവേണൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഓഫീസുകളുടെ നവീകരണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കൽ, വിവിധ പദ്ധതികളുടെ എല്ലാ വ്യക്തിഗത ഗുണഭോക്താക്കളെയും സുനീതി വെബ് പോർട്ടലിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ നവീകരണം, ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ എന്നിങ്ങനെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി വകുപ്പ് വരും വർഷങ്ങളിലേയ്ക്ക് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## ഭാവി പദ്ധതികളും വികസന പ്രവർത്തനങ്ങളും

**3.18** നിലവിൽ വകുപ്പ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന വിവിധ തുടർപദ്ധതി പ്രവർത്തനങ്ങൾക്കു പുറമേ ട്രാൻസ്ജെൻഡർ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങൾക്കായി പുതിയ പദ്ധതികളും പരിപാടികളും ആരംഭിക്കുന്നതിനും വകുപ്പ് വിഭാവനം ചെയ്യുന്നുണ്ട്. വൈകല്യങ്ങൾക്കായുള്ള റിസർച്ച് & ഗൈഡൻസ് സെൽ സ്ഥാപിക്കൽ, മലപ്പുറത്ത് ഭിന്നശേഷിക്കാർക്കായി അന്താരാഷ്ട്ര ഭിന്നശേഷി ഗ്രാമം, എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസ ഗ്രാമം സ്ഥാപിക്കൽ, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി സ്വത്ത് കൈകാര്യം ചെയ്യുന്നതിനായി ഒരു ട്രസ്റ്റിന്റെ രൂപീകരണം. ട്രാൻസ്ജെൻഡർ

വ്യക്തികൾക്ക് വേണ്ടി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കൽ, വരുംവർഷങ്ങളിൽ ഇന്ത്യയിലെ ആദ്യത്തെ ബാരിയർ ഫ്രീ സംസ്ഥാനമായി മാറ്റുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ, അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ, ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എൻ.എസ്.എസ് വോളന്റിയർ സേന രൂപീകരണം, 60 വയസ്സിന് മുകളിലുള്ള അഗതികളായ ട്രാൻസ്ജെൻഡർമാർക്ക് പെൻഷൻ നൽകാനുള്ള പദ്ധതി, നിയമവിരുദ്ധമായി രാജ്യത്ത് പ്രവേശിച്ച വിദേശികൾക്കും, ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികൾക്കും താത്കാലിക അഭയം നൽകുന്നതിനുള്ള ട്രാൻസിറ്റ് ഹോമുകൾ ആരംഭിക്കൽ തുടങ്ങിയ വിവിധ പദ്ധതികളും വികസന പ്രവർത്തനങ്ങളും വകുപ്പ് വരുംവർഷങ്ങളിലേയ്ക്ക് ആസൂത്രണം ചെയ്തിട്ടുണ്ട്.

# അധ്യായം -4
# വസ്തുതകളും അപഗ്രഥനവും (Facts & Analysis)

**4.1** സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചതോടെ ഈ വകുപ്പിന് ജില്ലാതലത്തിനു താഴെ ഭരണസംവിധാനം ഇല്ലാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും സേവനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി താഴേത്തട്ടിൽ ഭരണ നിർവഹണ സംവിധാനം സൃഷ്ടിക്കുന്ന കാര്യത്തിലും പ്രവൃത്തി പഠനം നടത്തുവാൻ തീരുമാനിച്ചു. പഠനത്തിന്റെ ഭാഗമായി ആസ്ഥാന കാര്യാലയവും വിവിധ ജില്ലാ ഓഫീസുകളും ക്ഷേമസ്ഥാപനങ്ങളും സന്ദർശിച്ച് നേരിട്ട് ശേഖരിച്ച വിവരങ്ങളും ദ്വിതീയ സ്ഥിതിവിവരങ്ങളും വിശകലനം ചെയ്താണ് വകുപ്പിന്റെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭരണ നിർവഹണത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും സേവനങ്ങൾ അർഹതപ്പെട്ടവരിലേയ്ക്ക് എത്തിക്കുന്നതിന് ഉതകുന്ന ശിപാർശകളിലേക്ക് എത്തിച്ചേരുകയും ചെയ്തിട്ടുള്ളത്.

**<u>സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവ സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലാക്കുന്നതിനുള്ള നടപടി</u>**

**4.2** 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമ പ്രകാരം (Rights of Persons with Disabilities Act, 2016) ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ അതതു സർക്കാരുകളുടെ പൂർണ്ണ ഉത്തരവാദിത്തമാണ്. ഇവർക്കായി സംസ്ഥാന സർക്കാർ വിവിധ പരിപാടികൾ വിവിധ വകുപ്പുകൾ വഴി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനും തൊഴിൽ പരിശീലനങ്ങൾ സാധ്യമാക്കുന്നതിനുമായി സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ഇൻക്ലൂസീവ് എജ്യൂക്കേഷൻ, വൊക്കേഷണൽ ട്രെയിനിങ് സെന്ററുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ മുതലായവ പ്രവർത്തിച്ചു വരുന്നു.

**4.3** ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016 പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന മുഴുവൻ സർക്കാരിതര സ്ഥാപനങ്ങളും സാമൂഹ്യനീതി വകുപ്പിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. സർക്കാർ - സർക്കാരിതര മേഖലകളിലായി വിവിധ പ്രവർത്തനങ്ങൾ പല ഏജൻസികളും ഇവർക്കായി നടപ്പിലാക്കി വരുന്നുണ്ട്. ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം ഇത്തരത്തിൽ ഭിന്നശേഷിക്കാരുടെ

ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വകുപ്പുകളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന നോഡൽ വകുപ്പായി സാമൂഹ്യനീതി വകുപ്പിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ

**4.4** തീവ്ര മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പരിചരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിലാണ് ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. കൂടാതെ 18 വയസ്സിന് മുകളിലുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. നിലവിൽ 140 ബഡ്സ് സ്കൂളുകളും 293 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു.

സ്പെഷ്യൽ സ്കൂളുകൾ

**4.5** ഭിന്നശേഷിക്കാരായ കുട്ടികളെ പ്രത്യേകമായി പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളാണ് സ്പെഷ്യൽ സ്കൂളുകൾ. കാഴ്ച, കേൾവി, ബൗദ്ധിക പ്രയാസങ്ങളുള്ള കുട്ടികൾക്കായി പ്രത്യേകം സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. കാഴ്ച, കേൾവി പ്രയാസങ്ങളുള്ളവർക്കായി 43 സ്കൂളുകളും, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി ഒരു സ്പെഷ്യൽ സ്കൂളും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമേ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ 300-ലധികം സ്പെഷ്യൽ സ്കൂളുകളും, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 2005 വരെ സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളെല്ലാം സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്നു. ഇവർക്ക് കേന്ദ്ര-സംസ്ഥാന ഗ്രാന്റുകൾ വകുപ്പ് മുഖേനയാണ് നൽകിയിരുന്നത്. 2005-ൽ ഇത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലേക്ക് മാറ്റുകയായിരുന്നു. ഇപ്പോഴും കേന്ദ്രസർക്കാർ ഗ്രാന്റുകൾ നൽകുന്നതിനു മുന്നോടിയായുള്ള പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് ജില്ലാ സാമൂഹ്യനീതി ഓഫീസറാണ്.

**4.6** സ്പെഷ്യൽ സ്കൂളുകളിൽ എത്തുന്നവരിൽ ഭൂരിഭാഗവും തീവ്ര ഭിന്നശേഷി ഉള്ളവരായിരിക്കും. ഈ സ്കൂളുകളിൽ അക്കാദമിക വിഷയങ്ങളേക്കാൾ കൂടുതൽ കുട്ടികളുടെ ദൈനംദിന ജീവിത പ്രക്രിയകളിൽ സ്വയംപര്യാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. വ്യക്തിഗത പരിശീലന പരിപാടികൾ ഇതിനായി

ആസൂത്രണം ചെയ്യുന്നു. കൂടാതെ സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി മുതലായവയും ഇവിടെ കുട്ടികൾക്ക് നൽകി വരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് വഴി ഇത്തരം സേവനങ്ങളൊന്നും തന്നെ പ്രത്യേക വിദ്യാലയങ്ങളിൽ ഒരുക്കുന്നില്ല. ഇത്തരത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ സാധാരണ വിദ്യാലയങ്ങളുടെ നിലയിൽ പരിഗണിക്കാനാവില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പാഠ്യപദ്ധതിയിൽ ഈ കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നത് പ്രായോഗികമല്ലെന്ന് വിലയിരുത്തുന്നു.

**4.7** നിലവിൽ സാമൂഹ്യനീതി വകുപ്പിന് താഴെത്തട്ടിൽ ജില്ലാ ഓഫീസുകൾ മാത്രമാണുള്ളത്. അതിനാൽ താഴെത്തട്ടിൽ വരെ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പ്രവർത്തനം സുഗമമായി നടത്തുന്നതിന് തടസ്സങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ സ്പെഷ്യൽ/ബഡ്സ് സ്കൂളുകളെ വകുപ്പിന്റെ ഒരു നോഡൽ സെന്ററാക്കി മാറ്റുന്നത് വഴി ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി തൊട്ടടുത്ത കേന്ദ്രം വഴി അപേക്ഷകൾ നൽകുന്നതിന് സാധ്യമാകും.

**4.8** സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും പുനരധിവാസത്തിനും ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണം പൂർണ്ണമായും സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തുന്നു. ഭിന്നശേഷി വിഭാഗത്തിന് അവകാശ അധിഷ്ഠിത സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനും അവർക്ക് വേണ്ടി ശക്തമായ ഇടപെടൽ നടത്തുന്നതിനും സ്പെഷ്യൽ സ്കൂൾ സംവിധാനം ഉപയോഗപ്പെടുത്തുന്നത് വഴി സാധ്യമാകും. സ്പെഷ്യൽ സ്കൂളുകളേയും ബഡ്സ് സ്കൂളുകളേയും സാമൂഹ്യനീതി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ കൊണ്ടുവന്നെങ്കിൽ മാത്രമേ വകുപ്പിന് ഈ കാര്യങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ സാധിക്കുകയുള്ളൂ എന്ന് വിലയിരുത്തുന്നു.

**4.9 സ്പെഷ്യൽ സ്കൂൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ നിയന്ത്രണം പൂർണ്ണമായും സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണം, പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ കൂടിയാലോചിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നതിന് ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണെന്ന്**

**ശിപാർശ ചെയ്യുന്നു.**

**കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ നിയന്ത്രണം**

**4.10** മുതിർന്ന പൗരന്മാർ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വിവിധ രോഗങ്ങൾ ബാധിച്ചവർ എന്നിവരുൾപ്പെടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ രൂപീകരിച്ച് മിഷൻ മോഡിൽ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2008-ൽ സാമൂഹ്യനീതി വകുപ്പിന് കീഴിലാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) ആരംഭിച്ചത്. ആദ്യഘട്ടത്തിൽ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നത് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറായിരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ ഒരു സപ്പോർട്ട് ഏജൻസിയായി പ്രവർത്തനമാരംഭിച്ച കേരള സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ സ്വതന്ത്രമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**4.11** പദ്ധതി ചെലവിൽ 60 കോടി രൂപയ്ക്ക് താഴെയുള്ള തുകയാണ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന നിർവഹണം നടത്തുന്നത്. അതേസമയം സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏകദേശം 200 കോടി രൂപയുടെ പദ്ധതി നിർവഹണം നടത്തുന്നുണ്ട്. മിഷൻ മോഡിൽ നടപ്പാക്കിക്കഴിഞ്ഞ പല ധനസഹായ പദ്ധതികളും സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വകുപ്പിന് കൈമാറി തുടർനിർവഹണം നടത്താത്ത സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ മിഷന് മിഷൻ മോഡിൽ നടത്തേണ്ട പദ്ധതികളിൽ കൂടുതൽ കേന്ദ്രീകരിക്കാനാകാത്ത സാഹചര്യം ഉണ്ടാകും. മിഷൻ പ്രവർത്തനം ആവശ്യമില്ലാത്ത പദ്ധതികൾ സാമൂഹ്യ സുരക്ഷാ മിഷനിൽ നിലനിർത്തുന്നത്, അതൊരു സമാന്തര ഡയറക്ടറേറ്റായി പ്രവർത്തിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതാണ്.

**4.12** കേൾവി വൈകല്യമുള്ളവർക്കുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ഫണ്ട് സാമൂഹ്യനീതി വകുപ്പ് സോഷ്യൽ സെക്യൂരിറ്റി മിഷനു നൽകുകയും മിഷൻ ബന്ധപ്പെട്ട ആശുപത്രികൾക്ക് ഈ ഫണ്ട് കൈമാറുകയുമാണ് നിലവിൽ ചെയ്യുന്നത്. മിഷൻ വഴി ഫണ്ട് അനുവദിക്കുന്നതും അതിന്റെ പ്രവർത്തനത്തിൽ വകുപ്പിന് നേരിട്ട് നിയന്ത്രണമില്ലാത്തതും പദ്ധതിയുടെ നടത്തിപ്പിൽ കാലതാമസം ഉണ്ടാക്കുന്നതിന് ഇടയാക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളുടെ പദ്ധതി നിർവഹണത്തിലും ഫീൽഡ്തല പ്രവർത്തനങ്ങളിലും ഫലപ്രദമായ ഏകോപനമില്ലാത്തതു കൊണ്ടാണ് ഇത് സംഭവിക്കുന്നത്.

ഓരോ ഏജൻസിയും പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ നടത്തിപ്പിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതുമാണ്.

**4.13** ഭിന്നശേഷിയുള്ളവരുടെ ക്ഷേമം മുൻനിർത്തി കേരള സാമൂഹ്യസുരക്ഷാ മിഷൻ (KSSM), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR), കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (KSHPWC), സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID) എന്നീ ഏജൻസികൾ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളുടെ ഏകോപനവും ഫീൽഡ് ഫോളോഅപ്പും സാമൂഹ്യനീതി വകുപ്പ് നിർവഹിക്കേണ്ടതാണെന്ന് ശ്രീ.വി.എൻ.ജിതേന്ദ്രൻ സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട് (റിപ്പോർട്ടിലെ ഖണ്ഡിക നം.2.1.1-ലെ എ.3).

<u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID)</u>

**4.14** ഭിന്നശേഷി വിഭാഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി 2012-ലാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (എസ്.ഐ.ഡി) രൂപീകരിച്ചത്. അന്നുമുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അനുബന്ധ പദ്ധതിയായിട്ടാണ് ഇത് പ്രവർത്തിച്ചു വരുന്നത്. സാമൂഹ്യ സുരക്ഷാമിഷൻ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെയാണ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

**4.15** ഭിന്നശേഷി മേഖലയിൽ വിവിധ വകുപ്പുകളും ഏജൻസികളും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം ജില്ലാതലത്തിൽ ഏകോപനം നടത്തേണ്ട ചുമതല സാമൂഹ്യനീതി ജില്ലാ ഓഫീസർമാർക്കാണ്. എന്നാൽ നിലവിൽ പ്രവർത്തനരീതിയിൽ സാമൂഹ്യസുരക്ഷാ മിഷൻ, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് എന്നിവ മുഖേനയുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖാന്തരം ഏകോപിപ്പിക്കപ്പെടുന്നില്ല. ഡയറക്ടറേറ്റ് മുഖേനയും സാമൂഹ്യസുരക്ഷാ മിഷൻ മുഖേനയുമുള്ള പ്രവർത്തനങ്ങൾ സമാന്തരമായി നടക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

**4.16** ഭിന്നശേഷിക്കാരുടെ മേഖലയിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും ഇതിനായി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിനെ അതിന്റെ സ്വതന്ത്ര സ്വഭാവവും തീരുമാനങ്ങളെടുക്കാനുള്ള

എംപവേർഡ് കമ്മിറ്റി സംവിധാനങ്ങളും നിലനിർത്തിക്കൊണ്ട് സാമൂഹ്യനീതി ഡയറക്ടർക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ വകുപ്പിനകത്ത് പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര ഡിവിഷനായി തീരുമാനിക്കാവുന്നതാണെന്നും ശ്രീ.വി.എൻ.ജിതേന്ദ്രൻ സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു (റിപ്പോർട്ടിലെ ഖണ്ഡിക നം.2.1.1-ലെ (ജെ)). ഈ ശിപാർശ അംഗീകരിച്ചു കൊണ്ടാണ് സാമൂഹ്യനീതി വകുപ്പിന്റേയും വനിത-ശിശു വികസന വകുപ്പിന്റേയും വിഷയവിഭജനം പൂർത്തിയാക്കിയിട്ടുള്ളത്. 21.01.2018-ലെ സ.ഉ(സാധാ) നം.26/2018/സാനീവ പ്രകാരമുള്ള വിഷയ വിഭജനം പ്രകാരം സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**4.17** എസ്.ഐ.ഡിയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേകം സ്റ്റേറ്റ് പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന് ഈ പദ്ധതിയിൽ ചുമതലകൾ കുറവാണ്. അതിനാൽ എസ്.ഐ.ഡി-യെ സാമൂഹ്യ സുരക്ഷാ മിഷന്റെ അനുബന്ധ പദ്ധതിയായി പ്രവർത്തിപ്പിക്കേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ല. വകുപ്പിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിനെ സാമൂഹ്യനീതി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരാവുന്നതാണെന്ന് പഠനസംഘം വിലയിരുത്തുന്നു. ഭിന്നശേഷി വിഭാഗത്തിനു വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത സ്വഭാവം ഉണ്ടാകുന്നതിനും ആ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ നടപടി കൂടുതൽ ഫലപ്രദമാകുമെന്നും വിലയിരുത്തുന്നു.

**4.18** കരാർ ജീവനക്കാരെ നിയോഗിച്ചുകൊണ്ടാണ് സാമൂഹ്യ സുരക്ഷാ മിഷൻ, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID) തുടങ്ങിയ ഏജൻസികൾ പദ്ധതികൾ നടപ്പാക്കി വരുന്നത്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ 227 തസ്തികകളും സാമൂഹ്യ സുരക്ഷാ മിഷനിൽ 561 തസ്തികകളുമാണുള്ളത്. സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന സ്കീമുകളായ വയോമിത്രം, മിഠായി, വി കെയർ, മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ, സ്നേഹസാന്ത്വനം തുടങ്ങിയ വിവിധ പദ്ധതികളുടെ നിർവഹണത്തിനായി വിവിധ കാറ്റഗറികളിലായി 516 തസ്തികകളാണുള്ളത്.

**4.19** സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് സാമൂഹ്യസുരക്ഷാ മിഷൻ, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് എന്നിവ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തലങ്ങളിൽ അനുവദിച്ചിട്ടുള്ള കരാർ

ജീവനക്കാർ, ജില്ലകളിലെ വിവിധ മിഷൻ പ്രോജക്ടുകളിലായി നിയോഗിച്ചിട്ടുള്ള കരാർ ജീവനക്കാർ എന്നിവരുടെ സേവനം സാമൂഹ്യനീതി വകുപ്പിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

**4.20** അംഗൻവാടി ജീവനക്കാർ വനിത-ശിശു വികസന വകുപ്പിന്റെ നിയന്ത്രണത്തിലായതോടെ സാമൂഹ്യനീതി വകുപ്പിന് നഷ്ടപ്പെട്ട താഴെതട്ടിലെ ശൃംഖല സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഈ കരാർ ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണെന്ന് വിലയിരുത്തുന്നു. ഓരോ ഏജൻസിയും പ്രത്യേകമായി പദ്ധതികൾ നടപ്പാക്കുമ്പോൾ നടത്തിപ്പിൽ ഉണ്ടാവുന്ന ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും അതോടൊപ്പം പരിമിതമായ വിഭവശേഷിയെ ഏറ്റവും ഫലപ്രദമായി വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് പരമാവധി സേവനങ്ങൾ എത്തിക്കുന്നതിനും ഇതുവഴി സാധിക്കുന്നതുമാണ്. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷനേയും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിനേയും ഉപയോഗപ്പെടുത്താവുന്നതും ഗുണകരമായ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതുമാണ്.

**4.21** അതിനാൽ, **കേരള സാമൂഹ്യ സുരക്ഷാ മിഷന്റേയും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റേയും പ്രവർത്തനങ്ങൾ പൂർണമായും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി ഭരണ വകുപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.22** കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതും അപേക്ഷകൾ അതത് ഏജൻസികൾക്ക് സമർപ്പിക്കുന്നതും സാമൂഹ്യനീതി വകുപ്പ് വഴിയാണ്. അപേക്ഷകളുടെ പരിശോധന, അപേക്ഷകൾ നിരസിക്കുന്നതിനുള്ള കാരണങ്ങൾ, പദ്ധതിയ്ക്ക് അർഹരായ അപേക്ഷകരുടെ വിശദാംശങ്ങൾ എന്നിവയൊന്നും ഏജൻസികൾ വകുപ്പിനെ അറിയിക്കാറില്ല. അതുമൂലം അപേക്ഷയുടെ തുടർനടപടി സംബന്ധിച്ച വിവരങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിനെ സമീപിക്കുന്നവർക്ക് വിവരങ്ങൾ കൈമാറാൻ വകുപ്പിന് കഴിയുന്നില്ല.

**4.23 സാമൂഹ്യനീതി വകുപ്പ് മുഖേന അപേക്ഷകൾ സ്വീകരിക്കുന്നതും കേരള**

**സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ/കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തുടങ്ങിയ ഏജൻസികൾ വഴി നടപ്പിലാക്കുന്നതുമായ വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതിനുള്ള കാരണങ്ങൾ, അർഹരായ അപേക്ഷകരുടെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന് ലഭ്യമാക്കുന്നതിന് ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>ജില്ലാതലത്തിന് താഴെയുള്ള ഭരണ നിർവ്വഹണ സംവിധാനം</u>**

**4.24** സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വരുന്ന ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ, പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ സമർപ്പിക്കുന്നതിന് ജില്ലാതലത്തിന് താഴെ ഒരു ഓഫീസ് സംവിധാനം (Extension Service) ഇല്ലാത്ത സ്ഥിതി സംജാതമാകുമെന്ന് വകുപ്പ് വിഭജന വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച ശ്രീ.വി.എൻ.ജിതേന്ദ്രൻ നിരീക്ഷിക്കുകയുണ്ടായി (റിപ്പോർട്ടിലെ ഖണ്ഡിക നം.2.5). ആദ്യഘട്ടമെന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ മിനിമം തസ്തിക സംവിധാനത്തിലൂടെ ഓഫീസുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും പുതിയ സംവിധാനം നിലവിൽ വരുന്നതു വരെ വനിത-ശിശു വികസന വകുപ്പിന്റെ ഫീൽഡ് സംവിധാനത്തെ ഈ ആവശ്യത്തിലേയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ശ്രീ.വി.എൻ.ജിതേന്ദ്രന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചു കൊണ്ട് 30.06.2017-ൽ ഉത്തരവ് പുറപ്പെടുവിച്ചു.

**4.25** വിഭജനശേഷം സാമൂഹ്യനീതി വകുപ്പിൽ താഴെത്തട്ടിൽ ഭരണസംവിധാനം സൃഷ്ടിക്കുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വിവിധ ശിപാർശകൾ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർമാരുടെ 264 തസ്തികകളും ഓഫീസുകളും സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം; ബ്ലോക്ക് തലത്തിൽ 152 ഓഫീസുകൾ ആരംഭിക്കുന്നതിനും 1216 തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം; മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലായി 744 തസ്തികകളും 93 ഓഫീസുകളും അനുവദിക്കുന്നതിനുള്ള നിർദ്ദേശം എന്നിങ്ങനെ മൂന്ന് നിർദ്ദേശങ്ങൾ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

**4.26** സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസത്തിനു ശേഷം കാലങ്ങളായി നികത്തപ്പെടാത്തതും വകുപ്പിന്റെ പ്രവർത്തന പുരോഗതിയ്ക്ക് കാതലായ സംഭാവന നൽകാൻ ഇടയില്ലാത്തതുമായ തസ്തികകൾ കണ്ടെത്തി ഒഴിവ് വരുന്ന മുറയ്ക്ക് നിർത്തലാക്കുവാനും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധം അത്യാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ സമർപ്പിക്കുവാനും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ജില്ലാതലത്തിന് താഴെയുള്ള ഓഫീസ് സംവിധാനം ഘട്ടങ്ങളായി നടപ്പാക്കുന്ന വിധത്തിൽ കുറഞ്ഞത് മൂന്ന് ജില്ലകളിൽ രണ്ട് വീതം താലൂക്കുകളിൽ ഓഫീസ് സംവിധാനം ഒരുക്കുന്ന രീതിയിലും, നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നിലവിലുള്ള തസ്തികകൾ നിർത്തലാക്കിക്കൊണ്ടോ, പുതിയ തസ്തികകളാക്കി മാറ്റിക്കൊണ്ടോ നടപ്പാക്കുന്ന രീതിയിലും പരിഷ്കരിച്ച് പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സർക്കാർ പിന്നീട് നിർദ്ദേശിച്ചു.

**4.27** സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് തലത്തിൽ പ്രാഥമിക ഘട്ടത്തിൽ 56 തസ്തികകളും 14 ഓഫീസുകളും അനുവദിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നാലാമതായി ശിപാർശ സമർപ്പിച്ചു. താലൂക്ക് തലത്തിൽ പ്രാഥമിക ഘട്ടത്തിൽ 21 താലൂക്ക്തല സാമൂഹ്യനീതി ഓഫീസർമാരുടെ ഓഫീസുകൾ ആരംഭിക്കുന്നതിനും, സാമൂഹ്യനീതി ഡയറക്ടറേറ്റ്, 14 ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ, 2 വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ എന്നിവ ശക്തിപ്പെടുത്തുന്നതിനായി 101 തസ്തികകൾ സൃഷ്ടിക്കുന്നതിനും 2 തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും 21 തസ്തികകൾ റീ-ഡെസിഗ്നേറ്റ് ചെയ്യുന്നതിനുമായി അഞ്ചാമതൊരു ശിപാർശയും സർക്കാരിൽ സമർപ്പിച്ചു.

**4.28** ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളുടെ സർവതോമുഖമായ വികസനവും കരുതലും ലക്ഷ്യമാക്കി ജില്ലാ ഓഫീസുകൾക്ക് താഴെയായി ഭരണ നിർവഹണ സംവിധാനത്തിന്റെ ആവശ്യകത വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച വിവിധ ശിപാർശകളുടേയും പഠനത്തിന്റെ ഭാഗമായി ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി.

**4.29** വിഭജനത്തിനു മുൻപ് ശിശു വികസന പദ്ധതി ഓഫീസുകളിൽ (ICDS പ്രോജക്ട് ഓഫീസ്) സേവനമനുഷ്ഠിച്ചിരുന്ന മൂവായിരത്തിലധികം ജീവനക്കാരെയും അറുപത്തിനാലായിരത്തിലധികം അംഗൻവാടി ജീവനക്കാരെയും ഉപയോഗിച്ചാണ് മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർമാർ, പാർശ്വവൽക്കരിയ്ക്കപ്പെട്ടവർ, ദുർബല ജനവിഭാഗം എന്നിവർക്കു വേണ്ടി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

വാർഡുതലം മുതലുള്ള സേവനമുൾപ്പെടെ സാമൂഹ്യനീതി വകുപ്പ് നൽകി വന്നിരുന്നത്. ഓരോ വാർഡിലും സാന്നിധ്യമുള്ള അംഗൻവാടി പ്രവർത്തകർ വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചതോടെ ആ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലേയ്ക്ക് മാറ്റപ്പെടുകയുണ്ടായി. വകുപ്പ് വിഭജനത്തോടെ സാമൂഹ്യനീതി വകുപ്പിന് നഷ്ടപ്പെട്ടത് താഴെതട്ടിലെ സുസജ്ജമായ ഒരു ശൃംഖലാ സംവിധാനമാണ്.

**4.30** വിഭജനത്തിന് മുൻപ് അംഗൻവാടികൾ വഴി ആവശ്യമായ സഹായങ്ങൾ ലഭിച്ചിരുന്ന ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കും വകുപ്പ് വിഭജനത്തിന് ശേഷം വകുപ്പിന്റെ സേവനങ്ങളെപറ്റി അറിയുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും നേരിട്ട് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ എത്തിച്ചേരേണ്ട അവസ്ഥയാണുള്ളത്. നല്ലൊരു വിഭാഗം ഗുണഭോക്താക്കൾക്കും വകുപ്പിനെ സമീപിക്കുവാനോ അവർക്ക് അർഹതപ്പെട്ട സേവനങ്ങൾ കരസ്ഥമാക്കുവാനോ സാധിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ജീവിത സാഹചര്യങ്ങൾ, ആരോഗ്യം, സാമ്പത്തികം, യാത്ര ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയ ഒട്ടേറെ കാരണങ്ങൾ ഇതിനു പിന്നിലുണ്ട്.

**4.31** താഴെത്തട്ടിൽ വകുപ്പിന്റെ ഇടപെടൽ പരിമിതപ്പെടുന്നതു മൂലം വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കുമെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നില്ല. ഈ ജനവിഭാഗങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ സാമൂഹ്യസുരക്ഷയും സംരക്ഷണവും ഉറപ്പാക്കുകയെന്ന പ്രാഥമിക ചുമതല നിർവഹിക്കുന്നതിന് വകുപ്പ് പ്രയാസപ്പെടുന്നുവെന്ന് പഠനസംഘം വിലയിരുത്തുന്നു. ഈ വിഭാഗം ജനങ്ങൾക്കായുള്ള പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ താമസസ്ഥലത്തു ചെന്ന് സേവനം നൽകേണ്ടത് വകുപ്പിന്റെ ചുമതലയാണ്.

**4.32** വകുപ്പ് വിഭജനത്തിന് മുൻപ് സംയോജിത ശിശു വികസന പദ്ധതി (ICDS) സംവിധാനത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയാണ് വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുകയും സേവനങ്ങൾ നൽകുകയും ചെയ്തിരുന്നത്. ജില്ലാ ഓഫീസുകൾക്കുപരിയായി ബ്ലോക്ക് തലത്തിലോ താലൂക്ക് തലത്തിലോ ഓഫീസ് സംവിധാനം സൃഷ്ടിക്കുകയും താഴെതലത്തിൽ ജനങ്ങളിലേക്ക് നേരിട്ട് ഇറങ്ങിച്ചെന്ന് സേവനം നൽകുന്നതിന് നേരത്തെ ഉണ്ടായിരുന്ന ICDS സംവിധാനം പോലെ ഒരു സംവിധാനം ഉണ്ടാവുകയും ചെയ്തെങ്കിൽ മാത്രമേ വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

പൂർണ്ണമായി ഫലപ്രാപ്തിയിലെത്തുകയുള്ളൂ. അതേസമയം, ശിശു വികസന പദ്ധതി ഓഫീസുകളിലെ ജീവനക്കാരും അംഗൻവാടി ജീവനക്കാരും ഉൾപ്പെടുന്ന ബൃഹത്തായ ഒരു ശൃംഖലാ സംവിധാനത്തിന് സമാനമായ സംവിധാനം സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനത്തിനായി അതേപടി സൃഷ്ടിക്കുന്നത് പ്രായോഗികമല്ലെന്നും പഠനസംഘം വിലയിരുത്തുന്നു.

**4.33** ഭരണ നിർവഹണ സംവിധാനത്തിന്റെ വലുപ്പം പരമാവധി കുറച്ചുകൊണ്ട്, ഗുണനിലവാരമുള്ള സേവനം അർഹതപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളിലേയ്ക്കും എത്തിക്കുക എന്നതാണ് ജനക്ഷേമത്തിൽ ഊന്നിയുള്ള ഭരണ നിർവഹണം കൊണ്ട് അർത്ഥമാക്കുന്നത്. ആ നിലയ്ക്ക് പരിശോധിക്കുമ്പോൾ വകുപ്പിന്റെ പ്രവർത്തനം താഴെത്തട്ടിൽ ഫലപ്രദമായി എത്തിക്കുന്നതിന് ഏറ്റവും ആവശ്യമായ തസ്തിക ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ സൃഷ്ടിച്ച് കൊണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്നതാവും ഉചിതമെന്ന് പഠനസംഘം വിലയിരുത്തുന്നു. അതിനാൽ **ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ 39300-83000 രൂപ ശമ്പള സ്കെയിലിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -III (Social Justice Extension Officer Grade-III) എന്ന പേരിൽ 245 തസ്തികകൾ (ബ്ലോക്ക് പഞ്ചായത്തുകൾ-152, മുനിസിപ്പാലിറ്റികൾ-87, കോർപ്പറേഷനുകൾ-6) സൃഷ്ടിക്കുവാൻ പഠനസംഘം ശിപാർശ ചെയ്യുന്നു.**

**4.34** സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - III തസ്തികയിലേയ്ക്ക് അംഗീകൃത സർവകലാശാലാ ബിരുദം ഉള്ളവരിൽ നിന്നും കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമനം നടത്താവുന്നതാണ്.

**4.35** സാമൂഹ്യനീതി വകുപ്പിന്റെ പരിധിയിൽ വരുന്ന വിവിധ നിയമങ്ങൾ, മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നീ വിഭാഗങ്ങളുടെ സംരക്ഷണവും അവകാശങ്ങളും ഉറപ്പ് വരുത്തുന്ന സംസ്ഥാന നയങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ ജനവിഭാഗങ്ങൾക്ക് നിയമപരിരക്ഷയും നിയമ അവബോധവും സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക; വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളും പദ്ധതിയേതര പ്രവർത്തനങ്ങളും വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ ജനവിഭാഗങ്ങളിലേയ്ക്കും എത്തിക്കുന്നതിന്റെ ചാലകമായി പ്രവർത്തിക്കുക; അതത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുക; നിർവഹണ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും

സാമൂഹ്യനീതി വകുപ്പിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക; ലക്ഷ്യവിഭാഗത്തിന് സമീപിക്കുന്നതിനും സേവനം നൽകുന്നതിനുമുള്ള ഉദ്യോഗസ്ഥനായി പ്രവർത്തിക്കുകയും അവരുടെ ആവശ്യങ്ങളും പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക; വകുപ്പ് തലത്തിൽ വരുന്ന വിവിധ അന്വേഷണങ്ങളുടേയും റിപ്പോർട്ട് സമർപ്പണത്തിന്റേയും ചുമതല നിർവ്വഹിക്കുക തുടങ്ങിയ ചുമതലകൾ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിക്ഷിപ്തമാക്കാവുന്നതാണ്.

**4.36** സാമൂഹ്യനീതി വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടേയും പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അടുത്തറിഞ്ഞ് കാലോചിതമായ രീതിയിൽ പുതിയ പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിയ്ക്കുന്നതിനായി ഫീൽഡ് തലത്തിൽ നിരന്തരമായ ഇടപെടൽ ആവശ്യമാണ്. വകുപ്പിന്റെ സേവനപരിധിയിൽ വരുന്ന ജനവിഭാഗങ്ങളുടെ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബേസ് നിലവിൽ വകുപ്പിന്റെ കൈവശമില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അവരുടെ കൃത്യമായ വിവരശേഖരണം നടത്തുകയും ഈ വിവരങ്ങൾ കാലികമായി പരിഷ്കരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി ഫീൽഡ് തലത്തിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസറെ സഹായിക്കുന്നതിനായി പ്രത്യേകം ജീവനക്കാരെ കൂടി നിയോഗിക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

**4.37 മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ വ്യക്തികൾ, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവർക്ക് അവകാശപ്പെട്ട സേവനങ്ങൾ അവരുടെ വീട്ടുപടിയ്ക്കൽ ചെന്ന് നൽകുക എന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിനായി സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസറെ സഹായിക്കുന്നതിനും ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്നതിനുമായി സാമൂഹ്യനീതി ഫെസിലിറ്റേറ്റർ എന്ന പേരിൽ ഒരു വിഭാഗം പ്രവർത്തകരെ കൂടി നിയമിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.38** സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാർക്ക് പ്രതിമാസം 20,000 രൂപ ഹോണറേറിയം നിശ്ചയിച്ച് നൽകാവുന്നതാണ്. സാമൂഹ്യനീതി ഫെസിലിറ്റേറ്റർ തസ്തികയുടെ യോഗ്യത, നിയമനം എന്നിവ സംബന്ധിച്ച വ്യവസ്ഥകളും മാനദണ്ഡങ്ങളും വകുപ്പ്തലത്തിൽ നിശ്ചയിക്കാവുന്നതും നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താവുന്നതുമാണ്.

**4.39 സംസ്ഥാനത്ത് നിലവിലുള്ള ആറ് കോർപ്പറേഷനുകളിൽ രണ്ട് വീതം എന്ന ക്രമത്തിൽ 12 പേരേയും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും (152 ബ്ലോക്ക് പഞ്ചായത്തുകൾ) എല്ലാ മുനിസിപ്പാലിറ്റികളിലും (87 മുനിസിപ്പാലിറ്റികൾ) ഒന്ന് വീതം എന്ന ക്രമത്തിൽ 239 പേരേയും (152+87=239) ചേർത്ത് ആകെ 251 പേരെ സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരായി കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.40** സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരുടെ വാർഡ്തലം മുതലുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ നിയോഗിക്കപ്പെടുന്ന സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഏകോപിപ്പിക്കേണ്ടതാണ്. ഫീൽഡ്തല അന്വേഷണങ്ങൾക്കുള്ള സഹായം, പദ്ധതികളുടെ പ്രചാരണം, പദ്ധതി നിർവഹണത്തിനുള്ള സഹായം, സർവ്വേകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ ചുമതലപ്പെടുത്താവുന്നതാണ്. ഫെസിലിറ്റേറ്റർമാരുടെ ചുമതലകൾ നിശ്ചയിച്ചു നൽകുക, പ്രവർത്തനം നിരീക്ഷിക്കുക, ഹാജർ പരിശോധിക്കുക, ഹോണറേറിയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നീ ചുമതലകൾ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർമാർ നിർവഹിക്കേണ്ടതാണ്.

**4.41** സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തനം അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഏകോപിപ്പിക്കേണ്ടതാണ്. ഈ വിഭാഗം ജീവനക്കാരുടെ സർവീസ് സംബന്ധമായ വിഷയങ്ങൾ, എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫെസിലിറ്റേറ്റർമാർക്ക് ഹോണറേറിയം അനുവദിക്കൽ തുടങ്ങിയവയും ജില്ലാ സാമൂഹ്യനീതി ഓഫീസിൽ കൈകാര്യം ചെയ്യേണ്ടതാണ്.

**4.42** സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസറുടെ പ്രവർത്തനത്തിനും സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ ഏകോപിപ്പിക്കുന്നതിനുമായി ഓഫീസുകൾ സജ്ജീകരിക്കേണ്ടതുണ്ട്. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥലലഭ്യതയില്ലാത്ത സാഹചര്യത്തിൽ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

**4.43** സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ കൂടാതെ കേരള സാമൂഹ്യസുരക്ഷാ മിഷന്റെ

കീഴിലുള്ള കരാർ ജീവനക്കാർ, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി (SID) കോ-ഓർനേറ്റർമാർ, 14 ജില്ലകളിൽ നിയമിച്ചിരിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡ് കൗൺസിലർമാർ, സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ എന്നിവരേയും കൂടി ഉൾപ്പെടുത്തി സംയോജിത പ്രവർത്തനത്തിലൂടെ താഴെത്തട്ടിൽ വകുപ്പിന്റെ സേവനങ്ങൾ എത്തിക്കാവുന്നതാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.44** സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർമാരുടെ 245 തസ്തികകൾ സൃഷ്ടിക്കുന്നതു മൂലവും 251 സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ ഹോണറേറിയം അടിസ്ഥാനത്തിൽ നിയമിക്കുന്നതു മൂലവും സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച വിശകലനം അധ്യായം -6-ൽ കാണാവുന്നതാണ്.

**4.45** സാമൂഹ്യനീതി വകുപ്പിന്റെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓർഗനൈസേഷൻ ചാർട്ട് **അനുബന്ധം-IV** -ൽ കാണാവുന്നതാണ്.

**ക്ഷേമസ്ഥാപനങ്ങൾ**

**4.46** മുതിർന്ന പൗരൻമാർ, ഭിന്നശേഷിക്കാർ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ പരിപാലനത്തിനും സംരക്ഷണത്തിനും, പുനരധിവാസത്തിനുമായി സാമൂഹ്യനീതി വകുപ്പിന് കീഴിലായി 28 ക്ഷേമ സ്ഥാപനങ്ങളും 2 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു.

**സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പ്രതിദിന ഹാജർ രേഖപ്പെടുത്തൽ**

**4.47** ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര ക്ഷേമസ്ഥാപനങ്ങളിൽ ഉള്ള അന്തേവാസികളുടെ വിവരങ്ങൾ അതത് ദിവസം വകുപ്പുതലത്തിൽ നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനങ്ങളൊന്നുമില്ല. ഓരോ ദിവസവും സ്ഥാപനത്തിൽ നിലവിലുള്ളവർ, പുതിയതായി പ്രവേശനം നേടിയവർ, ബന്ധുക്കൾക്കൊപ്പം പോകുന്നവർ, ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടവർ, സ്ഥാപനത്തിന്റെ അറിവില്ലാതെ പുറത്തു പോയവർ തുടങ്ങിയവരുടെ വിവരങ്ങൾ സ്ഥാപനങ്ങൾ വകുപ്പിനെ അറിയിക്കാറില്ല. അതിനാൽ ഇക്കാര്യത്തിൽ ഒരു നിരീക്ഷണം നടത്തുവാൻ വകുപ്പിന് സാധിക്കുകയില്ല. പ്രവേശന നടപടികളിൽ കൃത്രിമം കാണിക്കുവാനും അനധികൃതമായി അന്തേവാസികളെ കടത്തുവാനുമുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. സർക്കാരിതര ക്ഷേമ സ്ഥാപനങ്ങളിൽ ചിലതിലെങ്കിലും

ഒറ്റപ്പെട്ടതായ മനുഷ്യാവകാശ ലംഘനങ്ങളും പീഡനങ്ങളും നടക്കുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. അനധികൃതമായി സ്ഥാപനത്തിൽ പ്രവേശിപ്പിക്കുകയോ മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റുകയോ, മരണപ്പെടുകയോ അസുഖബാധിതരായി ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയോ ചെയ്യുന്നവരുടെ കൃത്യമായ വിവരങ്ങൾ അതതു ദിവസങ്ങളിൽ വകുപ്പ് നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് വിലയിരുത്തുന്നു. സാമൂഹ്യനീതി വകുപ്പിന്റെ നിരീക്ഷണം എപ്പോഴും സ്ഥാപനത്തിന് മേൽ ഉണ്ടെങ്കിൽ അവ കൂടുതൽ ജാഗരൂകരാകുകയും ഇത്തരം നടപടികളിലേക്ക് കടക്കുന്നതിന് പുനർവിചിന്തനം നടത്തുകയും ചെയ്യും.

**4.48 സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള മുഴുവൻ സർക്കാർ/സർക്കാരിതര ക്ഷേമസ്ഥാപനങ്ങളിലുമുള്ള അന്തേവാസികളുടെ പ്രതിദിന ഹാജരും പുതിയതായി പ്രവേശനം നേടുന്നവർ, ബന്ധുക്കൾക്കൊപ്പം പോകുന്നവർ, ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടവർ, സ്ഥാപനത്തിന്റെ അറിവില്ലാതെ പുറത്തു പോയവർ തുടങ്ങിയവരുടെ വിവരങ്ങളും വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു കേന്ദ്രീകൃത ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.** ഓരോ ദിവസവും രാവിലെ ഈ വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യാൻ എല്ലാ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്.

**<u>ക്ഷേമസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി</u>**

**4.49** വകുപ്പിന് കീഴിലുള്ള സർക്കാർ ക്ഷേമസ്ഥാപനങ്ങളിൽ ഏറ്റവും അത്യാവശ്യമായ പല തസ്തികകളും (മെയിൽ അറ്റൻഡർ, കുക്ക്, മേട്രൺ മുതലായവ) പല സ്ഥാപനങ്ങളിലും ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ഇത് സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തെ വലിയ തോതിൽ ബാധിക്കുന്നതായി വിലയിരുത്തുന്നു. ഭിന്നശേഷിയുള്ളവരും പ്രായംചെന്നതും മാനസിക വെല്ലുവിളികൾ നേരിടുന്നവരും വാർദ്ധക്യ സഹജമായ അസുഖങ്ങളുള്ളതുമായ അന്തേവാസികളുടെ പരിചരണത്തിനായി നിലവിലുള്ള ജീവനക്കാർ തന്നെ തികയാത്ത സാഹചര്യത്തിൽ തസ്തികകളിൽ ആളില്ലാത്ത അവസ്ഥ കൂടി ഉണ്ടാകുമ്പോൾ സ്ഥാപനത്തിന്റെ പ്രവർത്തനം സ്വാഭാവികമായും പ്രതിസന്ധിയിലാകും. അതിനാൽ **വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ക്ഷേമസ്ഥാപനങ്ങളിലുമായി ഒഴിഞ്ഞു കിടക്കുന്ന വിവിധ തസ്തികകൾ സ്ഥാനക്കയറ്റം/തസ്തികമാറ്റം/പി.എസ്.സി നിയമനം വഴി നികത്തുന്നതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.50** സർക്കാർ ക്ഷേമസ്ഥാപനങ്ങളിൽ അന്തേവാസികളുടെ പരിചരണത്തിനായി മൾട്ടി

ടാസ്ക് കെയർ പ്രൊവൈഡർമാരെ (MTCP) കരാർ/ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. സ്ഥാപനത്തിന്റെ മാനേജ്മെന്റ് കമ്മിറ്റിയാണ് പ്രസ്തുത നിയമനത്തിന്റെ നടപടികൾ സ്വീകരിക്കുന്നത്. അന്തേവാസികൾക്ക് കൃത്യമായ ശ്രദ്ധയും പരിചരണവും ലഭിക്കുന്നതിന് ഈ വിഭാഗം ജീവനക്കാരുടെ സേവനവും വലിയതോതിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. **സർക്കാർ ക്ഷേമസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ആവശ്യമായ എണ്ണം മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്**.

**4.51** ചികിത്സ കൊണ്ട് ഭേദപ്പെടുത്തുവാൻ കഴിയാത്ത വിധത്തിലുള്ള മാനസിക വൈകല്യമുള്ള, 18 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളെ സംരക്ഷിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ (പ്രത്യാശ ഭവൻ) ഉൾക്കൊള്ളാവുന്നവരുടെ എണ്ണം 25 ആണ്. എന്നാൽ അവിടെ നിലവിൽ 37 അന്തേവാസികളുണ്ട്. അതീവ ശ്രദ്ധ ആവശ്യമുള്ള ഇത്തരം സ്ഥാപനങ്ങളിൽ ജീവനക്കാർക്കു പുറമേ ആരോഗ്യ പ്രവർത്തകരുടെ സേവനവും അത്യാവശ്യമാണെന്ന് വിലയിരുത്തുന്നു. **നിർദ്ദിഷ്ട യോഗ്യതയുള്ള നഴ്സുമാരെ ഈ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.**

## സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

**4.52** ഓരോ ജില്ലയിലും ഭിന്നശേഷിക്കാർക്കായി പ്രവർത്തിച്ചുവരുന്ന രജിസ്റ്റേർഡ് ക്ഷേമസ്ഥാപനങ്ങൾ മൂന്നുവർഷം കൂടുമ്പോഴും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾ നാല് വർഷം കൂടുമ്പോഴും രജിസ്ട്രേഷൻ പുതുക്കണം എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ തീയതി, രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്ന തീയതി, രജിസ്ട്രേഷൻ പുതുക്കേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ നിലവിൽ വകുപ്പിൽ ലഭ്യമല്ല. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ രജിസ്ട്രേഷൻ കാലാവധി പൂർത്തിയാക്കിയ ഒരു സ്ഥാപനം അത് പുതുക്കുന്നതിനു വേണ്ടി അപേക്ഷ നൽകിയിട്ടുണ്ടോ അനധികൃതമായിട്ടാണോ പ്രവർത്തിക്കുന്നത് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. അതിനാൽ **സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമസ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, കാലാവധി തുടങ്ങിയ സമഗ്രമായ വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാബേസ് തയ്യാറാക്കുകയും അത് കൃത്യമായി നിരീക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**പുതിയ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ**

**4.53** അശരണരായ സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, യാചകർ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭവനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതും ഓർഫനേജ് കൺട്രോൾ ബോർഡാണ്. പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ ശിപാർശ ആവശ്യമില്ല. സ്ഥാപനം നേരിട്ട് ഓർഫനേജ് കൺട്രോൾ ബോർഡിന് അപേക്ഷ നൽകുകയും ബോർഡ് പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകുകയും ചെയ്യുന്നതാണ് നിലവിലെ രീതി. ആയതിനാൽ ഒരു സ്ഥാപനത്തിന് അംഗീകാരം ലഭിച്ച ശേഷമേ വകുപ്പ് അറിയാറുള്ളൂ. **പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള പരിശോധനാ സമിതിയിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ പ്രാതിനിധ്യം കൂടി ആവശ്യമാണെന്ന് വിലയിരുത്തുന്നു. ആ രീതിയിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ**

**4.54** ഭിന്നശേഷിക്കാർക്ക് തൊഴിൽപരിശീലനം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടും ഓരോ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ സെന്ററിൽ വിവിധ കാറ്റഗറികളിലായി 8 തസ്തികകളും (സൂപ്പർവൈസർ-1, സീനിയർ ഇൻസ്ട്രക്ടർ-1, സോഷ്യൽ സയന്റിസ്റ്റ്-1, ഇൻസ്ട്രക്ടർ-ബുക്ക് ബൈന്റിംഗ്-1, ഇൻസ്ട്രക്ടർ-ടെയ്‌ലറിംഗ് & എംബ്രോയ്ഡറി-1, ഇൻസ്ട്രക്ടർ-പ്രിന്റിംഗ്-1, ഓഫീസ് അന്റഡന്റ്-1, പാർട്ട് ടൈം സ്വീപ്പർ-1) കോഴിക്കോട് സെന്ററിൽ 7 തസ്തികകളുമാണുള്ളത് (സൂപ്പർവൈസർ-1, ഇൻസ്ട്രക്ടർ-ബുക്ക് ബൈന്റിംഗ്-1, ഇൻസ്ട്രക്ടർ-ലെതർ വർക്ക്-1, ഇൻസ്ട്രക്ടർ-പ്ലാസ്റ്റിക് വർക്ക്-1, ഇൻസ്ട്രക്ടർ-പോട്ടറി & മാറ്റ് വീവിംഗ്-1, ഓഫീസ് അന്റഡന്റ്-1, പാർട്ട് ടൈം സ്വീപ്പർ-1). ഇരുസ്ഥാപനങ്ങളിലേയും സൂപ്പർവൈസർ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. നിലവിൽ സ്ഥാപനങ്ങളിലെ മറ്റ് ഉദ്യോഗസ്ഥർക്ക് സൂപ്പർവൈസറുടെ അധിക ചുമതല നൽകിയാണ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നത്. തിരുവനന്തപുരം സെന്ററിലെ സോഷ്യൽ സയന്റിസ്റ്റ്, ഇൻസ്ട്രക്ടർ-പ്രിന്റിംഗ് എന്നീ തസ്തികകളും കോഴിക്കോട് സെന്ററിലെ ഇൻസ്ട്രക്ടർ-പ്ലാസ്റ്റിക് വർക്ക്,

ഇൻസ്ട്രക്ടർ-പോട്ടറി & മാറ്റ് വീവിംഗ് എന്നീ തസ്തികകളും നാളുകളായി ഒഴിഞ്ഞു കിടക്കുന്നു.

**4.55** ഈ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി ബുക്ക് ബൈന്റിംഗ്, ടെയിലറിംഗ് & എംബ്രോയ്ഡറി, ലെതർ വർക്സ്, പ്രിന്റിംഗ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡി.റ്റി.പി, വേഡ് പ്രോസസിംഗ്, ഓഫീസ് ഓട്ടോമേഷൻ മുതലായ കോഴ്സുകൾ നടത്തിവരുന്നു. ബൈന്റിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കി സ്വന്തമായി ജോലി ചെയ്യാൻ പറ്റുന്ന കുട്ടികൾക്ക് തൊഴിൽ നൽകുക എന്ന ഉദ്ദേശത്തോടെ തിരുവനന്തപുരം വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഒരു പ്രിന്റിംഗ് & ബൈന്റിംഗ് വർക്ക് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

**4.56** തിരുവനന്തപുരം വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ നിലവിലുള്ള ഇൻസ്ട്രക്ടർ-പ്രിന്റിംഗ് എന്ന തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. സ്ഥാപനത്തിൽ പ്രിന്റിംഗ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രസ് നവീകരിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. ഇൻസ്ട്രക്ടർ-പ്രിന്റിംഗ് എന്ന തസ്തികയിൽ നിയമനം നടത്തേണ്ടതായിട്ടുണ്ട്. അതേ സമയം കോഴിക്കോട് സെന്ററിലെ പ്ലാസ്റ്റിക് വർക്സ്, പോട്ടറി & മാറ്റ് വീവിംഗ് എന്നീ വിഭാഗങ്ങളിൽ കോഴ്സുകളൊന്നും നടത്തുന്നില്ല. രണ്ട് വിഭാഗങ്ങളിലേയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. താരതമ്യേന കാലഹരണപ്പെട്ട ഈ തസ്തികകളിൽ നിയമനം നടത്തേണ്ടതില്ലെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.57 കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിലെ 26500-60700 ശമ്പള സ്കെയിലിലുള്ള ഇൻസ്ട്രക്ടർ-പ്ലാസ്റ്റിക് വർക്സ്, ഇൻസ്ട്രക്ടർ-പോട്ടറി & മാറ്റ് വീവിംഗ് എന്നീ രണ്ട് തസ്തികകൾ അതേ ശമ്പള സ്കെയിലുള്ള മേട്രൺ ഗ്രേഡ്-I എന്ന പേരിൽ പുനർനാമകരണം ചെയ്യാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു. ഇപ്രകാരം പുനർനാമകരണം ചെയ്യുന്ന മേട്രൺ ഗ്രേഡ്-I-ന്റെ തസ്തികകൾ പ്രത്യാശ ഭവൻ, തൃശ്ശൂർ, ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് എന്നീ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കാവുന്നതാണ്.**

<u>**പ്രൊബേഷൻ ഓഫീസുകൾ**</u>

**4.58** കുറ്റകൃത്യങ്ങളിൽ നിന്നും സമൂഹത്തെ മോചിപ്പിക്കുക, ജയിലുകളിലെ ആൾപ്പെരുപ്പം കുറയ്ക്കുക തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി നിലകൊള്ളുന്ന പ്രൊബേഷൻ സംവിധാനത്തിന് കേരളത്തിന്റെ സാമൂഹിക പ്രതിരോധ രംഗത്ത് വളരെയധികം

പ്രാധാന്യമുണ്ട്. ജില്ലാതലത്തിൽ നല്ലനടപ്പ നിയമ പ്രകാരം വിട്ടുതൽ ചെയ്യപ്പെട്ട പ്രൊബേഷണർമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, പുനരധിവാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം, കേരള പ്രിസണേഴ്സ് റൂൾസ് പ്രകാരം തടവുകാരുടെ അവധി അപേക്ഷയിൽ അന്വേഷണം നടത്തുക മുതലായവയാണ് പ്രൊബേഷൻ ഓഫീസുകളുടെ പ്രധാന ചുമതലകൾ.

**4.59** പ്രൊബേഷൻ സംവിധാനത്തിന് കീഴിൽ 14 ജില്ലകളിലും ആറ്റിങ്ങൽ, മൂവാറ്റുപുഴ എന്നിവിടങ്ങളിലുമായി ആകെ 16 പ്രൊബേഷൻ ഓഫീസുകളാണുള്ളത്. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -I, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -II എന്നീ വിഭാഗങ്ങളിലെ കേഡർ സ്ട്രെങ്ത് യഥാക്രമം 17-ഉം 23-ഉം ആണ്. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -I-ന്റെ 17 തസ്തികകളും പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -II-ന്റെ 18 തസ്തികകളുമാണ് നിലവിലുള്ളത്. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -II-ന്റെ 5 തസ്തികകൾ വനിത-ശിശു വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലാണ് വിന്യസിച്ചിരിക്കുന്നത്.

**4.60** സംയോജിത ശിശു സംരക്ഷണ പദ്ധതി (Integrated Child Protection Scheme) സംവിധാനം ആരംഭിക്കുന്നതിന് മുമ്പ് കുട്ടികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ചിൽഡ്രൻസ് ഹോമുകളിലായി 5 പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികകൾ രൂപീകരിക്കുകയും അവർ പ്രൊബേഷൻ സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. ജുവനൈൽ ജസ്റ്റിസ് നിയമവുമായി ബന്ധപ്പെട്ട് വരുന്ന അന്വേഷണങ്ങൾക്കായി നിയോഗിക്കപ്പെട്ടിരുന്നവരായിരുന്നു ഈ ഉദ്യോഗസ്ഥർ.

**4.61** സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്) നടപ്പിൽ വരുന്നതിന് മുമ്പ് പ്രൊബേഷൻ സംവിധാനം വഴിയാണ് കുട്ടികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ മുഴുവനും ഏകോപിപ്പിച്ചിരുന്നത്. ഈ പദ്ധതി പൂർണ്ണമായും വനിത-ശിശു വികസന വകുപ്പിന്റെ നിയന്ത്രണത്തിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. പ്രൊബേഷൻ ഓഫീസർമാരെ പൂർണമായും ഒഴിവാക്കിക്കൊണ്ട് ശിശു വികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നീ തസ്തികയിലെ ഉദ്യോഗസ്ഥരാണ് ഈ പദ്ധതിയുടെ ജില്ലാതല സംവിധാനമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ശിശു സംരക്ഷണ ഓഫീസർമാരായി പ്രവർത്തിച്ച് വരുന്നത്. ഐ.സി.പി.എസ് സംവിധാനം നിലവിൽ വന്നതോടെ ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി മാറിയിട്ടുള്ളതാണ്. ഈ

സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികകൾക്ക് വനിത-ശിശു വികസന വകുപ്പിൽ പ്രസക്തിയില്ലെന്ന് വിലയിരുത്തുന്നു.

**4.62** വകുപ്പ് വിഭജനത്തെ തുടർന്ന് പ്രൊബേഷൻ സംവിധാനം സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായിട്ടാണ് നിലനിർത്തിയിട്ടുള്ളത്. മുതിർന്നവരുടെ ജുഡീഷ്യൽ പ്രൊബേഷൻ, എക്സിക്യൂട്ടീവ് പ്രൊബേഷൻ എന്നീ മേഖലകളിലുണ്ടായ മാറ്റം, കോടതി നിർദ്ദേശപ്രകാരമുള്ള അന്വേഷണം, കോടതികൾ വിട്ടു നൽകുന്ന പ്രൊബേഷനർമാരുടെ എണ്ണത്തിലുണ്ടായ വർദ്ധന എന്നിവയൊക്കെ കണക്കിലെടുക്കുമ്പോൾ പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തുന്നു.

**4.63 വകുപ്പ് വിഭജനത്തിന് ശേഷം വനിത-ശിശുവികസന വകുപ്പിന് കീഴിൽ ചിൽഡ്രൻസ് ഹോമുകളിലായി നിലവിലുള്ള അഞ്ച് പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികകൾ (തിരുവനന്തപുരം-1, കോട്ടയം-1, എറണാകുളം-2, തൃശ്ശൂർ-1) സാമൂഹ്യനീതി വകുപ്പിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.64 പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക നിലവിലില്ലാത്ത പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ ജില്ലാ പ്രൊബേഷൻ ഓഫീസുകളിലേയ്ക്ക് ഓരോ തസ്തിക വീതം പുനർവിന്യസിക്കാവുന്നതാണ്. ജനസംഖ്യ കൂടുതലുള്ള ജില്ലയെന്ന നിലയിൽ ഒരു തസ്തിക മലപ്പുറം ജില്ലാ പ്രൊബേഷൻ ഓഫീസിലേയ്ക്ക് പുനർവിന്യസിക്കാവുന്നതാണ്.** ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുള്ള ഇടുക്കി ജില്ലയിൽ പ്രൊബേഷൻ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II-ന്റെ ഒരു തസ്തിക കൂടി ആവശ്യമാണെന്ന് വിലയിരുത്തുന്നു. **ഇടുക്കി ജില്ലാ പ്രൊബേഷൻ ഓഫീസിലേക്ക് ഒരു തസ്തിക പുനർവിന്യസിക്കാവുന്നതാണ്.**

**4.65** പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I-ന്റെ 17 അംഗീകൃത തസ്തികകളാണുള്ളത്. അതിൽ മൂന്ന് തസ്തികകൾ (തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസുകൾ) വനിത-ശിശുവികസന വകുപ്പിനായി വിട്ടു നൽകിയിരുന്നവയാണ്. ആറ്റിങ്ങൽ, മൂവാറ്റുപുഴ എന്നിവിടങ്ങളിലെ പ്രൊബേഷൻ ഓഫീസുകളിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I തസ്തിക അനുവദിച്ചിട്ടില്ല. പ്രൊബേഷൻ സംവിധാനം സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായതിനാൽ ഈ തസ്തികകൾ വനിത-ശിശുവികസന വകുപ്പിൽ നിലനിർത്തേണ്ടതില്ല എന്ന് വിലയിരുത്തുന്നു.

**4.66 വനിത-ശിശുവികസന വകുപ്പിനായി വിട്ടു നൽകിയിട്ടുള്ള പ്രൊബേഷൻ**

**ഓഫീസർ ഗ്രേഡ്-I-ന്റെ മൂന്ന് തസ്തികകൾ സാമൂഹ്യനീതി വകുപ്പിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഇതിൽ നിന്നും ഓരോ തസ്തിക വീതം പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I തസ്തികയില്ലാത്ത ആറ്റിങ്ങൽ, മൂവാറ്റുപുഴ എന്നിവിടങ്ങളിലെ പ്രൊബേഷൻ ഓഫീസുകളിൽ വിന്യസിക്കാവുന്നതാണ്. അവശേഷിക്കുന്ന ഒരു തസ്തിക കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസിൽ നിലനിർത്താവുന്നതുമാണ്.**

**4.67** പതിനാറ് പ്രൊബേഷൻ ഓഫീസുകളിലും ക്ലർക്ക്-ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നിവയുടെ ഒരോ തസ്തിക വീതമാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, വയനാട് , കാസർഗോഡ് എന്നിവയൊഴികെയുള്ള ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക അനുവദിച്ചിട്ടുണ്ട്.

**4.68** പ്രൊബേഷൻ ഓഫീസർമാർ നൽകേണ്ടതായ വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ഓഫീസിലെ ക്ലറിക്കൽ ജോലികളിൽ സഹായിക്കുന്നതിനും ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തിക ആവശ്യമാണെന്ന് വിലയിരുത്തുന്നു. ഓഫീസിന്റെ സുഗമമായ നടത്തിപ്പിന് ഓഫീസ് അറ്റൻഡന്റ് തസ്തികയും ആവശ്യമാണ്. അതിനാൽ **പ്രൊബേഷൻ ഓഫീസുകളിലെ ക്ലർക്ക്-ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ കാര്യത്തിൽ തൽസ്ഥിതി തുടരാവുന്നതാണന്ന് ശിപാർശ ചെയ്യുന്നു. പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാത്ത ഓഫീസുകളിൽ സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പർമാരെ നിയമിക്കാവുന്നതാണ്.**

**<u>പദ്ധതികളുടെ ആസൂത്രണം</u>**

**4.69** ഭിന്നശേഷിയുള്ളവർ, വൃദ്ധജനങ്ങൾ, ട്രാൻസ്ജെൻഡർ വിഭാഗം, മറ്റ് പാർശ്വവൽക്കരിയ്ക്കപ്പെട്ട ദുർബലജന വിഭാഗം തുടങ്ങിയ വിവിധ ജനവിഭാഗങ്ങൾക്കുവേണ്ടി പദ്ധതികളും പദ്ധതിയേതര പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്ന അവസരങ്ങളിൽ സമൂഹത്തിന്റെ ആവശ്യം എന്തെന്ന് കണ്ടറിഞ്ഞ് അതിനനുസൃതമായി ആസൂത്രണം നടത്തേണ്ടതുണ്ട്. പദ്ധതികൾ നടപ്പിൽ വരുത്തേണ്ട ജില്ലകളിലെ ജീവനക്കാരുടെ പ്രാതിനിധ്യമില്ലാതെ ആസ്ഥാന കാര്യാലയത്തിന്റെ മേൽനോട്ടത്തിൽ വിവിധ ജില്ലകളിലേക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ വിഭാവനം ചെയ്യുകയും നിർദ്ദേശങ്ങൾ ജില്ലകളിലേക്ക് നൽകുകയുമാണ് നിലവിൽ ചെയ്ത് വരുന്നത്. ഉദാഹരണമായി,

എറണാകുളം പോലെ നഗര പ്രദേശങ്ങൾ കൂടുതലായുള്ള ജില്ലകളിൽ ട്രാൻസ്ജെൻഡേഴ്സിനായി വിഭാവനം ചെയ്യുന്ന പല പദ്ധതികളും ഇടുക്കി പോലെയുള്ള ജില്ലകളിൽ ആവശ്യമായി വരാറില്ല.

**4.70** സമൂഹത്തിന് വേണ്ടതെന്തെന്ന് അറിയാതെ അവരിലേയ്ക്ക് അടിച്ചേൽപ്പിക്കുന്ന പദ്ധതികൾക്ക് വിജയസാധ്യതയും കുറവായിരിക്കും. മാത്രവുമല്ല ഇതുമൂലം പല പദ്ധതികൾക്കും അർഹരായ അപേക്ഷകരെ ലഭിക്കാത്തതിനും അർഹതപ്പെട്ട പല വിഭാഗങ്ങൾക്കും പദ്ധതികളുടെ അഭാവത്തിൽ വകുപ്പിന്റെ സേവനം ലഭിക്കാതെ വരുന്നതിനും കാരണമാകുന്നുണ്ട്. പദ്ധതികൾ നടപ്പിലാക്കേണ്ട ചുമതല ജില്ലാ ഓഫീസുകൾക്കാണ്. അതിനാൽ ഓരോ പദ്ധതിയുടേയും ഗുണങ്ങളും പോരായ്മകളും ഫലപ്രാപ്തിയും സംബന്ധിച്ച് ശരിയായ ധാരണയുള്ളത് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്കായിരിക്കും. പുതിയതായി ആവിഷ്കരിക്കേണ്ട പദ്ധതികൾ സംബന്ധിച്ച് താഴേത്തട്ടിൽ ആശയങ്ങൾ രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലകൾക്കും യോജിച്ച തരത്തിലുള്ള പദ്ധതികൾ വികസിപ്പിക്കുകയും ചെയ്യുന്ന പക്ഷം ഗുണഭോക്താക്കൾക്ക് കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു.

**4.71 ഓരോ വർഷവും പദ്ധതികൾ തയ്യാറാക്കുന്നതിന് മുന്നോടിയായി ജില്ലയിൽ നിന്നുള്ള പ്രതിനിധികളുടെ വർക്ക്ഷോപ്പ്/കോൺഫറൻസ് നടത്തി ഓരോ ജില്ലകളിലെയും ഗുണഭോക്താക്കൾക്കനുസരിച്ചുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്. കാലഘട്ടത്തിന് അനുയോജ്യമല്ലാത്തതും ഗുണഭോക്താക്കളില്ലാത്തതുമായ പദ്ധതികൾ ഒഴിവാക്കുകയും സമൂഹത്തിന് വേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞ് പുതിയവ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.**

**<u>ഗുണഭോക്താക്കളുടെ ഡാറ്റാബേസിന്റെ അഭാവം</u>**

**4.72** മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, മറ്റ് പാർശ്വവൽക്കരിയ്ക്കപ്പെട്ടവർ എന്നീ ജനവിഭാഗങ്ങൾക്ക വേണ്ടിയാണ് സാമൂഹ്യനീതി വകുപ്പ് നിലകൊള്ളുന്നതെങ്കിലും ഈ വിഭാഗങ്ങളുടെ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബേസ് വകുപ്പിന്റെ കൈവശമില്ല. ഈ വിഭാഗങ്ങൾക്കായി നിരവധി പദ്ധതികളാണ് വകുപ്പ് നടപ്പാക്കുന്നത്. ഡാറ്റാബേസിന്റെ അഭാവം നിമിത്തം യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനോ പദ്ധതികളുടെ ഗുണഫലങ്ങൾ അവരിലേക്ക് എത്തിക്കുന്നതിനോ

വകുപ്പിന് കഴിയുന്നില്ല. ഗുണഭോക്താക്കളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തത് മൂലം പ്രസ്തുത വിഭാഗങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയാതെ പോകുന്നു.

**4.73** ഓരോ ജില്ലയിലും മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് കുടുംബശ്രീയുടെ സഹായത്തോടെ 2017-ൽ വിവരശേഖരണം നടത്തിയിരുന്നു. എന്നാൽ പ്രസ്തുത വിവരങ്ങൾ ക്രോഡീകരിക്കുകയോ ഡാറ്റാബേസ് തയ്യാറാക്കുകയോ ചെയ്യുകയുണ്ടായില്ല. വിവരശേഖരണം നടത്തി ഏഴ് വർഷം പിന്നിട്ട സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ ഉപയോഗിച്ച് ഡാറ്റാബേസ് തയ്യാറാക്കുന്നത് അതിന്റെ കൃത്യതയെ ബാധിക്കുമെന്ന് വിലയിരുത്തുന്നു.

**4.74 മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, മറ്റ് പാർശ്വവൽക്കരിയ്ക്കപ്പെട്ട ദുർബലജന വിഭാഗം തുടങ്ങിയ ജനവിഭാഗങ്ങളുടെ സമഗ്രമായ വിവരങ്ങൾ പുതിയതായി ശേഖരിച്ച് ഡാറ്റാബേസ് തയ്യാറാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>സേവനങ്ങൾ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടി</u>**

**4.75** സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളേയും പദ്ധതികളേയും സംബന്ധിച്ച വിവരങ്ങൾ സമൂഹത്തിലേയ്ക്ക് ഫലപ്രദമായി എത്തിക്കുന്നതിന് വകുപ്പിന് സാധിക്കുന്നില്ല. പദ്ധതികളെ സംബന്ധിച്ച അജ്ഞത മൂലം അർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു. ആധുനിക സാങ്കേതികവിദ്യ വികാസം പ്രാപിച്ച ഈ കാലഘട്ടത്തിൽ സമൂഹ മാധ്യമങ്ങൾക്ക് ജനങ്ങൾക്കിടയിൽ ആഴത്തിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ സാധ്യത വകുപ്പിനും ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്. ക്ഷേമപ്രവർത്തനങ്ങളേയും പദ്ധതികളേയും സംബന്ധിച്ച് സമൂഹ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്താവുന്നതാണ്. കൂടാതെ പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യം, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകൾ, അംഗൻവാടികൾ എന്നിവയിലൂടെ വിതരണം ചെയ്യുക, സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ, സാമൂഹ്യനീതി ഫെസിലിറ്റേറ്റർ എന്നിവരിലൂടെ വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് ലക്ഷ്യവിഭാഗത്തിന് അവബോധം നൽകുക, ക്ഷേമപ്രവർത്തനങ്ങളേയും പദ്ധതികളേയും സംബന്ധിച്ച വിവരങ്ങൾ ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തുക തുടങ്ങിയ മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

**4.76 സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളേയും പദ്ധതികളേയും വകുപ്പിന്റെ പ്രവർത്തനത്തേയും കുറിച്ച് ലക്ഷ്യവിഭാഗത്തിന് അവബോധം നൽകുന്നതിനായി പത്ര-ദൃശ്യ സമൂഹ മാധ്യമങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ജനപ്രതിനിധികൾ, അംഗൻവാടികൾ, സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസുകൾ തുടങ്ങിയ വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തി വിപുലമായ പ്രചാരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

**മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിഭാരം**

**4.77** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിഭാരവും നിർണയിച്ചിട്ടുണ്ട്.

ആസ്ഥാന കാര്യാലയം

**4.78** സാമൂഹ്യനീതി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ സീനിയർ ക്ലർക്കിന്റെ 27 തസ്തികകളും ക്ലർക്കിന്റെ 8 തസ്തികകളുമാണ് നിലവിലുള്ളത് (35 തസ്തികകൾ). ഇതു കൂടാതെ 2 ക്ലർക്ക്- ടൈപ്പിസ്റ്റ് തസ്തികകളുമുണ്ട്. വിവരശേഖരണ വേളയിൽ ഒഴിഞ്ഞു കിടന്നിരുന്ന സീനിയർ ക്ലർക്കിന്റെ 1 തസ്തികയും ക്ലർക്കിന്റെ 3 തസ്തികയും ക്ലർക്ക്-ടൈപ്പിസ്റ്റിന്റെ 2 തസ്തികയും പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആസ്ഥാന കാര്യാലയത്തിലെ വിവിധ സീറ്റുകളിലെ ജോലിഭാരം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം നിർണയിക്കുകയുണ്ടായി.

| ക്രമ നം. | സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി &എഫ് അലവൻസ് ഉൾപ്പെടെ) (മിനുട്ടിൽ) | ജോലി സമയം (മണിക്കൂറിൽ) |
|---|---|---|---|
| 1 | A1 | 27830.00 | 463.83 |
| 2 | B1 | 43868.00 | 731.13 |
| 3 | B2 | 120361.50 | 2006.03 |
| 4 | C1 | 126336.00 | 2105.60 |
| 5 | C2 | 117678.50 | 1961.31 |
| 6 | C3 | 133133.00 | 2218.88 |

| | | | |
|---|---|---|---|
| 7 | D1 | 61951.00 | 1032.52 |
| 8 | D2 | 71733.50 | 1195.56 |
| 9 | D3 | 51431.00 | 857.18 |
| 10 | D4 | 118197.00 | 1969.95 |
| 11 | D5 | 86458.00 | 1440.97 |
| 12 | D6 | 139288.00 | 2321.47 |
| 13 | D7 | 92230.00 | 1537.17 |
| 14 | E1 | 58156.75 | 969.28 |
| 15 | E2 | 59805.75 | 996.76 |
| 16 | E3 | 93635.00 | 1560.58 |
| 17 | E4 | 15812.00 | 263.53 |
| 18 | E5 | 12502.00 | 208.37 |
| 19 | E6 | 56497.00 | 941.62 |
| 20 | E7 | 52538.21 | 875.64 |
| 21 | F1 | 51268.00 | 854.47 |
| 22 | F2 | 119499.00 | 1991.65 |
| 23 | F3 | 65546.00 | 1092.43 |
| 24 | G1 | 19665.00 | 327.75 |
| 25 | G2 | 213463.00 | 3557.72 |
| 26 | G3 | 190871.25 | 3181.19 |
| 27 | G4 | 86250.00 | 1437.50 |
| 28 | G5 | 56899.00 | 948.32 |
| 29 | AC1 | 63132.00 | 1052.20 |
| 30 | AC2 | 103926.00 | 1732.10 |

| | | | |
|---|---|---|---|
| 31 | RPWD1 | 35776.50 | 596.28 |
| 32 | RPWD2 | 36000.75 | 600.01 |
| 33 | PC2 | 91149.00 | 1519.15 |
| 34 | PC3 | 81763.75 | 1362.73 |
| | | ആകെ | 45910.86 |
| | | **മനുഷ്യ വിഭവശേഷി സൂചിക** | **27.01** |
| | | **ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം** | **27** |

**4.79** ആസ്ഥാന കാര്യാലയത്തിലെ ക്ലറിക്കൽ തസ്തികകളുടെ ജോലിഭാരം നിർണയിച്ചതിൽ നിന്നും ആ ഓഫീസിൽ അകെ 27 ക്ലർക്കുമാർ ആവശ്യമാണെന്ന് കാണാവുന്നതാണ്. **നിലവിൽ ക്ലർക്ക്/സീനിയർ ക്ലർക്കുമാരുടെ 35 തസ്തികകൾ ഉള്ളതിനാൽ 27 തസ്തികകൾ നിലനിർത്താവുന്നതും ബാക്കിയുള്ള 8 തസ്തികകൾ ഒന്ന് വീതം എന്ന ക്രമത്തിൽ എട്ട് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കാവുന്നതുമാണ്.** ഈ തസ്തികകളുടെ പുനർവിന്യാസത്തിനു ശേഷം ആസ്ഥാന കാര്യാലയത്തിലെ വിവിധ സെക്ഷനുകളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ അതത് സെക്ഷനുകളിലെ സീറ്റുകൾക്ക് ഉചിതമായ രീതിയിൽ പുന:ക്രമീകരിച്ചു കൊണ്ട് ഡയറക്ടർ നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്. ഈ പുന:ക്രമീകരണത്തിന് ആനുപാതികമായി സൂപ്പർവൈസറി തസ്തികയിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും പുനക്രമീകരിക്കേണ്ടതാണ്.

**4.80 ജില്ലാ ഓഫീസുകളിൽ കൈകാര്യം ചെയ്യാവുന്ന ജില്ലാതല നിയമനങ്ങളും അതുമായി ബന്ധപ്പെട്ട സർവീസ് കാര്യങ്ങളും, ജില്ലാതല സ്ഥലംമാറ്റം തുടങ്ങിയ വിഷയങ്ങളും ജില്ലാ ഓഫീസുകൾക്ക് കൈമാറേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

**ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ**

**4.81** ജില്ലാതലത്തിൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതും ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും ജില്ലാ സാമൂഹ്യനീതി ഓഫീസുകളാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, സീനിയർ ക്ലർക്ക്, ക്ലർക്ക്, ടൈപ്പിസ്റ്റ് , ഓഫീസ് അറ്റൻഡന്റ് എന്നിവയുടെ

ഓരോ തസ്തിക വീതമാണ് എല്ലാ ജില്ലാ ഓഫീസുകളിലും നിലവിലുള്ളത് (8 തസ്തികകൾ വീതം). ഈ തസ്തികകൾക്ക് പുറമേ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളിൽ ഓരോ ഡ്രൈവർ തസ്തിക വീതവും അനുവദിച്ചിട്ടുണ്ട്.

**4.82** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ജില്ലാ ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിഭാരം നിർണയിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ഓഫീസുകളിലും ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് ക്ലർക്കിന്റേയും സീനിയർ ക്ലർക്കിന്റേയും ഓരോ തസ്തിക വീതമാണുള്ളത്. എല്ലാ ഓഫീസുകളുടേയും പ്രവർത്തനം ഓരേ രീതിയിലാണ്. അതുകൊണ്ട് ഒരോഫീസിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജോലിഭാരം നിർണയിക്കുകയാണ് ചെയ്തിട്ടുള്ളത്. ക്ലർക്കുമാർ, ഹെഡ് അക്കൗണ്ടന്റ്, ടൈപ്പിസ്റ്റ് എന്നിവർക്കായി ഓഫീസിലെ ആകെ ജോലികൾ വീതിച്ചു നൽകുന്ന പൊതുവായ രീതിയാണ് എല്ലാ ജില്ലാ ഓഫീസുകളിലും അവലംബിച്ചിട്ടുള്ളതായി കാണുന്നത്. ജോലിഭാരം കണക്കാക്കുന്നതിനായി കണ്ണൂർ ജില്ലാ ഓഫീസിലെ വിവരങ്ങളാണ് സാമ്പിളായി എടുത്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സീറ്റ് | ആകെ ജോലി സമയം (ഫയൽ ജോലികൾ, ഫയലിതര ജോലികൾ, പി & എഫ് അലവൻസ് ഉൾപ്പെടെ) (മിനുട്ടിൽ) | ജോലി സമയം (മണിക്കൂറിൽ) |
|---|---|---|
| A | 35259.50 | 587.66 |
| B | 78949.50 | 1315.83 |
| C | 187558.00 | 3125.97 |
| D | 15249.05 | 254.15 |
| ആകെ | 317016.05 | 5283.61 |
| **മനുഷ്യ വിഭവശേഷി സൂചിക** | | **3.11** |
| **ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം** | | **3** |

**4.83** ജോലിഭാരം നിർണയിച്ചതിൽ നിന്നും ജില്ലാ ഓഫീസുകളിൽ മൂന്ന് ക്ലർക്കുമാരുടെ ജോലിഭാരം ഉള്ളതായി കാണുന്നു. നിലവിൽ ഈ ഓഫീസുകളിൽ രണ്ട് ക്ലർക്ക് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ **ഒരു ക്ലർക്ക് തസ്തിക വീതം എല്ലാ ജില്ലാ**

**ഓഫീസുകളിലും അധികമായി അനുവദിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു (ആകെ 14 തസ്തികകൾ).** ആസ്ഥാന കാര്യാലയത്തിൽ അധികമായി കണ്ടെത്തിയ 8 ക്ലർക്ക് തസ്തികകൾ 8 ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലേക്ക് പുനർവിന്യസിക്കുന്നതിന് ഖണ്ഡിക 4.79 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. **ശേഷിക്കുന്ന 6 തസ്തികകൾ പുതിയതായി സൃഷ്ടിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ചുമതലകളുടെ വിഭജനം</u>**

**4.84** വകുപ്പിന്റെ ജില്ലാ മേധാവി എന്ന നിലയിൽ വിവിധ നിയമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി ചുമതലകളുടെ നിർവഹണം, ജില്ലാ ഭരണകൂടത്തിന്റേയും മറ്റ് വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും പിന്തുണയോടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുക, ജില്ലാ തലത്തിൽ പദ്ധതി നിർവഹണം നടത്തുക, ജില്ലാതല യോഗങ്ങൾ നടത്തുക, ജില്ലാ കളക്ടറുടേയും തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുമുള്ള യോഗങ്ങളിലും പരിപാടികളിലും പങ്കെടുക്കുക, വകുപ്പിന്റെ പരിധിയിൽ വരുന്ന വിവിധ പരാതികളിൽ അന്വേഷണം നടത്തുക, ജില്ലാ ഓഫീസിന്റെ പരിധിയിലുള്ള ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുക, പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തുക, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി അവയുടെ പ്രവർത്തനം പരിശോധിച്ച് റിപ്പോർട്ട് നൽകുക, ഓഫീസിന്റെ ഭരണപരമായ ചുമതലകൾ നിർവഹിക്കുക, പ്രധാന്യമുള്ള ദേശീയ/അന്തർദേശീയ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പരിപാടികൾ ആസൂത്രണം ചെയ്യുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ഓർഫനേജ് കൗൺസിലർമാർ, ക്ഷേമസ്ഥാപനങ്ങളിലെ താത്കാലിക ജീവനക്കാർ തുടങ്ങിയവരുടെ നിയമനം തുടങ്ങിയ നിരവധി ചുമതലകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കുണ്ട്.

**4.85** ഒരേ സമയം നടക്കുന്ന വിവിധ യോഗങ്ങളിൽ പങ്കെടുക്കേണ്ട സാഹചര്യം; ജില്ലയിൽ എവിടെനിന്നുമുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിനും അടിയന്തര സന്ദർഭങ്ങളിൽ സ്ഥലത്ത് സന്ദർശനം നടത്തുന്നതിനും യാത്രകൾ ചെയ്യേണ്ട സാഹചര്യം എന്നിവയൊക്കെ ജില്ലാ ഓഫീസർക്ക് അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിനും പരാതികളിൽ അന്വേഷണം നടത്തുന്നതിനും സീനിയർ സൂപ്രണ്ടിനേയും മറ്റുദ്യോഗസ്ഥരേയും ചുമതലപ്പെടുത്താറുണ്ട്. സീനിയർ സൂപ്രണ്ട്

ഉൾപ്പെടെയുള്ള ഓഫീസിലെ മറ്റ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടെയാണ് ജില്ലാ സാമൂഹ്യനീതി ഓഫീസർ നിലവിൽ മേൽപ്പറഞ്ഞ ചുമതലകളെല്ലാം നിർവഹിച്ചു പോരുന്നത്.

**4.86** ജില്ലാ സാമൂഹ്യനീതി ഓഫീസിൽ രണ്ട് ക്ലർക്ക് തസ്തികയ്ക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഉൾപ്പെടെ നാല് സൂപ്പർവൈസറി തസ്തികകളാണുള്ളത് (ഹെഡ് അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസർ). ഓഫീസ് മേധാവിയ്ക്കും ക്ലർക്കിനുമിടയിൽ ഇത്രയും തട്ടുകൾ ആവശ്യമുള്ളതായി കാണുന്നില്ല. ജില്ലാ സാമൂഹ്യനീതി ഓഫീസർ നിലവിൽ നിർവഹിച്ചു കൊണ്ടിരിക്കുന്ന ചുമതലകൾ സീനിയർ സൂപ്രണ്ട് തസ്തികയ്ക്ക് വിഭജിച്ച് നൽകുന്നത് കൊണ്ട് ഓഫീസിന്റെ പ്രവർത്തനത്തിന് യാതൊരു ഭംഗവും വരുന്നതല്ലെന്ന് പഠനസംഘം വിലയിരുത്തുന്നു. ചുമതലകൾ വിഭജിച്ചു നൽകുന്നതു വഴി ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് കൂടുതൽ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ കഴിയുന്നതുമാണ്.

**4.87 ജില്ലാ ഓഫീസിന്റെ പരിധിയിലുള്ള ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുക, പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തുക, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി അവയുടെ പ്രവർത്തനം പരിശോധിച്ച് റിപ്പോർട്ട് നൽകുക, പരാതികളിൽ അന്വേഷണം നടത്തുക, വിവിധ അന്വേഷണങ്ങളും പരിശോധനകളും നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കുക തുടങ്ങിയ ചുമതലകൾ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിക്ഷിപ്തമാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>പ്ലാൻ ഫണ്ട് വിനിയോഗം</u>**

**4.88** 2018-2019 മുതൽ 2021-2022 സാമ്പത്തിക വർഷം വരെ സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച പദ്ധതി വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പദ്ധതി വിഹിതം (ലക്ഷം രൂപയിൽ) | ചെലവ് (ലക്ഷം രൂപയിൽ) | ചെലവഴിക്കൽ (ശതമാനത്തിൽ) |
|---|---|---|---|
| 2018-2019 | 6505 | 4017.23 | 61.76 |
| 2019-2020 | 6110 | 3191.77 | 52.23 |
| 2020-2021 | 5440 | 4354.77 | 80.05 |
| 2021-2022 | 5460 | 3533.94 | 64.72 |

**4.89** പദ്ധതി വിഹിതമായി ഓരോ സാമ്പത്തിക വർഷത്തിലും അനുവദിക്കുന്ന തുക വകുപ്പ് പൂർണമായി വിനിയോഗിക്കുന്നതായി കാണുന്നില്ല. വകുപ്പിന്റെ ലക്ഷ്യവിഭാഗങ്ങളുടെ ഡാറ്റാബേസിന്റെ അഭാവം, പദ്ധതികൾക്ക് ഗുണഭോക്താക്കളെ കിട്ടാതെ വരിക തുടങ്ങിയ കാരണങ്ങൾ കൊണ്ട് ബജറ്റ് വിഹിതം പൂർണമായി ചെലവഴിക്കാൻ കഴിയാതെ വരുന്നു.

**4.90 വ്യക്തമായ ആസൂത്രണത്തിലൂടെയും കാലഹരണപ്പെട്ട പദ്ധതികൾ ഒഴിവാക്കിക്കൊണ്ടും കാലികമായി പദ്ധതികൾ നവീകരിച്ചും വകുപ്പിന് ലഭ്യമാകുന്ന പദ്ധതി വിഹിതം പൂർണമായി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.**

## സുനീതി പോർട്ടൽ

**4.91** സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമായ 'സർക്കാർ സേവനങ്ങൾ വീട്ടുപടിക്കൽ' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നൽകുന്ന സേവനങ്ങൾ താമസംവിനാ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നതാണ് 'സുനീതി' പോർട്ടൽ കൊണ്ട് വിഭാവനം ചെയ്യുന്നത്. പൊതുജനങ്ങൾക്ക് വകുപ്പിന്റെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അറിയുവാനും അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുവാനും പ്രസ്തുത പോർട്ടൽ മുഖേന സാധ്യമാകുന്നുണ്ട്. അപേക്ഷകരിൽ നിന്നും അർഹരായവരെ തെരഞ്ഞെടുത്ത് സുതാര്യമായും സമയക്ലിപ്തത പാലിച്ചുകൊണ്ടും വകുപ്പിന്റെ ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന് വേണ്ടി സി-ഡിറ്റ് ആണ് ഈ പോർട്ടൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിലവിൽ 31 തരം സേവനങ്ങൾക്കായുള്ള അപേക്ഷകൾ ഓൺലൈനായി ഈ പോർട്ടലിലൂടെ സമർപ്പിക്കാവുന്നതാണ്.

**4.92** നിലവിലെ സുനീതി പോർട്ടൽ സംവിധാനത്തിന് നിരവധിയായ അപാകതകൾ ഉണ്ട്. ആധാർ പോലുള്ള തിരിച്ചറിയൽ രേഖകളുടെ നമ്പർ ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കുന്ന സംവിധാനം നിലവിലില്ലാത്തതിനാൽ ഒരേ ആവശ്യത്തിനായി ഒന്നിലധികം തവണ അപേക്ഷകൾ അയയ്ക്കുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. ഇത് അപേക്ഷകൾ പരിശോധിക്കുന്നതിൽ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. നിലവിൽ അക്ഷയകേന്ദ്രങ്ങൾ വഴി വിവിധ സ്കീമുകളിലേക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ പലതിലും ആവശ്യമായ മുഴുവൻ രേഖകളും ഉണ്ടാകാറില്ല. ഇതുമൂലം അപേക്ഷകളുടെ പരിശോധനാ സമയത്ത് ഇവ നിരസിക്കുന്നതിനും ആ വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ട സാഹചര്യം

നിലനില്ക്കുന്നു. ഇത് സ്വാഭാവികമായും ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്നതിനും സമയനഷ്ടം ഉണ്ടാകുന്നതിനും കാരണമാകുന്നു. രണ്ട് വ്യത്യസ്ത വിലാസങ്ങളും ഒന്നിലധികം ഫോൺ നമ്പർ ഉപയോഗിക്കുന്നതുമായ വ്യക്തികൾക്ക് രണ്ട് ഓഫീസുകളിലും അപേക്ഷ സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റാമെന്ന പോരായ്മയും പോർട്ടലിനുണ്ട്.

**4.93** 'സുനീതി' പോർട്ടൽ വഴി വിവിധ സ്കീമുകൾക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ അപ്ഡേഷൻ സംബന്ധിച്ച് അപേക്ഷകർക്ക് മെസ്സേജ് ലഭിക്കുന്ന സംവിധാനം നിലവിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഇതുമൂലം ഓൺലൈനായി അപേക്ഷ നൽകുന്നതോടൊപ്പം അപേക്ഷകർക്ക് ഇത് സംബന്ധിച്ച സ്ഥിരീകരണത്തിനായി വീണ്ടും ഓഫീസുമായി നേരിട്ട് ബന്ധപ്പെടേണ്ടി വരുന്ന സാഹചര്യവുമുണ്ട്. കാലഹരണപ്പെട്ടതും നിലവില്ലാത്തതുമായ പല സ്കീമുകളുടെയും വിവരങ്ങൾ ഇപ്പോഴും വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ ഇത്തരം സ്കീമുകളിലേക്ക് ഓൺലൈനായി അപേക്ഷ ലഭിക്കുന്ന സാഹചര്യവുമുണ്ട്.

**4.94** പോർട്ടലുകൾ വഴി അയക്കുന്ന അപേക്ഷകളിൽ ആവശ്യമായ മുഴുവൻ രേഖകളും സമർപ്പിക്കാത്ത പക്ഷം അപേക്ഷ സമർപ്പിക്കുന്ന ഘട്ടത്തിൽ തന്നെ നിരസിക്കുന്ന തരത്തിൽ പോർട്ടലിൽ മാറ്റം വരുത്തുന്നത് ഇത്തരത്തിൽ അപൂർണ്ണമായതും അപാകതകൾ ഉള്ളതുമായ അപേക്ഷകൾ ലഭിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സഹായകരമാണ്.

4.95 **'സുനീതി' പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനുമായി പോർട്ടലിൽ ചുവടെ ചേർക്കുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.**

1. **അപേക്ഷ സമർപ്പിക്കുന്നതിന് ആധാർ നമ്പർ നിർബന്ധമാക്കുക; ആധാർ നമ്പർ രേഖപ്പെടുത്തുമ്പോൾ തന്നെ അപേക്ഷകൻ/അപേക്ഷക ഒരേ ആനുകൂല്യത്തിന് വീണ്ടും അപേക്ഷിച്ചിട്ടുണ്ടോ, മറ്റേതെങ്കിലും ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ പോർട്ടലിൽ മാറ്റങ്ങൾ വരുത്തുക;**
2. **അപേക്ഷകളോടൊപ്പം ആവശ്യമായ മുഴുവൻ രേഖകളും ഇല്ലാത്ത പക്ഷം അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത തരത്തിൽ പോർട്ടൽ പരിഷ്കരിക്കുക;**
3. **അപേക്ഷയുടെ അപ്ഡേഷൻ സംബന്ധിച്ച് ഗുണഭോക്താവിന്റെ ഫോണിൽ മെസേജ് നൽകുന്ന സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുക;**

4. **നിലവിലില്ലാത്ത സ്കീമുകളുടെ വിവരങ്ങൾ പോർട്ടലിൽ നിന്നും നീക്കം ചെയ്യുക ;**
5. **അപേക്ഷകൻ/അപേക്ഷക നിലവിൽ താമസിക്കുന്ന സ്ഥലം ഉൾപ്പെടുന്ന സാമൂഹ്യനീതി ഓഫീസിലേയ്ക്ക് അപേക്ഷ കൈമാറുന്നതിനുള്ള ഓപ്ഷൻ പോർട്ടലിൽ ഉൾപ്പെടുത്തുക.**

## ഡ്രൈവർ തസ്തികകളുടെ വിന്യാസം

**4.96** സാമൂഹ്യനീതി വകുപ്പിൽ 12 ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളത്. 5 തസ്തികകൾ ആസ്ഥാന കാര്യാലയത്തിലും 7 തസ്തികകൾ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളിലുമായി വിന്യസിച്ചിരിക്കുന്നു. ജില്ലാ ഓഫീസുകളിലെ വാഹനങ്ങളെല്ലാം കാലപ്പഴക്കം ചെന്നവയായതിനാൽ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഫീൽഡ്തല അന്വേഷണങ്ങൾക്കും സ്ഥാപനങ്ങളിലെ പരിശോധനകൾക്കും നിരന്തരം യാത്രകൾ ചെയ്യേണ്ടതിനാൽ ജില്ലാ ഓഫീസുകളിൽ വാഹനം വളരെ അത്യാവശ്യമാണ്. പ്രൊബേഷൻ ഓഫീസർമാർക്കും ഇത്തരത്തിൽ നിരന്തരം യാത്രകൾ ചെയ്യേണ്ടതായി വരുന്നുണ്ട്.

**4.97** സ്വന്തമായി വാഹനമില്ലാത്ത സർക്കാർ സ്ഥാപനങ്ങൾ/ഓഫീസുകൾ വാഹനം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്ന സംവിധാനം പിൻതുടരുന്നുണ്ട്. വാടകയ്ക്കെടുക്കുന്ന വാഹനങ്ങളിലെ ഡ്രൈവർമാരുടെ ശമ്പളം, ഇന്ധനച്ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ് തുടങ്ങിയവ ഒന്നുംതന്നെ സ്ഥാപനങ്ങൾ/ഓഫീസുകൾ വഹിക്കേണ്ടതില്ല എന്നതാണ് ഈ സംവിധാനത്തിന്റെ മെച്ചം. **നിലവിൽ വാഹനമില്ലാത്ത ജില്ലാ ഓഫീസുകളിലും പ്രൊബേഷൻ ഓഫീസുകളിലും വാഹനം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്ന സംവിധാനം അവലംബിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.**

**4.98** ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുള്ള ഏഴ് ജില്ലാ ഓഫീസുകളിൽ വാഹനങ്ങളില്ലാത്തതിനാൽ ഡ്രൈവർമാർ നിഷ്ക്രിയരായി തുടരേണ്ട അവസ്ഥയുള്ളതായി കാണുന്നു. ഡ്രൈവർ തസ്തിക നിലനിർത്തുന്നതിന് മാത്രമായി വാഹനങ്ങൾ പുതിയതായി വാങ്ങുകയാണ് ഏക പോംവഴി എന്ന് കരുതുന്നില്ല. അതേസമയം നിലവിലുള്ള ജീവനക്കാരുടെ സേവനം വിനിയോഗപ്പെടുത്തേണ്ടതുമുണ്ട്. ഡ്രൈവർമാരുടെ സ്ഥിരം തസ്തിക ഉള്ളതും എന്നാൽ ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്തതുമായ മറ്റു വകുപ്പുകളുടെ വിശദാംശങ്ങളും പഠനസംഘം ശേഖരിക്കുകയും ആ വകുപ്പുകൾ പിന്തുടരുന്ന മാതൃകകൾ

വിശകലനവിധേയമാക്കുകയും ചെയ്യു. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ സ്ഥിരം ഡ്രൈവർ ഉള്ളതും ഔദ്യോഗിക വാഹനമില്ലാത്തതുമായ ഓഫീസുകളിൽ ഇന്ധന (Fuel) വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 21.7.2023-ലെ സ.ഉ(സാധാ)നം.306/2023/F&CS നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഇതേ മാതൃക സാമൂഹ്യനീതി വകുപ്പിലും അനുകരിക്കാവുന്നതാണെന്ന് പഠനസംഘം വിലയിരുത്തുന്നു.

**4.99 തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളിൽ വാഹനം മാത്രം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. ഈ വാഹനങ്ങളിൽ നിലവിലുള്ള ഡ്രൈവർമാരെ നിയമിക്കാവുന്നതാണ്.**

**4.100** ഡ്രൈവർ തസ്തികയെ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് 19.11.2015-ൽ പുറപ്പെടുവിച്ച സ.ഉ(കൈ) നം.29/2015/ഉ.ഭ.പ.വ നമ്പർ ഉത്തരവ് തീയതിയ്ക്ക് ശേഷം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വിജ്ഞാപനപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നത് ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കാണ്. ഈ തസ്തികയിൽ നിയമിതരാകുന്ന ജീവനക്കാർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ കൂടി നിർവഹിക്കാൻ ബാധ്യസ്ഥരാണ്. വകുപ്പിൽ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ മൂന്ന് ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു (ആസ്ഥാന കാര്യാലയം-2, എറണാകുളം ജില്ലാ ഓഫീസ് -1).

**4.101 സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള 12 ഡ്രൈവർ തസ്തികകളിൽ നിന്നും ആസ്ഥാന കാര്യാലയത്തിലെ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റിന്റെ 2 തസ്തികകളും എറണാകുളം ജില്ലാ ഓഫീസിലെ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റിന്റെ ഒരു തസ്തികയും (ആകെ മൂന്ന് തസ്തികകൾ) മാത്രം നിലനിർത്താവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു. അവശേഷിക്കുന്ന 9 ഡ്രൈവർ തസ്തികകൾ വാനിഷിംഗ് തസ്തികകളായി മാറ്റാവുന്നതും നിലവിലെ ഡ്രൈവർമാർ വിരമിക്കുന്ന മുറയ്ക്ക് ഈ തസ്തികകൾ നിർത്തലാക്കാവുന്നതുമാണ്. ഡ്രൈവർമാർ വിരമിക്കുന്നത് വരെ മേൽപ്പറഞ്ഞ രീതിയിൽ വാഹനം മാത്രം വാടകയ്ക്ക് എടുക്കുന്ന സംവിധാനം തുടരാവുന്നതാണ്. അതിനുശേഷം കരാർ വ്യവസ്ഥയിൽ ഡ്രൈവറുൾപ്പെടെ വാഹനം വാടകയ്ക്ക് എടുക്കുന്ന രീതി അവലംബിക്കാവുന്നതുമാണ്.**

**<u>സ്പെഷ്യൽ റൂൾ</u>**

**4.102** സാമൂഹ്യനീതി/വനിത-ശിശു വികസന വകുപ്പ് പുന:സംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതു വരെ ഇരുവകുപ്പിലേയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ചു കൊണ്ട് 21.10.2019-ലെ സ.ഉ(അച്ചടി)നം.10/2019/സാനീവ പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചുണ്ട്.

**4.103** ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന് സമാനമായ സ്കെയിലിൽ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-III-യുടെ 245 തസ്തികകൾ പുതിയതായി സൃഷ്ടിക്കുവാൻ ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. ഈ തസ്തികകൾ കൂടി വകുപ്പിന്റെ നിലവിലെ അംഗബലത്തോട് കൂട്ടിച്ചേർക്കപ്പെടുന്നതാണ്. കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമന രീതിയാണ് ഈ തസ്തികയ്ക്ക് നിർദ്ദേശിച്ചിട്ടുള്ളത്.

**4.104** പ്രത്യേക കേഡറായി വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-III ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാരെപ്പോലെ ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം ഉറപ്പാക്കേണ്ടതുണ്ട്. **പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II/ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ ശമ്പള സ്കെയിലിന് (43400-91200) സമാനമായ സ്കെയിലിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II എന്ന തസ്തികയും സൂപ്രണ്ട് ഗ്രേഡ് -I/ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികകളുടെ ശമ്പള സ്കെയിലിന് (50200-105300) സമാനമായ സ്കെയിലിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I എന്ന തസ്തികയും പ്രമോഷൻ തസ്തികകളായി നിശ്ചയിക്കാവുന്നതാണ്. നിർദ്ദേശിക്കപ്പെട്ട 245 തസ്തികകളിൽ നിന്നും 6:3:1 എന്ന അനുപാതത്തിൽ ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാവുന്നതുമാണ്.**

**4.105** നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-III -യുടെ 245 തസ്തികകളിലേയ്ക്കും ആദ്യഘട്ടത്തിൽ നിയമനം നടത്താവുന്നതാണ്. അതിനു ശേഷം പ്രസ്തുത ഉദ്യോഗസ്ഥർ പ്രൊബേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്കും സ്ഥാനക്കയറ്റത്തിന് അർഹരാകുന്ന മുറയ്ക്കും മേൽപറഞ്ഞ അനുപാതം പാലിച്ചുകൊണ്ട് ഗ്രേഡ്-II തസ്തികയിലേയ്ക്കും തുടർന്ന് ഗ്രേഡ്-I തസ്തികയിലേയ്ക്കും സ്ഥാനക്കയറ്റം അനുവദിക്കാവുന്നതുമാണ്. സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-III - 147 തസ്തികകൾ, സാമൂഹ്യനീതി എക്സ്റ്റൻഷൻ

ഓഫീസർ ഗ്രേഡ്-II - 74 തസ്തികകൾ, സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I - 24 തസ്തികകൾ എന്ന രീതിയിൽ ഈ തസ്തികകളുടെ എണ്ണം നിശ്ചയിക്കുകയും തസ്തികകളുടെ ആകെ എണ്ണം 245 ആയി നിജപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**4.106** ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 14 തസ്തികകളാണ് വകുപ്പിൽ നിലവിലുള്ളത്. 21.10.2019-ലെ സ.ഉ(അച്ചടി)നം.10/2019/സാനീവ നമ്പർ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -I, സീനിയർ സൂപ്രണ്ട്, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I എന്നീ വിഭാഗങ്ങളിൽ നിന്നും 7:4:3 എന്ന അനുപാതത്തിലാണ് ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തി വരുന്നത്.

**4.107** പ്രൊബേഷൻ ഓഫീസർ ഗ്രേഡ് -I-ന്റെ 17 തസ്തികകളും സീനിയർ സൂപ്രണ്ടിന്റെ 18 തസ്തികകളും സൂപ്രണ്ട് ഗ്രേഡ് -I-ന്റെ 21 തസ്തികകളുമാണുള്ളത്. ഈ വിഭാഗങ്ങളോടൊപ്പം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി നിർദ്ദേശിക്കപ്പെട്ട സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I (24 തസ്തികകൾ) വിഭാഗത്തിനും അർഹമായ പ്രാതിനിധ്യം നൽകേണ്ടതുണ്ട്.

**4.108** വകുപ്പ് വിഭജനത്തിനു ശേഷം സാമൂഹ്യനീതി വകുപ്പിൽ വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. **ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I, സീനിയർ സൂപ്രണ്ട്, സൂപ്രണ്ട് ഗ്രേഡ്-I, സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I എന്നീ തസ്തികകളുടെ അംഗബലത്തിന് ആനുപാതികമായി ഉചിതമായ സ്ഥാനക്കയറ്റ അനുപാതം നിശ്ചയിച്ചു കൊണ്ടുള്ള വ്യവസ്ഥകൾ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

# അധ്യായം -5
# പൊതുശിപാർശകൾ (General Recommendations)

**ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കൽ**

**5.1** വകുപ്പിൽ നിന്നും ലഭ്യമാകുന്ന വിവിധ സേവനങ്ങളെ/പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ആരായുന്നതിനും അപേക്ഷകൾ നേരിട്ട് സമർപ്പിക്കുന്നതിനും സുനീതി പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും സംശയനിവാരണത്തിനും കെയർ ഹോമുകളിൽ പ്രവേശനവുമായി ബന്ധപ്പെട്ടും നിത്യവും നിരവധി പേർ ഓഫീസ് സന്ദർശിക്കുകയോ ഫോൺ മുഖാന്തരം അന്വേഷണം നടത്തുകയോ ചെയ്യാറുണ്ട്. ജീവനക്കാരുടെ ജോലിസമയത്തിന്റെ നല്ലൊരു ഭാഗവും പൊതുജനങ്ങളുടെ സംശയനിവാരണത്തിനും അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനുമായി നീക്കിവയ്ക്കേണ്ടി വരുന്നതായി കാണുന്നു. പൊതുജനവുമായി സമ്പർക്കം പുലർത്തുന്നതിനോ ഫോൺ കോളുകൾ കൈകാര്യം ചെയ്യുന്നതിനോ ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം ജില്ലാ ഓഫീസുകളിൽ നിലവിലില്ല.

**5.2** മേൽസാഹചര്യത്തിൽ, **സാമൂഹ്യനീതി വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഫ്രണ്ട് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി ജില്ലാ ഓഫീസുകളിലെ ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് എന്നീ വിഭാഗം ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.**

**ഓഫീസുകൾ ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടി**

**5.3** വകുപ്പിന്റെ ഗുണഭോക്താക്കൾ വയോജനങ്ങളും ഭിന്നശേഷിക്കാരും മറ്റ് ദുർബല വിഭാഗത്തിൽപ്പെട്ടവരുമാണ്. എന്നിരുന്നാലും ഇപ്പോഴും മിക്ക ജില്ലാ ഓഫീസുകളും ഭിന്നശേഷി-വയോജന സൗഹൃദങ്ങളല്ല എന്നത് പഠനസംഘത്തിന്റെ സന്ദർശനങ്ങളിൽ നിന്നും ബോധ്യപ്പെടുകയുണ്ടായി. വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന ഈ വിഭാഗക്കാർക്ക് സുഗമമായി ഓഫീസുകളിലേയ്ക്ക് പ്രവേശിക്കാവുന്ന രീതിയിൽ റാമ്പോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ മിക്ക ഓഫീസുകളിലുമില്ല. ചില ജില്ലകളിലെങ്കിലും വകുപ്പിന്റെ ഓഫീസുകൾ കെട്ടിടങ്ങളുടെ മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇതും വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും പ്രയാസം സൃഷ്ടിക്കുന്ന സംഗതിയാണ്. വനിത-ശിശു വികസന വകുപ്പ് പ്രത്യേക വകുപ്പായെങ്കിലും ആ വകുപ്പിന്റെ ഓഫീസുകൾ ഇപ്പോഴും സാമൂഹ്യനീതി വകുപ്പിന്റെ

ഓഫീസിനുള്ളിൽത്തന്നെ പ്രവർത്തിക്കുന്ന സ്ഥലങ്ങളുമുണ്ട് (ഉദാ. തൃശ്ശൂർ, പാലക്കാട് ജില്ലാ ഓഫീസുകൾ) പരിമിതമായ സ്ഥലസൗകര്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ ഇത്തരത്തിൽ മറ്റ് വകുപ്പുകളുടെ ഓഫീസുകൾ ഇടകലർന്ന് സ്ഥിതി ചെയ്യുന്നത് ഓഫീസിന്റെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് സൃഷ്ടിക്കുകയും വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനത്തിന് ആശയക്കുഴപ്പമുണ്ടാക്കുന്നതിന് കാരണമാവുകയും ചെയ്യും. കൂടാതെ ആവശ്യക്കാരെ അതത് ഓഫീസുകളിലേയ്ക്ക് നയിക്കുന്നതിന് ജീവനക്കാർക്കും സമയം ചെലവഴിക്കേണ്ടതായി വരും .

**5.4** സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസുകൾ ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നു. അതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ശിപാർശകൾ നൽകുന്നു.

1. **ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സുഗമമായി പ്രവേശിക്കുന്നതിനായി ഓഫീസുകൾക്ക് മുന്നിലും അകത്തുമുള്ള തടസങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.**
2. **ഭിന്നശേഷി-വയോജന വിഭാഗങ്ങൾക്കായി വീൽചെയറുകൾ കയറുന്ന തരത്തിലുള്ള റാമ്പുകൾ/റെയിലുകൾ എല്ലാ ഓഫീസിലും നിർമ്മിക്കേണ്ടതാണ്.**
3. **കെട്ടിടങ്ങളുടെ മുകൾ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ കഴിവതും താഴത്തെ നിലയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**
4. **സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസിനുള്ളിൽ പ്രവർത്തിച്ച് വരുന്ന വനിത-ശിശു വികസന വകുപ്പിന്റെ ഓഫീസുകൾ അവിടങ്ങളിൽ നിന്നും മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.**

### ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കൽ

**5.5** പൊതുജന സൗഹൃദവും ജീവനക്കാർക്ക് സുഗമമമായി പ്രവർത്തിക്കാൻ കഴിയുന്നതുമായ തരത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നു. **ഫയൽ സംവിധാനം ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലേക്ക് പൂർണ്ണമായും മാറുന്ന സാഹചര്യത്തിൽ എല്ലാ ഓഫീസുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും കാലഹരണപ്പെട്ടവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മുഴുവൻ ജീവനക്കാർക്കും ഇ-ഓഫീസ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.**

**<u>ജീവനക്കാർക്ക് പരിശീലനം നൽകൽ</u>**

**5.6** ഓരോ തസ്തികയിലും നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിന് പ്രാപ്തരാക്കുന്ന തരത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകിയാൽ മാത്രമേ ഏതൊരു വകുപ്പിനും കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വയ്ക്കാൻ കഴിയുകയുള്ളൂ. സാമൂഹ്യനീതി വകുപ്പിലേക്ക് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങളൊന്നും നിലവിൽ നൽകുന്നതായി കാണുന്നില്ല.

**5.7** നിരവധി സ്കീമുകളും പോർട്ടലുകളും കൈകാര്യം ചെയ്യുന്ന വകുപ്പിലെ ജീവനക്കാർക്ക് ഇക്കാര്യത്തിൽ ശരിയായ പരിശീലനം നൽകേണ്ടതുണ്ട്. കൂടാതെ, ഓഫീസ് മാന്വൽ (MOP) പ്രകാരമുള്ള ഫയൽ പ്രോസസിങ്, രജിസ്റ്ററുകളുടെ പരിപാലനം, ജീവനക്കാരുടെ സേവന/വേതന വിഷയങ്ങൾ, ഓഫീസ് നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ച് മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിലൂടെ ഓഫീസ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും മെച്ചപ്പെട്ടതും സുതാര്യമായതുമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനും കഴിയുന്നതുമാണ്.

**5.8 സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാകുന്ന വിധത്തിൽ എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം യഥാസമയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>വെബ്സൈറ്റ്</u>**

**5.9** കാലഹരണപ്പെട്ടതും ഇപ്പോൾ വകുപ്പിൽ നിലവില്ലാത്തതുമായ പഴയ സ്കീമുകൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ ഇപ്പോഴും ഇത്തരം സ്കീമുകളിലേക്ക് ഓൺലൈനായി അപേക്ഷ ലഭിക്കുന്നുള്ളതായി കാണുന്നു. **സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും കാലഹരണപ്പെട്ട പദ്ധതികളുടേയും ഫണ്ട് ലഭ്യമല്ലാത്ത പദ്ധതികളുടേയും വിവരങ്ങൾ ഒഴിവാക്കി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, വയോജനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെടുന്നതിന് പ്രത്യേകം ഹെൽപ്പ് ലൈൻ നമ്പറുകൾ ഏർപ്പെടുത്തുകയും അവ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

# അധ്യായം - 6

# അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യത

**6.1** ഈ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പിൽ പുതുതായി സൃഷ്ടിക്കുന്നതിനായി നിർദ്ദേശിക്കപ്പെടുന്ന തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ | 245 |
| 2 | ക്ലർക്ക് | 6 |
| | ആകെ | 251 |

**6.2** വകുപ്പിന് ജില്ലാതലത്തിന് താഴെയായി ഭരണ സംവിധാനം രൂപീകരിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസറുടെ 245 തസ്തികകളും ക്ലർക്കിന്റെ 6 തസ്തികകളും സൃഷ്ടിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. ഇതോടൊപ്പം 251 സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള ശിപാർശയും നൽകിയിട്ടുണ്ട്. ഈ ശിപാർശകൾ നടപ്പിലാക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത വിശകലനം ചെയ്തിട്ടുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 251 തസ്തികകളുടെ (245+6) പ്രതിവർഷ ചെലവ് ചുവടെ ചേർക്കുന്നു. അടിസ്ഥാന ശമ്പളം, 9% നിരക്കിലുള്ള ക്ഷാമബത്ത (ഡി.എ), 7 % നിരക്കിലുള്ള വീട്ടുവാടക ബത്ത (എച്ച്.ആർ.എ) എന്നിവ ചേർത്താണ് ആകെ ശമ്പളം കണക്കാക്കിയിരിക്കുന്നത്. നിലവിൽ എച്ച്.ആർ.എ, അടിസ്ഥാന ശമ്പളത്തിന്റെ 4% മുതൽ 10% വരെയാണെങ്കിലും സ്റ്റാൻഡേർഡ് നിരക്കായി 7 % തിരഞ്ഞെടുത്താണ് ചെലവ് നിർണയിച്ചിരിക്കുന്നത്.

| തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം | ഡി.എ (9%) | എച്ച്.ആർ.എ (7%) | ആകെ ശമ്പളം | പ്രതിവർഷ ചെലവ് (രൂപ) |
|---|---|---|---|---|---|---|
| സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ | 245 | 39300 | 3537 | 2751 | 45588 | 13,40,28,720 (45588x12x245) |
| ക്ലർക്ക് | 6 | 26500 | 2385 | 1855 | 30740 | 22,13,280 (30740x12x6) |
| ആകെ | 251 | | | | | 13,62,42,000 |

**6.3** സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ (251 പേർ) നിയമിക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം | പ്രതിമാസ വേതനം (രൂപ) | പ്രതിമാസ ചെലവ് (രൂപ) | പ്രതിവർഷ ചെലവ് (രൂപ) |
|---|---|---|---|---|
| സാമൂഹ്യനീതി ഫെസിലിറ്റേറ്റർ | 251 | 20000 | 50,20,000 | 6,02,40,000 (20000x12x251) |

**6.4** സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ, ക്ലർക്ക് എന്നിവയുടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 251 തസ്തികകളുടെ പ്രതിമാസ ചെലവ് 1,13,53,500/- രൂപയും പ്രതിവർഷ ചെലവ് 13,62,42,000 രൂപയുമാണ്. സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നതിനായി പ്രതിമാസം 50,20,000 രൂപയും പ്രതിവർഷം 6,02,40,000 രൂപയും ചെലവാകുന്നതാണ്. 19,64,82,000/- (പത്തൊൻപത് കോടി അറുപത്തിനാല് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ) രൂപയാണ് ഈ ശിപാർശകൾ നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന വാർഷിക സാമ്പത്തിക ബാധ്യതയായി കണക്കാക്കുന്നത്.

# അധ്യായം - 7

# ശിപാർശകളുടെ സംഗ്രഹം (Summary of Recommendations)

1. സ്പെഷ്യൽ സ്കൂൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ നിയന്ത്രണം പൂർണ്ണമായും സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണം, പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ കൂടിയാലോചിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.9).

2. കേരള സാമൂഹ്യ സുരക്ഷാ മിഷന്റേയും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റേയും പ്രവർത്തനങ്ങൾ പൂർണമായും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി ഭരണ വകുപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.21).

3. സാമൂഹ്യനീതി വകുപ്പ് മുഖേന അപേക്ഷകൾ സ്വീകരിക്കുന്നതും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ/കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തുടങ്ങിയ ഏജൻസികൾ വഴി നടപ്പിലാക്കുന്നതുമായ വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതിനുള്ള കാരണങ്ങൾ, അർഹരായ അപേക്ഷകരുടെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന് ലഭ്യമാക്കുന്നതിന് ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.23).

4. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ 39300-83000 രൂപ ശമ്പള സ്കെയിലിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -III (Social Justice Extension Officer Grade-III) എന്ന പേരിൽ 245 തസ്തികകൾ (ബ്ലോക്ക് പഞ്ചായത്തുകൾ-152, മുനിസിപ്പാലിറ്റികൾ-87, കോർപ്പറേഷനുകൾ-6) സൃഷ്ടിക്കേണ്ടതാണ് (ഖണ്ഡിക 4.33).

5. സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസറെ സഹായിക്കുന്നതിനും ഫീൽഡ്തലത്തിൽ പ്രവർത്തിക്കുന്നതിനുമായി സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരെ നിയമിക്കേണ്ടതാണ് (ഖണ്ഡിക 4.37).

6. ആറ് കോർപ്പറേഷനുകളിൽ രണ്ട് വീതം എന്ന ക്രമത്തിൽ 12 പേരേയും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും (152 ബ്ലോക്ക് പഞ്ചായത്തുകൾ) എല്ലാ മുനിസിപ്പാലിറ്റികളിലും (87 മുനിസിപ്പാലിറ്റികൾ) ഒന്ന് വീതം എന്ന ക്രമത്തിൽ 239 പേരേയും (152+87=239) ചേർത്ത് ആകെ 251 പേരെ സാമൂഹ്യനീതി ഫെസിലിറ്റേറ്റർമാരായി കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ് (ഖണ്ഡിക 4.39).

7. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള മുഴുവൻ സർക്കാർ/സർക്കാരിതര ക്ഷേമസ്ഥാപനങ്ങളിലുമുള്ള അന്തേവാസികളുടെ പ്രതിദിന ഹാജരും പുതിയതായി പ്രവേശനം നേടുന്നവർ, ബന്ധുക്കൾക്കൊപ്പം പോകുന്നവർ, ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടവർ, സ്ഥാപനത്തിന്റെ അറിവില്ലാതെ പുറത്തു പോയവർ തുടങ്ങിയവരുടെ വിവരങ്ങളും വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു കേന്ദ്രീകൃത ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ് (ഖണ്ഡിക 4.48).

8. വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ക്ഷേമസ്ഥാപനങ്ങളിലുമായി ഒഴിഞ്ഞു കിടക്കുന്ന വിവിധ തസ്തികകൾ സ്ഥാനക്കയറ്റം/തസ്തികമാറ്റം/പി.എസ്.സി നിയമനം വഴി നികത്തുന്നതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.49).

9. സർക്കാർ ക്ഷേമസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ആവശ്യമായ എണ്ണം മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.50).

10. ജീവനക്കാർക്കു പുറമേ ആരോഗ്യ പ്രവർത്തകരുടെ സേവനവും അത്യാവശ്യമുള്ള സ്ഥാപനങ്ങളിൽ നിർദ്ദിഷ്ട യോഗ്യതയുള്ള നഴ്സുമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ് (ഖണ്ഡിക 4.51).

11. സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമസ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, കാലാവധി തുടങ്ങിയ സമഗ്രമായ വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസ് തയ്യാറാക്കുകയും അത് കൃത്യമായി നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ് (ഖണ്ഡിക 4.52).

12. പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം

നൽകുന്നതിനുള്ള പരിശോധനാ സമിതിയിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ പ്രാതിനിധ്യം കൂടി ആവശ്യമാണ്. ആ രീതിയിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.53).

13. കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിലെ 26500-60700 ശമ്പള സ്കെയിലിലുള്ള ഇൻസ്ട്രക്ടർ-പ്ലാസ്റ്റിക് വർക്ക്, ഇൻസ്ട്രക്ടർ-പോട്ടറി & മാറ്റ് വീവിംഗ് എന്നീ തസ്തികകൾ അതേ ശമ്പള സ്കെയിലുള്ള മേട്രൺ ഗ്രേഡ്-I എന്ന പേരിൽ പുനർനാമകരണം ചെയ്യാവുന്നതാണ്. ഇപ്രകാരം പുനർനാമകരണം ചെയ്യുന്ന മേട്രൺ ഗ്രേഡ്-I-ന്റെ തസ്തികകൾ പ്രത്യാശ ഭവൻ, തൃശ്ശൂർ, ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് എന്നീ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കാവുന്നതാണ് (ഖണ്ഡിക 4.57).

14. വകുപ്പ് വിഭജനത്തിന് ശേഷം വനിത-ശിശുവികസന വകുപ്പിന് കീഴിൽ ചിൽഡ്രൻസ് ഹോമുകളിലായി നിലവിലുള്ള അഞ്ച് പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികകൾ (തിരുവനന്തപുരം-1, കോട്ടയം-1, എറണാകുളം-2, തൃശ്ശൂർ-1) സാമൂഹ്യനീതി വകുപ്പിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ്(ഖണ്ഡിക 4.63).

15. പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക നിലവിലില്ലാത്ത പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ ജില്ലാ പ്രൊബേഷൻ ഓഫീസുകളിലേയ്ക്ക് ഓരോ തസ്തിക വീതം പുനർവിന്യസിക്കാവുന്നതാണ്. ഓരോ തസ്തിക വീതം മലപ്പുറം ജില്ലാ പ്രൊബേഷൻ ഓഫീസിലേയ്ക്കും ഇടുക്കി ജില്ലാ പ്രൊബേഷൻ ഓഫീസിലേയ്ക്കും പുനർവിന്യസിക്കാവുന്നതാണ് (ഖണ്ഡിക 4.64).

16. വനിത-ശിശുവികസന വകുപ്പിനായി വിട്ടു നൽകിയിട്ടുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I-ന്റെ മൂന്ന് തസ്തികകൾ സാമൂഹ്യനീതി വകുപ്പിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ്. ഇതിൽ നിന്നും ഓരോ തസ്തിക വീതം പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I തസ്തികയില്ലാത്ത ആറ്റിങ്ങൽ, മൂവാറ്റുപുഴ എന്നിവിടങ്ങളിലെ പ്രൊബേഷൻ ഓഫീസുകളിൽ വിന്യസിക്കാവുന്നതാണ്. അവശേഷിക്കുന്ന ഒരു തസ്തിക കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസിൽ നിലനിർത്താവുന്നതുമാണ് (ഖണ്ഡിക 4.66).

17. പ്രൊബേഷൻ ഓഫീസുകളിലെ ക്ലർക്ക്-ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ കാര്യത്തിൽ തൽസ്ഥിതി തുടരാവുന്നതാണ്. പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാത്ത ഓഫീസുകളിൽ സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പർമാരെ നിയമിക്കാവുന്നതാണ് (ഖണ്ഡിക 4.68).

18. ഓരോ വർഷവും പദ്ധതികൾ തയ്യാറാക്കുന്നതിന് മുന്നോടിയായി ജില്ലയിൽ നിന്നുള്ള പ്രതിനിധികളുടെ വർക്ക് ഷോപ്പ്/കോൺഫറൻസ് നടത്തി ഓരോ ജില്ലകളിലെയും ഗുണഭോക്താക്കൾക്കനുസരിച്ചുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്. കാലഘട്ടത്തിന് അനുയോജ്യമല്ലാത്തതും ഗുണഭോക്താക്കളില്ലാത്തതുമായ പദ്ധതികൾ ഒഴിവാക്കുകയും സമൂഹത്തിന് വേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞ് പുതിയവ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ് (ഖണ്ഡിക 4.71).

19. മുതിർന്ന പൗരൻമാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, മറ്റ് പാർശ്വവൽക്കരിയ്ക്കപ്പെട്ട ദുർബലജന വിഭാഗം തുടങ്ങിയ ജനവിഭാഗങ്ങളുടെ സമഗ്രമായ വിവരങ്ങൾ പുതിയതായി ശേഖരിച്ച് ഡാറ്റാബേസ് തയ്യാറാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.74).

20. സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളേയും പദ്ധതികളേയും വകുപ്പിന്റെ പ്രവർത്തനത്തേയും കുറിച്ച് ലക്ഷ്യവിഭാഗത്തിന് അവബോധം നൽകുന്നതിനായി പത്ര-ദൃശ്യ സമൂഹ മാധ്യമങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ജനപ്രതിനിധികൾ, അംഗൻവാടികൾ, സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസുകൾ തുടങ്ങിയ വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തി വിപുലമായ പ്രചാരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്(ഖണ്ഡിക 4.76).

21. ആസ്ഥാന കാര്യാലയത്തിൽ ക്ലർക്ക് / സീനിയർ ക്ലർക്കുമാരുടെ 35 തസ്തികകൾ ഉള്ളതിനാൽ 27 ക്ലർക്ക് തസ്തികകൾ നിലനിർത്താവുന്നതും ബാക്കിയുള്ള 8 തസ്തികകൾ ഒന്ന് വീതം എന്ന ക്രമത്തിൽ എട്ട് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കാവുന്നതുമാണ് (ഖണ്ഡിക 4.79).

22. ജില്ലാ ഓഫീസുകളിൽ കൈകാര്യം ചെയ്യാവുന്ന ജില്ലാതല നിയമനങ്ങളും അതുമായി ബന്ധപ്പെട്ട സർവീസ് കാര്യങ്ങളും, ജില്ലാതല സ്ഥലംമാറ്റം തുടങ്ങിയ വിഷയങ്ങളും ജില്ലാ ഓഫീസുകൾക്ക് കൈമാറേണ്ടതാണ് (ഖണ്ഡിക 4.80).

23. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും നിലവിലുള്ള ക്ലർക്ക് തസ്തികകൾക്കു പുറമേ ഒരു ക്ലർക്ക് തസ്തിക വീതം അധികമായി അനുവദിക്കേണ്ടതാണ് (ആകെ 14 തസ്തികകൾ). ആസ്ഥാന കാര്യാലയത്തിൽ അധികമായി കണ്ടെത്തിയ 8 ക്ലർക്ക് തസ്തികകൾ 8 ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലേക്ക് പുനർവിന്യസിക്കാവുന്നതും ശേഷിക്കുന്ന 6 തസ്തികകൾ പുതിയതായി സൃഷ്ടിക്കാവുന്നതുമാണ് (ഖണ്ഡിക 4.83).

24. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ചില ചുമതലകൾ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിക്ഷിപ്തമാക്കാവുന്നതാണ് (ഖണ്ഡിക 4.87).

25. വ്യക്തമായ ആസൂത്രണത്തിലൂടെയും കാലഹരണപ്പെട്ട പദ്ധതികൾ ഒഴിവാക്കിക്കൊണ്ടും കാലികമായി പദ്ധതികൾ നവീകരിച്ചും വകുപ്പിന് ലഭ്യമാകുന്ന പദ്ധതി വിഹിതം പൂർണമായി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.90).

26. 'സുനീതി' പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനുമായി പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.95).

27. നിലവിൽ വാഹനമില്ലാത്ത ജില്ലാ ഓഫീസുകളിലും പ്രൊബേഷൻ ഓഫീസുകളിലും വാഹനം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്ന സംവിധാനം അവലംബിക്കാവുന്നതാണ് (ഖണ്ഡിക 4.97).

28. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളിൽ വാഹനം മാത്രം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.(ഖണ്ഡിക 4.99).

29. സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള 12 ഡ്രൈവർ തസ്തികകളിൽ നിന്നും ആസ്ഥാന കാര്യാലയത്തിലെ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റിന്റെ 2 തസ്തികകളും എറണാകുളം ജില്ലാ ഓഫീസിലെ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റിന്റെ ഒരു തസ്തികയും (ആകെ മൂന്ന് തസ്തികകൾ) മാത്രം നിലനിർത്താവുന്നതാണ്.

അവശേഷിക്കുന്ന 9 ഡ്രൈവർ തസ്തികകൾ വാനിഷിംഗ് തസ്തികകളായി മാറ്റാവുന്നതും നിലവിലെ ഡ്രൈവർമാർ വിരമിക്കുന്ന മുറയ്ക്ക് ഈ തസ്തികകൾ നിർത്തലാക്കാവുന്നതുമാണ് (ഖണ്ഡിക 4.101)

30. പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II/ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ ശമ്പള സ്കെയിലിന് (43400-91200) സമാനമായ സ്കെയിലിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II എന്ന തസ്തികയും സൂപ്രണ്ട് ഗ്രേഡ് -I/ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികകളുടെ ശമ്പള സ്കെയിലിന് (50200-105300) സമാനമായ സ്കെയിലിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I എന്ന തസ്തികയും സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-III തസ്തികയുടെ പ്രമോഷൻ തസ്തികകളായി നിശ്ചയിക്കാവുന്നതാണ്. നിർദ്ദേശിക്കപ്പെട്ട 245 തസ്തികകളിൽ നിന്നും 6:3:1 എന്ന അനുപാതത്തിൽ ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാവുന്നതുമാണ് (ഖണ്ഡിക 4.104).

31. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I, സീനിയർ സൂപ്രണ്ട്, സൂപ്രണ്ട് ഗ്രേഡ്-I, സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I എന്നീ തസ്തികകളുടെ അംഗബലത്തിന് ആനുപാതികമായി ഉചിതമായ സ്ഥാനക്കയറ്റ അനുപാതം നിശ്ചയിച്ച് കൊണ്ടുള്ള വ്യവസ്ഥകൾ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 4.108).

32. സാമൂഹ്യനീതി വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി ജില്ലാ ഓഫീസുകളിലെ ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് എന്നീ വിഭാഗം ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ് (ഖണ്ഡിക 5.2).

33. സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസുകൾ ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഓഫീസിലേയ്ക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനായി തടസങ്ങൾ നീക്കുക, റാമ്പുകൾ/റെയിലുകൾ എന്നിവ നിർമ്മിക്കുക, ഓഫീസുകൾ കെട്ടിടങ്ങളുടെ താഴത്തെ നിലയിലേക്ക് മാറ്റുക, വകുപ്പിന്റെ ഓഫീസിനുള്ളിൽ പ്രവർത്തിക്കുന്ന വനിത-ശിശു വികസന വകുപ്പിന്റെ ഓഫീസുകൾ

അവിടങ്ങളിൽ നിന്നും മാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 5.4).

34. ഫയൽ സംവിധാനം ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലേക്ക് പൂർണ്ണമായും മാറുന്ന സാഹചര്യത്തിൽ എല്ലാ ഓഫീസുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും കാലഹരണപ്പെട്ടവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മുഴുവൻ ജീവനക്കാർക്കും ഇ-ഓഫീസ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ് (ഖണ്ഡിക 5.5).

35. സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാകുന്ന വിധത്തിൽ എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം യഥാസമയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക 5.8).

36. സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും കാലഹരണപ്പെട്ട പദ്ധതികളുടേയും ഫണ്ട് ലഭ്യമല്ലാത്ത പദ്ധതികളുടേയും വിവരങ്ങൾ ഒഴിവാക്കി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, വയോജനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെടുന്നതിന് പ്രത്യേകം ഹെൽപ്പ് ലൈൻ നമ്പറുകൾ ഏർപ്പെടുത്തുകയും അവ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ് (ഖണ്ഡിക 5.9).

## <u>കൃതജ്ഞത</u>
## <u>(Acknowledgement)</u>

ഈ പ്രവൃത്തിപഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് പൂർണ്ണ സഹകരണം നല്കിയ സാമൂഹ്യനീതി വകുപ്പിലെ അധികാരികളോടും ജീവനക്കാരോടും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.


(ഒപ്പ്)
പുനീത് കുമാർ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

തിരുവനന്തപുരം
തീയതി : 24.08.2024

# അനുബന്ധ സൂചിക

| ക്രമ നമ്പർ | വിവരം |
|---|---|
| അനുബന്ധം I | സാമൂഹ്യനീതി വകുപ്പിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിലവിലുള്ളത്) |
| അനുബന്ധം II | സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ |
| അനുബന്ധം III | സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച പട്ടിക |
| അനുബന്ധം IV | സാമൂഹ്യനീതി വകുപ്പിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കപ്പെട്ടത്) |

# Social Justice Department-Directorate Level Administration



## സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | തസ്തിക | ഡയറക്ടറേറ്റ് | ജില്ലാ സാമൂഹ്യ നീതി ഓഫീസ് | പ്രൊബേഷൻ ഓഫീസ് | സ്ഥാപനങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1 | ഡയറക്ടർ | 1 | | | | 1 |
| 2 | അഡീഷണൽ ഡയറക്ടർ | 1 | | | | 1 |
| 3 | ജോയിന്റ് ഡയറക്ടർ | 1 | | | | 1 |
| 4 | അസിസ്റ്റന്റ് ഡയറക്ടർ | 3 | | | | 3 |
| 5 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | | | | 1 |
| 6 | ഫിനാൻസ് ഓഫീസർ | 1 | | | | 1 |
| 7 | ലാ ഓഫീസർ | 1 | | | | 1 |
| 8 | ജില്ലാ സാമൂഹ്യനീതി ഓഫീസർ | | 14 | | | 14 |
| 9 | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I | | | 17 | | 17 |
| 10 | സീനിയർ സൂപ്രണ്ട് | 4 | 14 | | | 18 |
| 11 | ജൂനിയർ സൂപ്രണ്ട് | 6 | 14 | | | 20 |
| 12 | ഫെയർകോപ്പി സൂപ്രണ്ട് | 1 | | | | 1 |
| 13 | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II | | | 23 | | 23 |
| 14 | സൂപ്രണ്ട് ഗ്രേഡ് I | | | | 20 | 20 |
| 15 | സൂപ്രണ്ട് ഗ്രേഡ് II | | | | 5 | 5 |
| 16 | സൂപ്രണ്ട് ഗ്രേഡ് III | | | | 3 | 3 |
| 17 | ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലർക്ക് | 1 | 14 | | | 15 |
| 18 | സീനിയർ ക്ലർക്ക് | 27 | 14 | | | 41 |
| 19 | ക്ലർക്ക് | 8 | 14 | | | 22 |
| 20 | ക്ലർക്ക്-ടൈപ്പിസ്റ്റ് | 2 | | 16 | 2 | 20 |
| 21 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 | | | | 2 |
| 22 | ടൈപ്പിസ്റ്റ് | 6 | 14 | | | 20 |
| 23 | ഡ്രൈവർ | 5 | 7 | | | 12 |
| 24 | ഓഫീസ് അറ്റൻഡന്റ് | 11 | 14 | 16 | 30 | 71 |

| | | | | | | |
|---|---|---|---|---|---|---|
| 25 | വാച്ച്മാൻ | 1 | | | 33 | 34 |
| 26 | വാച്ച് വുമൺ | | | | 11 | 11 |
| 27 | മേട്രൺ ഗ്രേഡ് I | | | | 13 | 13 |
| 28 | കുക്ക് | | | | 40 | 40 |
| 29 | ആയ | | | | 33 | 33 |
| 30 | മെയിൽ അറ്റൻഡന്റ് | | | | 12 | 12 |
| 31 | ഫീമെയിൽ അറ്റൻഡന്റ് | | | | 9 | 9 |
| 32 | ക്ലറിക്കൽ അറ്റൻഡർ | 2 | | | | 2 |
| 33 | ബൈന്റർ | 1 | | | | 1 |
| 34 | അറ്റൻഡർ | 1 | | | | 1 |
| 35 | പാർട്ട് ടൈം സ്വീപ്പർ | 1 | 8 | 9 | 12 | 30 |
| 36 | സ്പെഷ്യൽ ടീച്ചർ | | | | 1 | 1 |
| 37 | നഴ്സറി ടീച്ചർ | | | | 1 | 1 |
| 38 | സോഷ്യൽ എജ്യൂക്കേഷണൽ അസിസ്റ്റന്റ് | | | | 1 | 1 |
| 39 | സൂപ്പർവൈസർ വി.ടി.സി | | | | 2 | 2 |
| 40 | സീനിയർ ഇൻസ്ട്രക്ടർ | | | | 1 | 1 |
| 41 | ഇൻസ്ട്രക്ടർ ബുക്ക് ബൈൻഡിംഗ് | | | | 2 | 2 |
| 42 | ഇൻസ്ട്രക്ടർ ടെയ്ലറിംഗ് & എംബ്രോയ്ഡറി | | | | 1 | 1 |
| 43 | ഇൻസ്ട്രക്ടർ ലെതർ വർക്ക്സ് | | | | 1 | 1 |
| 44 | സോഷ്യൽ സയന്റിസ്റ്റ് | | | | 1 | 1 |
| 45 | പാർട്ട് ടൈം ടെയിലറിംഗ് ഇൻസ്ട്രക്ടർ | | | | 1 | 1 |
| 46 | ഇൻസ്ട്രക്ടർ പ്ലാസ്റ്റിക്ക് വർക്ക്സ് | | | | 1 | 1 |
| 47 | ഇൻസ്ട്രക്ടർ പോട്ടറി & മാറ്റ് വിവിങ് | | | | 1 | 1 |
| 48 | ഇൻസ്ട്രക്ടർ പ്രിന്റിംഗ് | | | | 1 | 1 |
| 49 | ഹൗസ് മാസ്റ്റർ | | | | 1 | 1 |
| | ആകെ | 88 | 127 | 81 | 239 | 535 |

**അനുബന്ധം - III**

## സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച പട്ടിക

## സാമൂഹ്യനീതി ഡയറക്ടറേറ്റ്

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | ഡയറക്ടർ | 1 |
| 2. | അഡീഷണൽ ഡയറക്ടർ | 1 |
| 3. | ജോയിന്റ് ഡയറക്ടർ | 1 |
| 4. | അസിസ്റ്റന്റ് ഡയറക്ടർ | 3 |
| 5. | ഫിനാൻസ് ഓഫീസർ | 1 |
| 6. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 7. | ലോ ഓഫീസർ | 1 |
| 8. | സീനിയർ സൂപ്രണ്ട് | 4 |
| 9. | ജൂനിയർ സൂപ്രണ്ട് | 6 |
| 10. | ഫെയർകോപ്പി സൂപ്രണ്ട് | 1 |
| 11. | ഹെഡ് അക്കൗണ്ടന്റ് | 1 |
| 12. | സീനിയർ ക്ലർക്ക് | 27 |
| 13. | ക്ലർക്ക് | 8 |
| 14. | ടൈപ്പിസ്റ്റ് | 6 |
| 15. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| 16. | ഡ്രൈവർ | 5 |
| 17. | ഓഫീസ് അറ്റൻഡന്റ് | 11 |
| 18. | ക്ലറിക്കൽ അറ്റൻഡന്റ് | 1 |
| 19. | വാച്ച്മാൻ | 1 |
| 20. | പാർട്ട് ടൈം സ്വീപ്പർ | 1 |
| 21. | ബൈന്റർ | 1 |
| 22. | അറ്റൻഡർ | 1 |
| | ആകെ | 85 |

# ജില്ലാ സാമൂഹ്യനീതി ഓഫീസ്

| ക്രമ നം | തസ്തിക | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | സീനിയർ സൂപ്രണ്ട് | ജൂനിയർ സൂപ്രണ്ട് | ഹെഡ് അക്കൗണ്ടന്റ് | സീനിയർ ക്ലർക്ക് | ക്ലർക്ക് | ടൈപ്പിസ്റ്റ് | ഓഫീസ് അറ്റൻഡന്റ് | ഡ്രൈവർ |
|---|---|---|---|---|---|---|---|---|---|---|
| 1. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, തിരുവനന്തപുരം | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 2. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, കൊല്ലം | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |
| 3. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, പത്തനംതിട്ട | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |
| 4. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, ആലപ്പുഴ | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |
| 5. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോട്ടയം | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |
| 6. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, ഇടുക്കി | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 7. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, എറണാകുളം | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 8. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, തൃശ്ശൂർ | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |
| 9. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 10. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | മലപ്പുറം | | | | | | | | | |
| 11. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, വയനാട് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 12. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോഴിക്കോട് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| 13. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, കണ്ണൂർ | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 |
| 14. | ജില്ലാ സാമൂഹ്യനീതി ഓഫീസ്, കാസർഗോഡ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | ആകെ | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 7 |

## പ്രൊബേഷൻ ഓഫീസ്

| ക്രമ നമ്പർ | തസ്തിക | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II | ക്ലർക്ക് ടൈപ്പിസ്റ്റ് | ഓഫീസ് അറ്റൻഡന്റ് | പാർട്ട് ടൈം സ്വീപ്പർ |
|---|---|---|---|---|---|---|
| 1. | പ്രൊബേഷൻ ഓഫീസ്, തിരുവനന്തപുരം | 1 | 2 | 1 | 1 | 0 |
| 2. | പ്രൊബേഷൻ ഓഫീസ്, ആറ്റിങ്ങൽ | 0 | 1 | 1 | 1 | 1 |
| 3. | പ്രൊബേഷൻ ഓഫീസ്, കൊല്ലം | 1 | 2 | 1 | 1 | 0 |
| 4. | പ്രൊബേഷൻ ഓഫീസ്, പത്തനംതിട്ട | 1 | 0 | 1 | 1 | 0 |
| 5. | പ്രൊബേഷൻ ഓഫീസ്, ആലപ്പുഴ | 1 | 2 | 1 | 1 | 1 |
| 6. | പ്രൊബേഷൻ ഓഫീസ്, കോട്ടയം | 1 | 1 | 1 | 1 | 1 |
| 7. | പ്രൊബേഷൻ ഓഫീസ്, ഇടുക്കി | 1 | 1 | 1 | 1 | 1 |
| 8. | പ്രൊബേഷൻ ഓഫീസ്, എറണാകുളം | 1 | 1 | 1 | 1 | 1 |

| | | | | | | |
|---|---|---|---|---|---|---|
| 9. | പ്രൊബേഷൻ ഓഫീസ്, മൂവാറ്റുപുഴ | 0 | 1 | 1 | 1 | 1 |
| 10. | പ്രൊബേഷൻ ഓഫീസ്, തൃശൂർ | 1 | 1 | 1 | 1 | 0 |
| 11. | പ്രൊബേഷൻ ഓഫീസ്, പാലക്കാട് | 1 | 2 | 1 | 1 | 1 |
| 12. | പ്രൊബേഷൻ ഓഫീസ്, മലപ്പുറം | 1 | 1 | 1 | 1 | 1 |
| 13. | പ്രൊബേഷൻ ഓഫീസ്, വയനാട് | 1 | 0 | 1 | 1 | 0 |
| 14. | പ്രൊബേഷൻ ഓഫീസ്, കോഴിക്കോട് | 1 | 2 | 1 | 1 | 0 |
| 15. | പ്രൊബേഷൻ ഓഫീസ്, കണ്ണൂർ | 1 | 1 | 1 | 1 | 1 |
| 16. | പ്രൊബേഷൻ ഓഫീസ്, കാസർഗോഡ് | 1 | 0 | 1 | 1 | 0 |
| | ആകെ | 14 | 18 | 16 | 16 | 9 |

## ഗ്രേഡ് I ഇൻസ്റ്റിറ്റ്യൂഷൻ

| ക്രമ നം. | തസ്തിക | സൂപ്രണ്ട് ഗ്രേഡ് I | മേട്രൺ ഗ്രേഡ് I | സ്പെഷ്യൽ ടീച്ചർ | ക്ലർക്ക് ടൈപ്പിസ്റ്റ് | ഓഫീസ് അറ്റൻഡന്റ് | വാച്ച് മാൻ | വാച്ച് വുമൺ | മെയിൽ അറ്റൻഡർ | ഫീമെയിൽ അറ്റൻഡർ | നഴ്സറി ടീച്ചർ | കുക്ക് | ആയ | പാർട്ട് ടൈം സ്വീപ്പർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | കെയർ ഹോം, തിരുവനന്തപുരം | 1 | 1 | | 1 | 1 | 2 | | 2 | | | 2 | 4 | |
| 2. | ഗവ. ഓൾഡ് ഏജ് ഹോം, കൊല്ലം | 1 | 1 | | 0 | 1 | 2 | | 1 | 1 | | 2 | | 1 |
| 3. | ഗവ. ഓൾഡ് ഏജ് ഹോം, പത്തനംതിട്ട | 1 | 1 | | 0 | 1 | 2 | | 1 | 1 | | 2 | | |
| 4. | ഗവ. ഓൾഡ് ഏജ് ഹോം, കോട്ടയം | 1 | 1 | | 0 | 1 | 1 | | 1 | 1 | | 2 | | |
| 5. | ഗവ. ഓൾഡ് | 1 | 1 | | 0 | 1 | 2 | | 1 | 1 | | 2 | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഏജ് ഹോം, എറണാകുളം | | | | | | | | | | | | | |
| 6. | ഗവ. ഓൾഡ് ഏജ് ഹോം, തൃശ്ശൂർ | 1 | 1 | | 0 | 1 | 2 | | 1 | 1 | | 2 | | |
| 7. | ഗവ. ഓൾഡ് ഏജ് ഹോം, മലപ്പുറം | 1 | 1 | | 0 | 1 | 2 | | 1 | 1 | | 2 | | |
| 8. | ഗവ. ഓൾഡ് ഏജ് ഹോം, കോഴിക്കോട് | 1 | 1 | | 0 | 1 | 2 | | 1 | 1 | | 2 | | 1 |
| 9. | ഗവ. ഓൾഡ് ഏജ് ഹോം, കണ്ണൂർ | 1 | 1 | | 0 | 1 | 2 | | 1 | 1 | | 2 | | 1 |
| 10. | ഗവ. ഓൾഡ് ഏജ് ഹോം, കാസർഗോഡ് | 1 | 1 | | 0 | 1 | 1 | | 1 | 1 | | 2 | | |
| 11. | ആശാഭവൻ (വുമൺ), പൂജപ്പുര, തിരുവനന്തപുരം | 1 | 1 | | 0 | 1 | 1 | 2 | | | | 1 | | |
| 12. | ആശാഭവൻ (മെൻ), എറണാകുളം | 1 | 1 | | 0 | 1 | 1 | | | | | 1 | | |
| 13. | ആശാഭവൻ (വുമൺ), തൃശ്ശൂർ, | 1 | | | 0 | 1 | 1 | 2 | | | | 1 | 2 | |
| 14. | ആശാഭവൻ (വുമൺ), കോഴിക്കോട് | 1 | | | 0 | 1 | 1 | 2 | | | | 1 | 2 | 1 |
| 15. | ഹോം, ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് ഇടുക്കി | 1 | | | 0 | 1 | 1 | | | | | 1 | 4 | 1 |
| 16. | ഹോം, ഫിസിക്കലി | 1 | | | 0 | 1 | 0 | 2 | | | | 1 | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഹാൻഡി ക്യാപ്പ്ഡ്, എറണാകുളം | | | | | | | | | | | | | |
| 17. | ഓൾഡ് ഏജ് ഹോം, ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് വയനാട് | 1 | | | 0 | 1 | 1 | | | | | 1 | 2 | |
| 18. | ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് കോഴിക്കോട് | 1 | | | 0 | 1 | 1 | | | | | 1 | 0 | 1 |
| 19 | പ്രതീക്ഷ ഭവൻ, മലപ്പുറം | 1 | | | 0 | 1 | 1 | | 1 | | | 1 | 2 | 1 |
| 20 | ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് | 1 | | 1 | 1 | 1 | 2 | | | | 1 | 2 | 3 | 1 |
| | ആകെ | 20 | 12 | 1 | 2 | 20 | 28 | 8 | 12 | 9 | 1 | 31 | 21 | 8 |

## <u>ഗ്രേഡ് II ഇൻസ്റ്റിറ്റ്യൂഷൻ</u>

| ക്രമ നം | തസ്തിക | സൂപ്രണ്ട് ഗ്രേഡ് II | കുക്ക് | ആയ | ഓഫീസ് അറ്റൻഡന്റ് | വാച്ച് മാൻ | ഹൗസ് മാസ്റ്റർ | പാർട്ട് ടൈം സ്വീപ്പർ |
|---|---|---|---|---|---|---|---|---|
| 1. | ആശാഭവൻ (മെൻ), തിരുവനന്തപുരം | 1 | 1 | 2 | 1 | 1 | 0 | 0 |
| 2. | ആശാഭവൻ (മെൻ), കോഴിക്കോട് | 1 | 2 | 0 | 1 | 1 | 1 | 0 |
| 3. | ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് ആലപ്പുഴ | 1 | 1 | 2 | 1 | 1 | 0 | 1 |
| 4. | ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് പാലക്കാട് | 1 | 1 | 2 | 1 | 1 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5. | കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ, ആലപ്പുഴ | 1 | 1 | 1 | 1 | 1 | 0 | 1 |
| | ആകെ | 5 | 6 | 7 | 5 | 5 | 1 | 2 |

## ഗ്രേഡ് III ഇൻസ്റ്റിറ്റ്യൂഷൻ

| ക്രമ നം | തസ്തിക | ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് (വുമൺ) തിരുവനന്തപുരം | ഡേ കെയർ സെന്റർ ആന്റ് ഓൾഡ് ഏജ് ഹോം (വുമൺ), തിരുവനന്തപുരം | പ്രത്യാശ ഭവൻ, തൃശ്ശൂർ | ആകെ |
|---|---|---|---|---|---|
| 1. | സൂപ്രണ്ട് ഗ്രേഡ് II | 1 | 1 | 1 | 3 |
| 2. | മേട്രൺ ഗ്രേഡ് II | 0 | 1 | 0 | 1 |
| 3. | പാർട്ട് ടൈം ടെയില റിംഗ് ഇൻസ്ട്രക്ടർ | 1 | 0 | 0 | 1 |
| 4. | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 3 |
| 5. | വാച്ച് വുമൺ | 1 | 1 | 1 | 3 |
| 6. | കുക്ക് | 1 | 1 | 1 | 3 |
| 7. | ആയ | 1 | 2 | 2 | 5 |
| | ആകെ | 6 | 7 | 6 | 19 |


## വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ

| ക്രമ നം | തസ്തിക | വി.ടി.സി, തിരുവനന്തപുരം | വി.ടി.സി, കോഴിക്കോട് | ആകെ |
|---|---|---|---|---|
| 1. | സൂപ്പർവൈസർ | 1 | 1 | 2 |
| 2. | സീനിയർ ഇൻസ്ട്രക്ടർ | 1 | 0 | 1 |
| 3. | ഇൻസ്ട്രക്ടർ ബുക്ക് ബൈൻഡിംഗ് | 1 | 1 | 2 |
| 4. | ഇൻസ്ട്രക്ടർ ടെയ്ലറിംഗ് | 1 | 0 | 1 |
| 5. | ഇൻസ്ട്രക്ടർ ലെതർ വർക്ക്സ് | 0 | 1 | 1 |
| 6. | സോഷ്യൽ സയൻസ് ടീച്ചർ | 1 | 0 | 1 |
| 7. | ഇൻസ്ട്രക്ടർ പ്ലാസ്റ്റിക്ക് വർക്ക്സ് | 0 | 1 | 1 |
| 8. | ഇൻസ്ട്രക്ടർ പോട്ടറി & മാറ്റ് വീവിംഗ് | 0 | 1 | 1 |

| | | | | |
|---|---|---|---|---|
| 9. | ഇൻസ്ട്രക്ടർ പ്രിന്റിങ് | 1 | 0 | 1 |
| 10. | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 2 |
| 11. | പാർട്ട് ടൈം സ്വീപ്പർ | 1 | 1 | 2 |
| | ആകെ | 8 | 7 | 15 |

**അനുബന്ധം - IV**

## സാമൂഹ്യനീതി വകുപ്പിന്റെ ഓർഗനൈസേഷൻ ചാർട്ട് (നിർദ്ദേശിക്കുന്നത്)



കേരള സർക്കാർ
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-6) വകുപ്പ്